ഭൂമിയുടെ അതിർത്തികൾവരെ രക്ഷ
എത്തിച്ചുകൊടുക്കാൻ ജനതകൾക്കു ദീപമായി
നിന്നെ സ്ഥാപിച്ചിരിക്കുന്നു (ഏശയ്യ 49, 6).

വാല്യം 04 ജൂലൈ 2021 ലക്കം 07

# ഗിരിദീപം

## തലശ്ശേരി അതിരൂപതയുടെ മുഖപത്രം

curiaadtly@gmail.com
www.archdioceseoftellicherry.org
www.ephphatharadio.com
0490 - 2342440

# ഉള്ളടക്കം


1. ഇടയലേഖനം Prot. No.0671/2021 ............ 05
2. സർക്കുലർ യുവജനദിനം ............ 13
3. കച്ചേരിക്കാര്യം ............ 17
4. അനുസ്മരണം ഫാ. ജോർജ് വണ്ടർകുന്നേൽ ............ 21
5. അനുസ്മരണം ഫാ. മാത്യു തെക്കേക്കുളം ............ 24
6. സെമിനാരി വാർത്തകൾ ............ 26
7. വിശ്വാസപരിശീലനം ............ 29
8. ചെറുപുഷ്പ മിഷൻലീഗ് ............ 36
9. തിരുബാലസഖ്യം ............ 43
10. യുവജനശുശ്രൂഷ ............ 45
11. കുടുംബപ്രേഷിതത്വം ............ 51
12. വിദ്യാഭ്യാസ ഏജൻസി ............ 57
13. വിമൽജ്യോതി വാർത്തകൾ ............ 60
14. സാൻജോസ് അക്കാഡമി ............ 61
15. നിർമ്മലഗിരി വാർത്തകൾ ............ 63
16. മദ്യവിരുദ്ധ പ്രസ്ഥാനം ............ 68
17. സാമൂഹ്യസേവനവേദി ............ 70
18. ADAM ............ 75
19. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) ............ 76
20. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) ............ 79

Prot. No.0671/2021

## ഇടയലേഖനം

# സഭാദിനം ദുക്റാനതിരുനാൾ

സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.

കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ
ഉണ്ടായിരിക്കട്ടെ!

ഈശോമിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

ജൂലൈ മൂന്ന് വലിയ ഒരു ഓർമ ഉണർത്തുന്ന ദിവസമാണ്. ഭാരതത്തിന്റെ അപ്പസ്തോലനായ മാർതോമാശ്ലീഹായുടെ ഓർമ. ദുക്റാനതിരുനാൾ എന്നാണല്ലോ നാം അതിനെ വിശേഷിപ്പിക്കുന്നത്. ദുക്റാന എന്ന വാക്കിന്റെ അർത്ഥം ഓർമ എന്നാണ്. 2013 മുതൽ ദുക്റാനതിരുനാൾ സഭാദിനമായും നമ്മൾ ആഘോഷിക്കുന്നുണ്ട്. ഈ വർഷത്തെ സഭാദിനവും കഴിഞ്ഞ വർഷത്തേതുപോലെ കോവിഡ്-19ന്റെ പശ്ചാത്തലത്തിലാണ് ആഘോഷിക്കേണ്ടിവരുന്നത്.

### മഹാമാരിയുടെ പശ്ചാത്തലം

കോവിഡ്-19ന്റെ ഒന്നാം തരംഗത്തെ ഇന്ത്യ ഏറെക്കുറെ വിജയകരമായി നേരിട്ടു. എന്നാൽ രണ്ടാം തരംഗം കൂടുതൽ പേരുടെ മരണത്തിനു കാരണമായി. ഔദ്യോഗിക കണക്കനുസരിച്ചു ഇതിനകം ഭാരതത്തിൽ 387000 ത്തോളം ആളുകൾ കോവിഡ്-19 മൂലം മരണപ്പെട്ടിട്ടുണ്ട്. ഇതിൽ 12000ൽ അധികംപേർ കേരളത്തിൽ നിന്നുതന്നെയാണ്. മരണമടഞ്ഞവരെയും അവരുടെ കുടുംബങ്ങളെയും നമുക്കു ദൈവതൃക്കരങ്ങളിൽ സമർപ്പിക്കാം. മരണം സംഭവിച്ചില്ലെങ്കിലും കോവിഡ് ബാധമൂലം ഉണ്ടായ ആരോഗ്യപ്രശ്നങ്ങളാൽ ക്ലേശിക്കുന്നവർ അനേകരുണ്ട്. കോവിഡിന്റെ മൂന്നാമതൊരു തരംഗത്തെക്കുറിച്ചുള്ള മുന്നറിയിപ്പുകൾ മാധ്യമങ്ങളിലൂടെ നമുക്കു ലഭിക്കുന്നുണ്ട്. മൂന്നാംതരംഗത്തിൽ കുട്ടികളെ ഈ രോഗം കൂടുതൽ ബാധിക്കാൻ സാധ്യതയുണ്ടെന്നു പറയപ്പെടുന്നു. കോവിഡ് വാക്സിൻ സ്വീകരിച്ച് എല്ലാവരും

പ്രതിരോധശക്തി ഉള്ളവരായിരിക്കുക എന്നതാണ് നമുക്കിപ്പോൾ ചെയ്യാനുള്ളത്. അതിനായി സർക്കാരുകൾ മുന്നോട്ടുവയ്ക്കുന്ന പദ്ധതികളോട് എല്ലാവരും ആത്മാർത്ഥമായി സഹകരിക്കണം.

കോവിഡ് നിർമാർജനത്തിനായി ജീവൻപോലും പണയംവച്ചു പ്രവർത്തിക്കുന്ന അനേകരുണ്ട്. ഡോക്ടർമാരെയും നഴ്സുമാരെയും മറ്റ് ആരോഗ്യപ്രവർത്തകരെയും സമർപ്പിതരെയും നമുക്കു നന്ദിപൂർവ്വം സ്മരിക്കാം. രോഗീപരിചരണത്തിനിടയിൽ ജീവഹാനി സംഭവിച്ച ആരോഗ്യപ്രവർത്തകർക്കു നമുക്ക് ആദരാഞ്ജലികൾ അർപ്പിക്കാം. സന്നദ്ധസംഘങ്ങളായി പ്രവർത്തിക്കുന്ന വൈദികരും സമർപ്പിതരും യുവതീയുവാക്കളും നമ്മുടെ പ്രത്യേക പ്രശംസയർഹിക്കുന്നു. കോവിഡ് രോഗംമൂലം ഇതിനകം ഇന്ത്യയിൽ നാല് മെത്രാന്മാരും 500 ലധികം വൈദികരും സമർപ്പിതരും മരണം പ്രാപിച്ചിട്ടുണ്ട്. കാരുണ്യവാനായ കർത്താവ് അവരുടെ സമർപ്പണത്തിനു പ്രതിഫലം നൽകട്ടെ. മരണമടഞ്ഞ മെത്രാന്മാരിൽ ഒരാൾ സാഗർ രൂപതയുടെ മുൻ അദ്ധ്യക്ഷനായ അഭിവന്ദ്യ ജോസ്ഫ് പാസ്റ്റർ നീലങ്കാവിൽ പിതാവാണ്. അഭിവന്ദ്യ പിതാവിന്റെ ആത്മാവിനു നിത്യശാന്തി നേരുന്നു.

കേരളത്തിനു പുറത്തുള്ള സംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലുമുള്ള നമ്മുടെ രൂപതകൾ കോവിഡുകാലത്തു വലിയ പ്രതിസന്ധികളിലൂടെയാണു കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. വിദേശ രാജ്യങ്ങളിൽ കോവിഡ് ഇപ്പോൾ നിയന്ത്രണ വിധേയമാണല്ലോ. ഭാരതത്തിലെ നമ്മുടെ മിഷൻ രൂപതകൾ കോവിഡു പ്രതിരോധപ്രവർത്തനങ്ങളിൽ വളരെ സജീവമാണ് എന്ന് എടുത്തുപറയേണ്ടിയിരിക്കുന്നു. അഭിവന്ദ്യ പിതാക്കന്മാരും വൈദികരും സമർപ്പിതരും അല്മായ നേതാക്കളും വലിയ പ്രതിബദ്ധതയോടെയാണ് ഈ രംഗത്ത് പ്രവർത്തിക്കുന്നത്. നമ്മുടെ പ്രാർഥന ഏവർക്കും ശക്തിയും സംരക്ഷണവും നൽകട്ടെ.

**മാർ തോമാ ചൈതന്യവും മാതൃകയും**

ഈ കോവിഡ് കാലത്തു മാർ തോമാശ്ലീഹായിൽനിന്നു നമുക്കു സ്വീകരിക്കാവുന്ന പ്രചോദനം എന്താണ് എന്നു ചിന്തിക്കുന്നതു നന്നായിയിരിക്കും. പന്തക്കുസ്തായിൽ പരിശുദ്ധാത്മാഭിഷേകം സ്വീകരിച്ച ശിഷ്യന്മാർ കൂടുതൽ ശക്തി നേടി സുവിശേഷപ്രഘോഷകരും സാക്ഷികളുമായി മാറിയല്ലോ. അതേ പരിശുദ്ധാത്മ ചൈതന്യത്തിലാണു തോമാശ്ലീഹാ ഇന്ത്യയിൽ വന്നു സുവിശേഷം പ്രസംഗിച്ചതും

ക്രൈസ്തവസമൂഹങ്ങൾക്കു രൂപം കൊടുത്തതും. അന്നത്തെ പലസ്തീനായിൽനിന്ന് ഇന്ത്യവരെയുള്ള യാത്രയും ഇന്ത്യയിലെ പ്രവർത്തനങ്ങളും തോമാശ്ലീഹാ നിർവഹിച്ചത് എങ്ങനെയെന്നു നമുക്ക് ഊഹിക്കാനേ സാധിക്കൂ. അടുത്തകാല ഗവേഷണങ്ങളുടെ വെളിച്ചത്തിൽ തോമാശ്ലീഹാ ഭാരതത്തിലേക്കു രണ്ട് യാത്രകൾ നടത്തിയതായി അനുമാനിക്കാൻ കഴിയും. ഒന്നാമത്തേത്, കരമാർഗം ഉത്തരഭാരതത്തിലേക്കും രണ്ടാമത്തേത് കടൽമാർഗം കേരളത്തിലേയ്ക്കും. തോമാശ്ലീഹായുടെ ഈ ധീരത കോവിഡ് കാലത്തെ എല്ലാ പ്രതിസന്ധികളെയും നേരിടുവാൻ നമുക്കു പ്രചോദനം നൽകേണ്ടതാണ്.

തോമാശ്ലീഹാ അസാധാരണമായ ധീരത തന്റെ ജീവിതത്തിൽ പ്രകടമാക്കിയിട്ടുണ്ട്. ലാസറിനെ പുനർജീവിപ്പിക്കുന്നതിന് ഉള്ളിൽ തീരുമാനിച്ചുകൊണ്ട് യൂദയായിലേക്കു പോകുവാൻ ഈശോ ആഗ്രഹിച്ചു. എന്നാൽ അവിടത്തെ കല്ലെറിയാൻ യഹൂദർ തക്കം പാർത്തിരിക്കുന്നു എന്നു പറഞ്ഞു ശിഷ്യന്മാർ ഈശോയെ തടഞ്ഞു. അപ്പോൾ തോമാശ്ലീഹാ പറഞ്ഞു ' 'നമുക്കും അവനോടുകൂടി പോയി മരിക്കാം" (യോഹ.11:16). പിന്നീട്, തോമാശ്ലീഹാ ഭാരതത്തിൽ വന്നു ഈശോയോടൊപ്പം മരിച്ചുവല്ലോ. കർത്താവിന്റെ സുവിശേഷത്തെയും ജീവിതത്തെയും കുറിച്ചുള്ള രഹസ്യങ്ങൾ അവിടത്തോടുതന്നെ ചോദിച്ചു മനസിലാക്കാനുള്ള ആത്മധൈര്യവും തോമാശ്ലീഹായ്ക്കുണ്ടായിരുന്നു. ഈശോ ഈ ലോകം വിട്ടു പോകാറായി എന്നറിയിക്കുകയും പോകുന്നിടത്തേക്കുള്ള വഴി ശിഷ്യന്മാർക്ക് അറിയാമെന്നു സൂചിപ്പിക്കുകയും ചെയ്തപ്പോൾ തോമാശ്ലീഹായാണ് ഈശോയോടു ചോദിച്ചത്, ' 'കർത്താവേ, നീ എങ്ങോട്ടാണ് പോകുന്നത് എന്ന് ഞങ്ങൾക്ക് അറിഞ്ഞുകൂടാ; പിന്നെ എങ്ങനെ വഴി അറിയും?" എന്ന്. ഈ ചോദ്യത്തിന് ഉത്തരമായാണ്, "ഞാനാകുന്നു വഴിയും സത്യവും ജീവനു"മെന്ന (യോഹ.14:6) സുപ്രധാനമായ വെളിപ്പെടുത്തൽ ഈശോ നടത്തിയത്. ഈശോയാണു മനുഷ്യർക്കു രക്ഷയുടെ മാർഗം എന്ന സത്യം നന്നായി ഗ്രഹിക്കുവാൻ ഈശോയുടെ വെളിപ്പെടുത്തൽ തോമാശ്ലീഹായ്ക്ക് ഉപകരിച്ചു. സുവിശേഷത്തിലെ തോമാശ്ലീഹായുടെ സാന്നിധ്യവും ഇടപെടലുകളും ഈശോയിൽ വിശ്വസിക്കുന്നവർക്കു പ്രചോദനവും ധൈര്യവും പകരുന്നവയാണ്.

**ഓൺലൈൻ ശൈലി**

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സഭയുടെ പ്രവർത്തനങ്ങളുടെ ഏകോപനം സി. ബി. സി. ഐ., കെ. സി. ബി.സി., മെത്രാൻ സിനഡ്, രൂപതകൾ, സമർപ്പിതസമൂഹങ്ങൾ, സംഘടനകൾ എന്നീ തലങ്ങളിൽ ഓൺലൈനായി നടക്കുന്നുണ്ട്. ഈ വിധത്തിൽ സഭാജീവിതത്തിന്റെ സജീവത്വം നിലനിർത്തുവാൻ നമുക്കു സാധിക്കുന്നതിൽ ദൈവത്തിനു നന്ദി പറയാം. ഒരു മഹാമാരി മനുഷ്യരെ പരസ്പരബന്ധത്തിൽ നിന്ന് അകറ്റിനിർത്തുമ്പോൾ ഇന്റർനെറ്റിന്റെ സാധ്യതകൾ ഈ കാലസന്ധിയിൽ നമുക്ക് ഒരു അനുഗ്രഹമായിത്തീർന്നിരിക്കുന്നു!

കോവിഡ്-19ന്റെ സാഹചര്യം മൂലം 2020 ഓഗസ്റ്റിലും 2021 ജനുവരിയിലും സഭയുടെ സിനഡ് ഡിജിറ്റൽ ഫോറത്തിലാണു നടത്തിയത്. വരുന്ന ഓഗസ്റ്റിലെ സിനഡും അങ്ങനെതന്നെ നടക്കാനാണു സാധ്യത. ഡിജിറ്റൽ ഫോറത്തിൽ സിനഡ് നടത്താനുള്ള പ്രായോഗികനിർദ്ദേശങ്ങൾ പരി. സിംഹാസനം നൽകിയിട്ടുണ്ട്.

**സഭാ വാർത്തകൾ**

നമ്മുടെ സഭയുടെ തലത്തിൽ വന്നിട്ടുള്ള ചില മാറ്റങ്ങളെക്കുറിച്ചു നിങ്ങളോടു സംസാരിച്ചുകൊള്ളട്ടെ. ഓസ്ട്രേലിയായിലെ മെൽബൺ രൂപതയുടെ അധികാരപരിധി ന്യൂസിലൻഡിലേക്കും ഓഷ്യാനിയായിലെ മറ്റു രാജ്യങ്ങളിലേക്കും വ്യാപിപ്പിച്ചകാര്യം ഇതിനകം നിങ്ങൾ അറിഞ്ഞിട്ടുണ്ടല്ലോ. പരിശുദ്ധ സിംഹാസനത്തോടു നമുക്കു നന്ദിയുള്ളവരായിരിക്കാം. മെൽബൺ രൂപതയെയും അഭിവന്ദ്യ ബോസ്കോ പുത്തൂർ പിതാവിനെയും അഭിനന്ദിക്കാം. ഭാരതത്തിലെ പുതിയ അപ്പസ്തോലിക് ന്യൂൺഷ്യോ ആയി ആർച്ച്ബിഷപ് ലെയോപോൾദോ ജിറേല്ലി കഴിഞ്ഞ മെയ് മാസം 28-ാം തീയതി ചാർജ് എടുത്തിട്ടുണ്ട്. പുതിയ അപ്പസ്തോലിക് ന്യൂൺഷ്യോയെ നമുക്കു സ്നേഹപൂർവ്വം സ്വാഗതം ചെയ്യാം. കഴിഞ്ഞ മൂന്നുവർഷങ്ങളിൽ മാർപാപ്പയുടെ പ്രതിനിധിയായി സേവനം ചെയ്ത ആർച്ച്ബിഷപ് ജംബത്തിസ്ത്ത ദിക്വാത്രോയ്ക്കു നമുക്കു നന്ദി പ്രകാശിപ്പിക്കുകയും ചെയ്യാം. സീറോമലബാർസഭാംഗങ്ങളായ മെത്രാന്മാർ ഭാരതത്തിലും വിദേശരാജ്യങ്ങളിലും ലത്തീൻ രൂപതകളിൽ ശുശ്രൂഷചെയ്യുന്നു എന്നതു നമുക്കു സന്തോഷമുളവാക്കുന്നതാണ്. ഏറ്റവും പുതിയതായി കാഞ്ഞിരപ്പള്ളി രൂപതാംഗവും ഹെറാൾഡ്സ് ഓഫ് ഗുഡ്ന്യൂസ്

സന്യാസസമൂഹാംഗവുമായ ബഹുമാനപ്പെട്ട സിബി മാത്യു പീടികയിലച്ചനെ പപ്പുവാ ന്യൂഗിനിയായിലെ ഐതപ്പെ രൂപതയുടെ മെത്രാനായി ഫ്രാൻസിസ് മാർപാപ്പ നിയമിച്ചിരിക്കുന്നു. അഭിവന്ദ്യ പിതാവിനു മാതൃസഭയുടെ അഭിനന്ദനങ്ങളും പ്രാർത്ഥനാംശസകളും! നമ്മുടെ സഭയിലെ വൈദികപരിശീലനം ലോക്ഡൗൺ നിയന്ത്രണങ്ങൾക്കിടയിലും കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുവാൻ സെമിനാരി കമ്മീഷനുകളും സന്യാസസമൂഹങ്ങളും സെമിനാരികളിലെ ഉത്തരവാദിത്വപ്പെട്ടവരും പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. ഓൺലൈൻ ക്ലാസ്സുകൾ പുതിയ അധ്യയനവർഷത്തിൽ ആരംഭിച്ചു കഴിഞ്ഞു. വിവിധ മൈനർ സെമിനാരികളിലും മേജർ സെമിനാരികളിലും വൈദിക വിദ്യാർത്ഥികളുടെ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്നവരെ കൃതജ്ഞതയോടെ അനുസ്മരിക്കുന്നു.

വി. കുർബാനയുടെ പരിഷ്കരിച്ച തക്സാ പരി. സിംഹാസനത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ് എന്ന കാര്യം അറിയിക്കട്ടെ. നമ്മുടെ സഭയിലെ യാമപ്രാർത്ഥനകളുടെ ഏകീകരണവും നവീകരണവും ലിറ്റർജി കമ്മീഷന്റെ ഇപ്പോഴത്തെ പ്രധാന കർമ്മപരിപാടിയാണ്. കോവിഡുകാലത്തെ കുട്ടികളുടെ വിശ്വാസപരിശീലനപദ്ധതികൾ നമ്മുടെ സഭയുടെ വിശ്വാസപരിശീലന കമ്മീഷൻ ഫലപ്രദമായി തയ്യാറാക്കിയിട്ടുണ്ട്. സൺഡേസ്കൂൾ ക്ലാസുകളും അധ്യാപകർക്കു വേണ്ടിയുള്ള ക്ലാസുകളും ഓൺലൈനിലൂടെ വിജയകരമായി നടക്കുന്നു. വിശ്വാസപരിശീലനക്ലാസ്സുകൾ ഉദാരതയോടെ സംപ്രേക്ഷണം ചെയ്യുന്ന ഗുഡ്നെസ്, ശാലോം, ഷെക്കെയ്ന ചാനലുകൾക്കു ഹൃദയംനിറഞ്ഞ നന്ദി!

ഏതാനും വർഷങ്ങളായി മൗണ്ട് സെന്റ് തോമസിലെ സഭയുടെ കാര്യാലയത്തിൽ നിന്ന് ഇന്റർനെറ്റ് മിഷനും മീഡിയാ കമ്മീഷനും കാലഘട്ടത്തിന്റെ ആവശ്യകതകൾ കണക്കിലെടുത്തു പല നൂതന പരിപാടികളും ആസൂത്രണം ചെയ്തു നടപ്പാക്കിവരുന്നു. നമ്മുടെ സഭയിലെ രൂപതകൾക്കും സമർപ്പിതസമൂഹങ്ങൾക്കും സംഘടനകൾക്കും വേണ്ടിയുള്ള വെബ്സൈറ്റ് നിർമാണവും സോഫ്റ്റ്വെയർ വികസിപ്പിക്കലും സീറോമലബാർ മാട്രിമണിയുമാണു ഇന്റർനെറ്റ് മിഷന്റെ പ്രധാന പരിപാടികൾ. മീഡിയാ കമ്മീഷന്റെ ആഭിമുഖ്യത്തിൽ സീറോമലബാർ വിഷൻ, മൗണ്ട് വിഷൻ എന്നീ രണ്ട് ഓൺലൈൻ ബുള്ളറ്റിനുകൾ പ്രസിദ്ധീകരിക്കുന്നു. ലിറ്റർജിക്കൽ റിസർച്ച്

സെന്ററിന്റെ ആഭിമുഖ്യത്തിൽ സഭാചരിത്രഗവേഷണം ആരംഭിച്ചിട്ടുണ്ട്. സീറോമലബാർ ഹെറിറ്റേജ് ആന്റ് റിസേർച് സെന്റർ എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിവരുന്നു. സാമ്പത്തികപരാധീനതകൾ മൂലം ഈ പദ്ധതി ഉദ്ദേശിച്ച സമയത്തു പൂർത്തിയാക്കാൻ സാധിക്കുന്നില്ല. സഭയുടെ മിഷൻപ്രവർത്തനവും പ്രവാസികൾക്കായുള്ള കർമപരിപാടികളും ദൈവവിളി പ്രോത്സാഹനവും ദളിത് ക്രൈസ്തവ സ്കോളർഷിപ്പുകളും നല്ലരീതിയിൽ നടപ്പിലാക്കാൻ ബന്ധപ്പെട്ട കമ്മീഷനുകൾ ശ്രദ്ധിക്കുന്നുണ്ട്.

**ജനക്ഷേമ പ്രവർത്തനങ്ങൾ**

നമ്മുടെ സഭയിലെ എല്ലാ രൂപതകളിലും മിഷൻപ്രദേശങ്ങളിലും കോവിഡ് പ്രതിരോധത്തിനും സാമൂഹികക്ഷേമത്തിനുമായി നിരവധി പ്രവർത്തനങ്ങൾ നടക്കുന്നതിൽ സന്തോഷിക്കുന്നു. കേരളത്തിലെ സഭയിൽ സോഷ്യൽസർവീസ് ഫോറവും കാത്തലിക് ഹെൽത്ത് അസോസിയേഷനും കെ. സി. ബി. സി. ഹെൽത്ത് കമ്മീഷനും ചേർന്നു പി. ഒ. സി. കേന്ദ്രമായി കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ കാര്യക്ഷമമായി ഏകോപിക്കുന്നു. നമ്മുടെ രൂപതാസംവിധാനങ്ങളും ഇവയോടു സഹകരിച്ചു പ്രവർത്തിക്കുന്നുണ്ടല്ലോ. പ്രവാസികളുടെ ആവശ്യങ്ങൾ നിർവഹിക്കുന്നതിനും അവരുടെ ക്ലേശങ്ങൾക്കു പരിഹാരം കണ്ടെത്തുന്നതിനും സർക്കാരിനോടു സഹകരിച്ചു നമ്മുടെ രൂപതകളും സമർപ്പിതസമൂഹങ്ങളും ചെയ്യുന്ന പ്രവർത്തനങ്ങളും അഭിനന്ദനമർഹിക്കുന്നു.

സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള ക്ഷേമനിധികളിൽ നിന്നു സമൂഹത്തിലെ പാവപ്പെട്ടവരായ ആളുകൾക്കു ലഭ്യമാകാവുന്ന പദ്ധതികൾ കണ്ടെത്തി അവയെല്ലാം പ്രയോജനപ്പെടുത്തുന്നതിന് അവരെ പ്രബുദ്ധരാക്കുകയും സഹായിക്കുകയും ചെയ്യേണ്ടത് ഓരോ രൂപതയുടെയും ഉത്തരവാദിത്വമായി കാണണം. കർഷകക്ഷേമനിധി അടുത്തകാലത്തു സർക്കാർ ഏർപ്പെടുത്തിയിരിക്കുന്ന ഒരു നല്ല പദ്ധതിയാണ്. ചെറുകിട കർഷകരെ ഈ ക്ഷേമനിധിയിൽ അംഗങ്ങളാക്കി അതിന്റെ പ്രയോജനം എടുക്കുവാനും സഭാശുശ്രൂഷകർ നേതൃത്വം നൽകേണ്ടതാണ്. കാലവർഷക്കെടുതികൾ ഉണ്ടാകുന്ന സന്ദർഭമാണല്ലോ ജൂൺ, ജൂലൈ, ഓഗസ്റ്റ് മാസങ്ങൾ. അവയെ നേരിടുവാനും നാം ഒത്തൊരുമിച്ചു പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

**അർഹമായ അവകാശങ്ങൾ**

ന്യൂനപക്ഷാവകാശങ്ങളുടെ വിതരണത്തിൽ ആനുപാതികമായതും ന്യായമായതും ആർക്കും നിഷേധിക്കപ്പെടാതിരിക്കാൻ സർക്കാർ പ്രതിബദ്ധതയോടെയും സമഭാവനയോടെയും പ്രവർത്തിക്കണം. അതുപോലെ സംവരേണതര വിഭാഗത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുള്ള സംവരണവും സംരക്ഷിക്കപ്പെടേണ്ടതുണ്ട്. ഇവിടെയെല്ലാം ലത്തീൻ കത്തോലിക്കർക്കും ദളിത് ക്രൈസ്തവർക്കും ഇതര സമുദായങ്ങൾക്കും അർഹതപ്പെട്ടത് ഒരു കുറവും കൂടാതെ ലഭിക്കണമെന്നതാണു നമ്മുടെ നിലപാട്. ഭരണഘടനയും ജനാധിപത്യ ഭരണവ്യവസ്ഥിതിയും നൽകുന്ന അർഹമായ അവകാശങ്ങൾ വ്യവസ്ഥാപിത സംവിധാനങ്ങളിലൂടെയാണ് നേടിയെടുക്കേണ്ടത്. അതിന്റെ പേരിൽ മതങ്ങൾ തമ്മിലും സമുദായങ്ങൾ തമ്മിലും കേരളത്തിൽ നിലനിൽക്കുന്ന സൗഹാർദാന്തരീക്ഷം തകർക്കുന്ന യാതൊരു സമീപനവും ആരുടെയും ഭാഗത്തു നിന്നുമുണ്ടാകരുത്. സാമൂഹ്യമാധ്യമങ്ങളിലൂടെയുള്ള പ്രതികരണങ്ങളിൽ മിതത്വവും ക്രൈസ്തവ സമീപനവും നഷ്ടപ്പെടുത്താതിരിക്കാൻ ഏവർക്കും കരുതലുണ്ടാകണം. സാമൂഹിക വിഷയങ്ങളിൽ സഭയുടെ പബ്ലിക് അഫേയേഴ്സ് കമ്മീഷൻ കാര്യക്ഷമമായ ഇടപെടലുകൾ യഥാസമയം നടത്തുന്നുണ്ട്. സമുദായ സംഘടന എന്ന നിലയിൽ കത്തോലിക്കാ കോൺഗ്രസും ഈ വിഷയങ്ങളിൽ ജാഗ്രത പുലർത്തുന്നു.

**അവസാനമായി**

കോവിഡ് മഹാമാരിയിൽനിന്നു മോചിതരാകാൻവേണ്ടി നമ്മുടെ പ്രത്യേക പ്രാർത്ഥനകളും ആരാധനയും തുടർന്നും നടത്തേണ്ടതാണ്. എല്ലാക്കാര്യങ്ങളും മനുഷ്യന്റെ മാത്രം കഴിവുകൾകൊണ്ടു സാധിക്കുന്നതല്ല എന്ന തിരിച്ചറിവും ഈ കാലഘട്ടം നമുക്കു നൽകുന്നുണ്ട്. “കർത്താവാണ് എന്റെ ഇടയൻ, എനിക്ക് ഒന്നിനും കുറവുണ്ടാകില്ല...മരണത്തിന്റെ നിഴൽ വീണ താഴ്‌വരയിലൂടെയാണ് ഞാൻ നടക്കുന്നതെങ്കിലും അവിടന്ന് കൂടെയുള്ളതിനാൽ ഞാൻ ഭയപ്പെടില്ല” (സങ്കീ. 23:1-4). നമുക്കു ദൈവത്തിൽ ആശ്രയിക്കാം. നല്ല സമറിയാക്കാരനെപ്പോലെ ഏതെങ്കിലും രീതിയിൽ നമ്മുടെ ശുശ്രൂഷകൾ ആവശ്യമുള്ളവർക്കു നൽകുവാൻ സമർപ്പണ മനോഭാവത്തോടെ നമുക്കു പരിശ്രമിക്കാം.

ജൂലൈ മൂന്നാം തീയതി വിശുദ്ധകുർബാനയുടെ അനുഭവം ഏതെങ്കിലും രീതിയിൽ എല്ലാവർക്കും നൽകുവാൻ ബഹു. വൈദികർ ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതുപോലെതന്നെ കഴിയുന്നിടത്തോളം ഓൺലൈൻ പരിപാടികൾ സംഘടിപ്പിച്ചു സഭാമക്കളുടെ കൂട്ടായ്മ പരിപോഷിപ്പിക്കുവാൻ പരിശ്രമിക്കേണ്ടതാണ്.

എല്ലാവർക്കും ദുക്റാനാ തിരുനാളിന്റെയും സഭാദിനത്തിന്റെയും മംഗളങ്ങൾ ആശംസിച്ചുകൊണ്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളെ ഞാൻ സ്നേഹപൂർവം ആശീർവദിക്കുന്നു.

കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2021-ാം ആണ്ട് ജൂൺ മാസം 21-ാം തീയതി നല്കപ്പെട്ടത്.

കർദിനാൾ ജോർജ് ആലഞ്ചേരി
സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

---

NB: ഈ ഇടയലേഖനം ജനത്തോടൊപ്പം ആരാധനാകർമ്മങ്ങൾ നടക്കുന്ന പള്ളികളിൽ 2021 ജൂലൈ 4-ാം തീയതി ഞായറാഴ്ച കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്. വി. കുർബാനയിൽ സംബന്ധിക്കാൻ സാധിക്കാത്തവർക്ക് ഏതെങ്കിലും രീതിയിൽ ഇതിന്റെ കോപ്പി സംലഭ്യമാക്കേണ്ടതുമാണ്.

# യുവജനദിനം 2021, ജൂലൈ 4, ഞായർ
## കെസിബിസി യുവജനകമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുക്രിസ്തുവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

കേരള കത്തോലിക്കാ സഭ ജൂലൈ 4 ഞായറാഴ്ച യുവജനദിനമായി ആചരിക്കുന്നു. ഏവർക്കും കെസിബിസി യുവജനകമ്മീഷനിൽ നിന്നും യുവജനദിനത്തിന്റെ പ്രാർത്ഥനാശംസകൾ.

ലോകമാസകലം പടർന്നു പിടിച്ചിരിക്കുന്ന കോവിഡ് 19-ന്റെ തീരാവേദനയിൽ ആയിരിക്കുമ്പോഴും സഭയെയും സമൂഹത്തെയും ജീവസ്സുറ്റതാക്കി നിർത്തുവാൻ സഭ നേതൃത്വത്തോടൊപ്പം നിലകൊണ്ട യുവജനങ്ങളെയും അവരെ നയിക്കുന്ന വൈദികരെയും സന്ന്യസ്തരെയും അല്മായ സഹോദരങ്ങളെയും നന്ദിയോടെ ഓർത്തുകൊണ്ട് അഭിവാദനങ്ങൾ അറിയിക്കുന്നു.

ആഗോള കത്തോലിക്കാസഭയുടെ പരമാധ്യക്ഷൻ ഫ്രാൻസിസ് പാപ്പാ സഭയെ യൗസേപ്പിതാവിന് സമർപ്പിച്ച ഈ വർഷം കേരളസഭ കുടുംബവർഷമായി ആചരിക്കുന്നു. അതുകൊണ്ട് തന്നെ കേരളത്തിലെ യുവജന ശുശ്രൂഷയുടെ ആപ്തവാക്യമായി തിരഞ്ഞെടുത്തിരിക്കുന്നത് 'ക്രൈസ്തവയുവത്വം: കരുതലായി കുടുംബത്തിലും സമൂഹത്തിലും' എന്നതാണ്. ഉപവിഷയങ്ങളായി തിരഞ്ഞെടുത്തിരിക്കുന്നത് 'സഭയും മാധ്യമവിചാരണയും, ന്യൂനപക്ഷാവകാശങ്ങൾ, യുവാക്കളും ഭരണപങ്കാളിത്തവും, 'ഫ്രത്തേലിതൂത്തി' അനുബന്ധ പഠനങ്ങൾ' എന്നിവയാണ്.

ക്രിസ്തീയ യുവത്വം, ഉത്തരവാദിത്വബോധമുള്ള മാതാപിതാക്കളാകുവാനും, വിശുദ്ധരായ വൈദികരും സന്ന്യസ്തരും ആകുവാനും ഒരുങ്ങുന്ന യൗവനകാലത്ത്, സഭയുടെയും സമൂഹത്തിന്റെയും കുടുംബത്തിന്റെയും കാവലാളാകാൻ പരിശ്രമിക്കണമെന്ന് സഭ ആഗ്രഹിക്കുന്നു. അതോടൊപ്പം രാഷ്ട്രത്തിന്റെ അധികാരത്തിലും, ഭരണപ്രക്രിയയിലും ഉത്തമപൗരന്മാരായി പങ്കുചേരാനും വേണ്ട പരിശ്രമങ്ങൾ നടത്തേണ്ടതുണ്ട്. സ്ഥാപിത താത്പര്യങ്ങളൊടെയുള്ള മാധ്യമവിചാരണകൾ സഭ നേരിടുന്ന വേളയിൽ സഭയിലെ യുവജനങ്ങൾ സഭയുടെ ധാർമികസ്വരമായി മാറേണ്ടതുണ്ട്. ഭരണഘടന വിഭാവനം ചെയ്യുന്ന ന്യൂനപക്ഷാവകാശങ്ങൾ നിഷേധിക്കപ്പെടുമ്പോഴും അനീതിപരമായി പങ്കുവയ്ക്കപ്പെടുമ്പോഴും നീതിയുടെ പക്ഷം ചേരാൻ യുവാക്കൾക്കാകണം. ലോകം മുഴുവന്റെയും സുസ്ഥിതിക്കായി സാർവലൗകികമായ ഒരു ദർശനം രൂപപ്പെടുത്താൻ ക്രിസ്തുവിന്റെ മൗതിക ശരീ

രമായ സഭയ്ക്ക് ഈ ലോകത്തിൽ സാധ്യമാകണം എന്ന ഓർമപ്പെടുത്തൽ നടത്തുന്ന 'ഫ്രത്തേലി തൂത്തി' എന്ന ചാക്രികലേഖനം യുവജനം ആഴത്തിൽ പഠിക്കേണ്ടതുണ്ട്. പ്രത്യേകമായി പരിശുദ്ധ ഫ്രാൻസിസ് പാപ്പാ പുറപ്പെടുവിച്ച 'പുരാതന ശുശ്രൂഷ' എന്ന അപ്പസ്തോലിക ലേഖനത്തിൽ പറയുന്നതുപോലെ സഭയുടെ വിശ്വാസ പരിശീലനരംഗത്ത് "യുവജനങ്ങളുടെ ആത്മാർത്ഥമായ ഇടപെടൽ ആവശ്യമുണ്ട്" (പുരാതന ശുശ്രൂഷ 5).

## യുവജനങ്ങൾ കാവൽക്കാർ

'പ്രഭാതം കാത്തിരിക്കുന്ന കാവൽക്കാരുടെ ജാഗ്രത'യോടെ സത്യത്തിന്റെയും നീതിയുടെയും പ്രകാശത്തിന്റെയും കാവൽക്കാരാണ് യുവജനങ്ങൾ. സ്വപ്നങ്ങളെ അനുധാവനം ചെയ്യുന്നവർ. നേരിന്റെയും നുണകളുടെയും അതിസങ്കീർണമായ സങ്കലനങ്ങളെ കുടഞ്ഞിടുന്ന വിവര സാങ്കേതികവിദ്യകളുടെ അതിപ്രസരമുള്ള സത്യാനന്തരകാലത്ത്, ക്രൈസ്തവവിശ്വാസത്തിന്റെ കാവലാളുകളാകാൻ ദൈവം പ്രത്യേകം വിളിച്ചുചേർത്തവരാണ് യുവാക്കൾ. തിരുവചനം അതിനു ധാരാളം മാതൃകകൾ നല്കുന്നു. ദാവീദ്, മോശ, ജോഷ്വാ, സ്നാപകയോഹന്നാൻ ഏറ്റവും ഒടുവിൽ പ്രവചനങ്ങളുടെ പൂർത്തീകരണമായി യുവാവായ ക്രിസ്തു. അവനാൽ ആകർഷിക്കപ്പെട്ടും അവനിൽ അനുരക്തരായും യുവജനസമൂഹം ഈ തീർത്ഥടകസഭയുടെ ഉത്തമസാക്ഷികളാകാനാണ്  കാലം അവരെ ക്ഷണിക്കുന്നത്.

സഭയും സമൂഹവും നേരിടുന്ന വെല്ലുവിളികൾ; അതു യുവജനങ്ങളുടേതുമാണ്. മതമൗലികവാദം, പ്രണയത്തിന്റെ മറവിൽ നടക്കുന്ന വിധ്വംസക പ്രവർത്തനങ്ങൾ, ഫാസിസ്റ്റ് മനോഭാവമുള്ള രാഷ്ട്രീയ ചിന്തകൾ, ആഗോളതലത്തിലുള്ള തീവ്രവാദ ആശയങ്ങൾ, മതങ്ങളും രാഷ്ട്രങ്ങളും തമ്മിലുള്ള വൈരം, മദ്യത്തിന്റെയും മാരകമായ ലഹരികളുടെയും അനിയന്ത്രിതമായ ലഭ്യത, അർഹമായ ആനുകൂല്യങ്ങളും, സംവരണങ്ങളും, ക്ഷേമപദ്ധതികളും പങ്കുവയ്ക്കുന്നതിലെ കുറ്റകരമായ പക്ഷപാതം, പ്രണയത്തിന്റെ രക്തസാക്ഷികളായി മാറുന്ന യൗവ്വനതീഷ്ണത, സത്യത്തിൽനിന്നും കല്ലേറുദൂരം മാറിനില്ക്കുന്ന സമൂഹമാധ്യമങ്ങളുടെ വിവരപ്രക്ഷേപണങ്ങൾ, വിചാരണകൾ, ജീവനെതിരേയുള്ള നിയമനിർമ്മാണങ്ങൾ, സ്ത്രീധനം എന്ന തിന്മ അങ്ങനെ എടുത്തുപറയാൻ അനവധിയാണ് ഈ കാലത്തിന്റെ വെല്ലുവിളികൾ. യുവജന ശുശ്രൂഷയിലേർപ്പെടുന്നവരുടെ സവിശേഷമായ ഇടപെടലുകൾ ആവശ്യമുള്ള ഇടങ്ങളാണ് ഇവയെല്ലാം. സഭാമേലധ്യക്ഷന്മാരുടെയും, വൈദികരുടെയും സന്ന്യസ്തരുടെയും മുതിർന്ന

അല്മായ സഹോദരങ്ങളുടെയും ശ്രദ്ധാപൂർവമായ അനുധാവനം ആവശ്യപ്പെടുന്ന ഇത്തരം മേഖലകളിൽ അത് ലഭ്യമാകുന്ന ക്രമബന്ധമായ ഒരു സംവിധാനവും ചട്ടക്കൂടും സഭയ്ക്കുണ്ട്. അത്തരം സംവിധാനങ്ങളെ കാര്യക്ഷമമായി ഉപയോഗപ്പെടുത്താൻ ഏവരും തയ്യാറാകണം എന്നേയുള്ളൂ.

ആത്മാവിൽ നിറഞ്ഞ യുവജനം സഭയുടെ സമ്പത്താണ്. അവർ ദിവ്യബലിയർപ്പണത്തിൽ സജീവമായി പങ്കുചേരുന്നു. തിരുവചനപാരായണവും പഠനവും നടത്തുന്നു. വിശ്വാസം പങ്കുവയ്ക്കുന്ന പ്രേഷിതരാണവർ. സഭാപഠനങ്ങളെക്കുറിച്ച് ഉറച്ച ധാരണയുള്ളവർ. ഇടപെടലുകൾ ആവശ്യമുള്ളിടത്ത് ഇടപെടാൻ ചങ്കുറ്റമുള്ളവർ. സഭയുടെ മതബോധനപ്രക്രിയയിൽ പങ്കുകാരാവുന്നവർ. അവർ ആധുനിക ലോകത്തിനു യോജിച്ച രീതിയിലും, ഭാഷയിലും ക്രിസ്തുവിനെ പങ്കുവയ്ക്കുകയും സത്യത്തിനും നീതിക്കുംവേണ്ടി പോരാടുകയും ചെയ്യുന്നു. സാർവത്രികസഭയിലും സഭാപാരമ്പര്യത്തിലും അഭിമാനം കൊള്ളുന്ന യുവത സഭയുടെ സജീവമായ മുഖമാണ്. സഭയുടെ ശിരസ്സായ ക്രിസ്തുവിന്റെ മുഖകാന്തിയാണ്!

കോവിഡാനന്തരസഭയുടെയും സമൂഹത്തിന്റെയും ആകുലതകളെയും ആശങ്കകളെയും നമ്മുടെ യുവജനങ്ങൾ തീക്ഷണതയോടെ ഏറ്റെടുക്കേണ്ടതുണ്ട്. സാമ്പത്തികരംഗത്തിന്റെ തിരിച്ചടികൾ, പ്രവാസികളുടെ തിരിച്ചുവരവ്, ജോലിനഷ്ടം, രോഗത്തിന്റെ കെടുതികൾ, ധാർമ്മിക അപഭ്രംശങ്ങൾ, വിലക്കയറ്റം അവശ്യസാധനങ്ങളുടെയും മരുന്നുകളുടെയും ദൗർലഭ്യം തുടങ്ങിയ കാര്യങ്ങളിൽ യുവജനങ്ങളുടെ സവിശേഷമായ ശ്രദ്ധയും പഠനവും ആവശ്യമുണ്ട്. ധീരരായ കാവൽക്കാരാകുവാൻ യുവാവായ ക്രിസ്തു നിങ്ങളെ ക്ഷണിക്കുന്നു. ക്ഷണം സ്വീകരിക്കാൻ തയ്യാറാകുന്നവരുടെ ത്യാഗങ്ങളെ കരുണാപൂർവം ഹൃദയത്തിലേറ്റി അവരെ അനുധാവനം ചെയ്യുവാൻ സഭയും സമൂഹവും സജ്ജമാകേണ്ടതുണ്ട്. വിശക്കുന്നവർക്ക് ഭക്ഷണം, ഭവനമില്ലാത്തവർക്ക് ഭവനം, കുട്ടികൾക്ക് പഠിക്കാൻ അവസരം, പ്രായമായ മാതാപിതാക്കൾ, രോഗികൾ, വിധവകൾ, ഭിന്നശേഷിക്കാർ, ദുർബല വിഭാഗങ്ങൾ എന്നിവരുടെ സംരക്ഷണം, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം എന്നിവയിൽ അകപ്പെട്ടവർക്കായുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾ തുടങ്ങി നിരവധിയായ പ്രവർത്തനങ്ങളിൽ യുവജനങ്ങൾ പങ്കുചേരുന്നു എന്നത് ഏറെ അഭിനന്ദനീയമാണ്. ഇത് ത്യാഗത്തോടെ തുടരുവാൻ നമുക്ക് പ്രതിജ്ഞാബദ്ധരാകാം.

കുരിശുമരത്തിനരികിലായി നന്മയുടെ പൂമരങ്ങളായി നിൽക്കുവാൻ നമ്മുടെ യുവജനങ്ങൾക്കാകട്ടെ. സ്നേഹസമ്പന്നമായ കുടുംബജീവിതം കെട്ടിപ്പടുക്കാൻ യുവാക്കളെ പ്രേരിപ്പിക്കുന്ന വിധത്തിൽ മുതിർന്ന തലമുറ അവർക്കു മാതൃകയാവട്ടെ. "ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നുവന്ന" (ലൂക്കാ 2,52) യേശുവിനോട് അനുരൂപരായിത്തീരുവാനും യുവാവായ ക്രിസ്തുവുമായി ഒരു സൗഹൃദത്തിലെത്തിച്ചേരാനും യുവത്വമെന്ന ജീവിതത്തിന്റെ തീക്ഷ്ണവും സർഗ്ഗാത്മകവുമായ കാലത്ത് ക്രിസ്തുവിന്റെ സ്നേഹത്തിന് സാക്ഷ്യം പകരുന്ന കരുതലും കാവലുമാകുന്ന യുവജനങ്ങളെ പ്രചോദിപ്പിക്കുന്ന ദിനമാണ് യുവജനദിനം. യുവജന കമ്മീഷന്റെ ആഭിമുഖ്യത്തിൽ കെസിവൈഎം, ജീസസ്‌യൂത്ത്, സിഎൽസി, മിജാർക്ക്, AICUF, യൂക്കരിസ്റ്റിയ, ഇദെന്തെ യൂത്ത്, ബോസ്കോ യൂത്ത് എന്നീ സംഘടനകളിലും അല്ലാതെയുമായി ക്രിസ്തുവിന് സാക്ഷ്യം നല്കുന്ന യുവശക്തിയായി, ക്രിസ്തുശിഷ്യരായി ജീവിക്കാൻ ജീവന്റെയും ജീവിതങ്ങളുടെയും കാവലാളാവാൻ സർവേശ്വരന്റെ അനുഗ്രഹം ഉണ്ടാകട്ടെ. സഭയുടെ കാവലാളായ വിശുദ്ധ യൗസേപ്പിതാവ് നമുക്ക് പ്രചോദനമാകട്ടെ.

എല്ലാ യുവജനങ്ങൾക്കും യുവജനദിനത്തിന്റെ ആശംസകൾ. യൗവനയുക്തനായ ക്രിസ്തു ഏവരെയും അനുഗ്രഹിക്കട്ടെ.

**റൈറ്റ് റവ. ഡോ. ക്രിസ്തുദാസ് ആർ.**

(ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**ഡോ. യൂഹാനോൻ മാർ തിയൊഡോഷ്യസ്**

(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**ഡോ. മാർ ജോൺ നെല്ലിക്കുന്നേൽ**

(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
പി.ഒ.സി., കൊച്ചി - 682 025




**1. പുതിയ നിയമനങ്ങൾ**

ഫാ. വെട്ടിക്കൽ ജോസ് ഫൊറോനാവികാരി ചെറുപുഴ

ഫാ. കൽപകശ്ശേരിൽ മാത്യു ഡാനിയേൽ HGN

അസി. വികാരി വെളിമാനം

**2. പി.പി.എഫ്. അംഗങ്ങളുടെ ശ്രദ്ധയ്ക്ക്**

എല്ലാ പി.പി.എഫ്. അംഗങ്ങളും വൈദിക കൂട്ടായ്മയിൽനിന്നും നിര്യാതരായ ബഹുമാനപ്പെട്ട ജോർജ് വണ്ടർകുന്നേലച്ചനും മാത്യു തെക്കേക്കുളത്തിലച്ചനുംവേണ്ടി ഓരോ വി. കുർബ്ബാന വീതം അർപ്പിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**3. കുടുംബക്കല്ലറ രജിസ്റ്റർ**

കഴിഞ്ഞ പ്രസ്ബിത്തേരിയത്തിൽ ആവശ്യപ്പെട്ടിരുന്നതുപോലെ കുടുംബക്കല്ലറ രജിസ്റ്റർ, സർട്ടിഫിക്കറ്റ് എന്നിവ തയ്യാറാക്കിയിട്ടുണ്ട്. പ്രൊക്കുറേറ്ററച്ചന്റെ ഓഫീസിൽ ലഭ്യമാണ്.

**4. ജൂലൈ 3 സഭാദിനം**

നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെ ദുക്റാനതിരുനാൾ ദിനമായ ജൂലൈ 3 സീറോ-മലബാർ സഭാദിനമായി ആചരിക്കുകയാണ്. കോവിഡ്-19 ന്റെ നിയന്ത്രണ പരിധിക്കുള്ളിൽ നിന്നുകൊണ്ട് സഭാദിനം എല്ലാ ഇടവകകളിലും സമുചിതമായി ആഘോഷിക്കുമല്ലോ.

**5. സ്വാഗതം**

ജർമ്മനിയിലെ വ്യൂർസ്ബുർഗ്, മ്യൂൺസ്റ്റർ, പാസ്സാവ് രൂപതകളിലായി 17 വർഷത്തോളം സേവനമനുഷ്ഠിച്ച ബഹു. ജോസ് കക്കാട്ടിലച്ചനും ജർമ്മനിയിലെ ഓസ്നാംബ്രൂക്ക് രൂപതയിൽ 10 വർഷത്തോളം സേവനമനുഷ്ഠിച്ച ബഹു. ജോസഫ് മറ്റത്തിൽ അച്ചനും ഫരീദാബാദ് രൂപതയിൽ 3 വർഷം വികാരിജനറാളായി സേവനമനുഷ്ഠിച്ച ബഹു. ജോസ് വെട്ടിക്കലച്ചനും അരുണാചൽപ്രദേശിൽ മിഷൻ പ്രവർത്തനത്തിന് പോയിരുന്ന ബഹു. മാത്യു കോണിക്കൽ അച്ചനും കോട്ടയം പൗരസ്ത്യ വിദ്യാപീഠത്തിൽ കാനൻനിയമത്തിൽ ലൈസൻഷ്യേറ്റ്

പഠനം പൂർത്തിയാക്കിയ ബഹു. ലൂക്കോസ് മറ്റപ്പള്ളി അച്ചനും മാതൃ രൂപതയിൽ തിരിച്ചെത്തിയിരിക്കുന്നു. ഹൃദ്യമായ സ്വാഗതം.

**6. പുതിയ അഡ്രസ്സ്**

Pfr. John Orakundil
Marienstrasse-5, 47198 Duisburg, Germany, Ph. 02066 418638

**6. ആദരാഞ്ജലികൾ**


**ശ്രീ ജോണി പുത്തൻപുര (61):** ശ്രീകണ്ഠാപുരം പള്ളി വികാരി ബഹുമാനപ്പെട്ട സേവ്യർ പുത്തൻപുര അച്ചന്റെ സഹോദരൻ ജോണി 2021 ജൂൺ 8-ന് നിര്യാതനായി. മൃതസംസ്ക്കാരം അന്നേദിവസം വൈകുന്നേരം 4 മണിക്ക് ഇടുക്കി, അടിമാലി, സെന്റ് ജൂഡ് ദൈവാലയത്തിൽ നടന്നു. പ്രിയപ്പെട്ട സേവ്യറച്ചനെയും കുടുംബാംഗങ്ങളെയും അനുശോചനമറിയിക്കുന്നു, പ്രാർത്ഥനകൾ നേരുന്നു.

**സി. മേരി ജോസഫിൻ (85)** : തിരുഹൃദയസന്യാസിനീ സമൂഹം തലശ്ശേരി സെന്റ് ജോസഫ്സ് പ്രൊവിൻസിലെ പേരാവൂർ ഭവനാംഗമായ സി. മേരി ജോസഫിൻ കല്ലറയ്ക്കൽ എസ് എച്ച് ജൂൺ 11 ന് നിര്യാതയായി. പരേത തോമാപുരം ഇടവകയിൽ ആദ്യകാലകുടിയേറ്റ കർഷകരായ കല്ലറയ്ക്കൽ പരേതരായ ആഗസ്തി-അന്ന ദമ്പതികളുടെ രണ്ടാമത്തെ പുത്രിയാണ്. അവിഭക്ത തലശ്ശേരി രൂപതയിലെ പേരാവൂർ, ചുങ്കക്കുന്ന്, ആലക്കോട്, കൊളക്കാട്, കല്ലാനോട്, കുളത്തുവയൽ, തലയാട്, കരുവഞ്ചാൽ, കൂരാച്ചുണ്ട്, വായാട്ടുപറമ്പ്, മാങ്ങോട്, തൊക്കിലങ്ങാടി-കരുണാലയം, നിർമലഗിരി-മരിയഭവൻ, എടത്തൊട്ടി, നൊവിഷ്യേറ്റ് ഹൗസ്-പേരാവൂർ, എന്നീ സ്ഥലങ്ങളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. മൃതസംസ്ക്കാരം ജൂൺ 12 ന് 2.30 pm ന് അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ പേരാവൂർ എസ് എച്ച് പ്രൊവിൻഷ്യൽ ഹൗസ് സെമിത്തേരിയിൽ നടന്നു. സിസ്റ്ററിന്റെ ആത്മാവിനെ ദൈവം തന്റെ വിശുദ്ധരുടെ ഗണത്തിൽ ചേർക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.



**മേരി പുതുപ്പള്ളിമ്യാലിൽ** : ചീമേനി പള്ളിവികാരി ബഹുമാനപ്പെട്ട മാത്യു പുതുപ്പള്ളിമ്യാലിൽ അച്ചന്റെ സഹോദരി മേരി (65) 2021 ജൂൺ 15-ന് നിര്യാതയായി. മൃതസംസ്ക്കാരം 16.6.2021 ബുധനാഴ്ച പൂക്കയം സെന്റ് സ്റ്റീഫൻ ദൈവാലയത്തിൽ നടന്നു. കുടുംബാംഗങ്ങളെ അനുശോചനം അറിയിക്കുകയും പരേതയ്ക്ക് നിത്യസൗഭാഗ്യം ലഭിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**ഫാ. ജെയിംസ് കുമ്പുക്കൽ (78):** അവിഭക്ത തലശ്ശേരി രൂപതയ്ക്കുവേണ്ടി വൈദികനായി മാനന്തവാടി രൂപതയിൽ ശുശ്രൂഷ ചെയ്ത് വന്നിരുന്ന ഫാ. ജെയിംസ് കുമ്പുക്കൽ 2021 ജൂൺ 21-ന് നിര്യാതനായി. രണ്ട് വർഷമായി ദ്വാരക വിയാനിഭവനിൽ വിശ്രമിച്ച് വരികയായിരുന്നു. തൊടുപുഴ, അറക്കുളത്ത് 1943 ജൂലൈ 30-ന് അദ്ദേഹം ജനിച്ചു. തലശ്ശേരി, മംഗലപ്പുഴ സെമിനാരികളിൽ വൈദികപഠനം പൂർത്തിയാക്കി 1970 ഡിസംബർ 18-ന് വൈദികപട്ടം സ്വീകരിച്ചു. വാഴവറ്റ പള്ളിയിൽ സഹവികാരിയായും നെടുമ്പാല, ചൂരൽമല, കുറുമ്പാല, പുതുശ്ശേരിക്കടവ്, തലഞ്ഞി, ബോയ്സ്ടൗൺ, പാറത്തോട്ടം, കബനിഗിരി, കോട്ടത്തറ, മുള്ളൻകൊല്ലി, ഇടിവണ്ണ, മൂലേപ്പാടം, മഞ്ഞൂറ, എടപ്പെട്ടി എന്നിവിടങ്ങളിൽ വികാരിയായും സേവനമനുഷ്ഠിച്ചു. അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് അന്തിമോപചാരം അർപ്പിച്ചു. മൃതസംസ്ക്കാരം 2021 ജൂൺ 22-ാം തീയതി മാനന്തവാടി ദ്വാരക പാസ്റ്ററൽ സെന്ററിൽ നടന്നു. ജെയിംസച്ചനെ ദൈവം നിത്യസൗഭാഗ്യം നല്കി അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.



### 6. സ്നേഹസ്മൃതി

| | | | |
|---|---|---|---|
| 1. | റവ. ഫാ. മാണി വാഴചാരിയ്ക്കൽ | - | 02-07-2014 |
| 2. | റവ. ഫാ. ജോസ് കണിവേലിൽ | - | 01-07-2017 |
| 3. | റവ. ഫാ. അബ്രാഹം മൂങ്ങാമ്മാക്കൽ | - | 05-07-1989 |
| 4. | റവ. ഫാ. ഫിലിപ്പ് മുറിഞ്ഞകല്ലേൽ(സീനിയർ) | - | 07-07-1994 |
| 5. | റവ. ഫാ. ജോൺ കല്ലുങ്കൽ | - | 08-07-2012 |
| 6. | റവ. ഫാ. സേവ്യർ പുത്തൻപുരയിൽ | - | 15-07-1999 |
| 7. | റവ. ഫാ. അബ്രാഹം മൂക്കനോലിൽ | - | 16-07-1981 |
| 8. | റവ. ഫാ. ജേക്കബ് വെള്ളക്കട | - | 20-07-1970 |
| 9. | റവ. ഫാ. മാത്യു കൊട്ടുകാപ്പിള്ളി | - | 26-07-2003 |
| 10. | റവ. ഫാ. മാത്യു പൊയ്യക്കര | - | 27-07-2008 |
| 11. | റവ. ഫാ. ജോൺ കടുകമ്മാക്കൽ | - | 28-07-2010 |
| 12. | റവ. ഫാ. ജെയിംസ് മുകളേൽ | - | 29-07-2009 |
| 13. | റവ. ഫാ. ജോസഫ് മണിമലത്തറപ്പിൽ | - | 30-07-2012 |

**ഫാ. തോമസ് തെങ്ങുംപള്ളിൽ**
ചാൻസലർ

# വൈദികരുടെ അഖണ്ഡ ആരാധന

| | | | |
|---|---|---|---|
| **JULY** | | | |
| 1-Jul | Vellaringattu George | 2-Jul | Varanath Joseph |
| 5-Jul | Nallukunnel Antony OFM Conv | 6-Jul | Kalappurackal Joseph |
| 7-Jul | Anacharil Joseph | 8-Jul | Thayyil Joseph |
| 9-Jul | Kunnel Jose OSB | 10-Jul | Rathappallil Joseph CMI |
| 12-Jul | Menappattupadickal Thomas | 13-Jul | Kanjirathinkal Joseph |
| 14-Jul | Manjakunnel Michael | 15-Jul | Anakkallil Joseph |
| 16-Jul | Karakkattu Christo ICSH | 17-Jul | Chakkamkunnel Augustine |
| 19-Jul | Cherussery Joseph | 20-Jul | Elanjiparambil James |
| 21-Jul | Koyipuram Joseph | 22-Jul | Kudilil Mathew |
| 23-Jul | Mannur John | 24-Jul | Mukkuzhy Mathew Jr. |
| 26-Jul | Mundaplackal Joseph | 27-Jul | Palakeel Joseph |
| 28-Jul | Kaniamparambil Thomas OFM | 29-Jul | Mattathil Joseph |
| 30-Jul | Kakkattil Jose | 31-Jul | Konickal Mathew |
| **AUGUST** | | | |
| 2-Aug | Vettickal Jose | 3-Aug | Chalil George CST |
| 4-Aug | Choorackal Raju VC | 5-Aug | Narimattathil Joseph CST |
| 6-Aug | Thottiyil Jomy PSDP | 7-Aug | Molath Ronald George ISCH |
| 9-Aug | Kalpakassseril MathewDaniel HGN | 10-Aug | Areechira Sebastian OCD |

# ഫാ. ജോർജ് വണ്ടർകുന്നേൽ

## അനുസ്മരണം



തലശ്ശേരി അതിരൂപതാംഗവും ചെറുപുഴ സെന്റ് മേരീസ് ഫൊറോനപള്ളി വികാരിയുമായിരുന്ന വെരി റവ. ഫാ. ജോർജ്ജ് വണ്ടർകുന്നേൽ നിര്യാതനായി. കോഴിക്കോട് മിംസ് ആശുപത്രിയിൽ കോവിഡാനന്തര ചികിത്സയിൽ കഴിയവേ 2021 ജൂൺ 3ന് വൈകുന്നേരമായിരുന്നു അന്ത്യം.

വണ്ടർകുന്നേൽ ജോസഫ്, റോസമ്മ ദമ്പതികളുടെ മകനായി കാഞ്ഞിരപ്പള്ളി രൂപതയിലെ വലിയതോവാളയിൽ 1964 ഏപ്രിൽ 5-ാം തിയ്യതി ജോർജ്ജ്കുട്ടിയച്ചൻ ജനിച്ചു. ജോയി, ആലീസ്, തങ്കച്ചൻ, അക്കാമ്മ, ടോമി, സാലി, ഷാജൻ, സി. നെസ്സി മരിയ എസ്.എസ്.എം, ഫാ. തോമസ് എം.എസ്.എഫ്.എസ് എന്നിവർ സഹോദരങ്ങളാണ്. മാതാപിതാക്കൾ പിന്നീട് കണ്ണൂർ ജില്ലയിലെ ഉദയഗിരി (ഇപ്പോൾ ജയഗിരി)യിലേക്ക് കുടിയേറി.

ഉദയഗിരി പ്രത്യാശ എൽ.പി.സ്ക്കൂളിലായിരുന്നു പ്രാഥമിക വിദ്യാഭ്യാസം, പുല്ലൂരാംപാറ സെന്റ് ജോസഫ്സ് യു.പി.സ്കൂൾ, കാർത്തികപുരം ഗവൺമെന്റ് ഹൈസ്ക്കൂൾ എന്നിവിടങ്ങളിൽ തുടർവിദ്യാഭ്യാസം നടത്തി. 1983 -ൽ വൈദിക പരിശീലനത്തിനായി തലശ്ശേരി സെന്റ് ജോസഫ്സ് മൈനർ സെമിനാരിയിൽ ചേർന്നു. കോട്ടയം വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ വൈദിക

പരിശീലനം പൂർത്തിയാക്കിയശേഷം 1993 ഡിസംബർ 29 -ന് ആർച്ച് ബിഷപ്പ് മാർ ജോർജ് വലിയമറ്റത്തിൽനിന്നും പൗരോഹിത്യം സ്വീകരിച്ചു. ചെമ്പേരി ഇടവകയിൽ അസിസ്റ്റന്റ് വികാരിയായി പൗരോഹിത്യ ശുശ്രൂഷ ആരംഭിച്ചു. പാലത്തിൻകടവ്, മംഗലാപുരം, പാണത്തൂർ, വിമലഗിരി, ഇരിട്ടി, ചെറുപുഴ ഇടവകകളിൽ വികാരിയായും തലശ്ശേരി മൈനർ സെമിനാരി ആദ്ധ്യാത്മികപിതാവ്, നാലാം വർഷ വൈദിക വിദ്യാർത്ഥികളുടെ പരിശീലകൻ എന്നീ നിലകളിലും സേവനമനുഷ്ഠിച്ചു. 2017 മെയ് മാസം മുതൽ ചെറുപുഴ സെന്റ് മേരീസ് ഫൊറോന ഇടവകയുടെ വികാരിയായി സേവനം ചെയ്ത് വരികയായിരുന്നു.

2021 ഏപ്രിൽ മധ്യത്തിൽ ജോർജ്ജച്ചന് കോവിഡ് 19 ബാധിച്ചു. ആദ്യദിനങ്ങളിൽ പള്ളിയിൽത്തന്നെ വിശ്രമിക്കുകയായിരുന്നു. നേരിയ ശ്വാസതടസ്സം ഉണ്ടായതിനെത്തുടർന്ന് തലശ്ശേരി ജോസ്ഗിരി ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഏപ്രിൽ 26-ാം തിയതിയോടെ അദ്ദേഹത്തിന് ന്യൂമോണിയ കലശലാകുന്ന ലക്ഷണങ്ങൾ കണ്ടതിനെത്തുടർന്ന് വിദഗ്ദ ചികിത്സക്കായി കോഴിക്കോട് മിംസ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അച്ചൻ സാവധാനം ആരോഗ്യം മെച്ചപ്പെട്ട് ഇന്റൻസീവ് കെയർ യൂണിറ്റിൽ നിന്ന് മുറിയിലേക്ക് മാറി. മെയ് 28 ന് അച്ചന്റെ ആരോഗ്യനില വീണ്ടും വഷളാവുകയും ആദ്യം ഇന്റൻസീവ് കെയർ യൂണിറ്റിലും തുടർന്ന് വെന്റിലേറ്ററിലും പ്രവേശിപ്പിക്കുകയും ചെയ്തു. ജോർജ്ജച്ചന്റെ ശ്വാസകോശങ്ങളും വൃക്കയും തകരാറിലായതിനെത്തുടർന്ന് അത്യന്തം ഗുരുതരാവസ്ഥയിലായതുമുതൽ ലോകത്തിന്റെ എല്ലാ ഭാഗത്തുനിന്നുമുള്ള അനേകമാളുകൾ അച്ചനുവേണ്ടി പ്രാർത്ഥിക്കുന്നുണ്ടായിരുന്നു. എന്നാൽ ദൈവഹിതം അദ്ദേഹം സ്വർഗ്ഗത്തിൽ എത്രയും പെട്ടെന്ന് എത്തിച്ചേരണം എന്നതായിരുന്നു. 2021 ജൂൺ 3 വൈകുന്നേരം 8.45 ന് അദ്ദേഹത്തിന്റെ അത്മാവ് സ്വർഗ്ഗഗേഹത്തിലേക്ക് യാത്രയായി.

ജൂൺ 3 വ്യാഴാഴ്ച രാത്രിയിൽ അദ്ദേഹത്തിന്റെ ഭൗതികശരീരം തലശ്ശേരി കത്തീഡ്രൽപള്ളിയിൽ എത്തിച്ചു. രാവിലെ 6.30 ന് അഭിവന്ദ്യ മാർ ജോർജ്ജ് വലിയമറ്റം പിതാവിന്റെ കാർമ്മികത്വത്തിൽ വി. കുർബ്ബാന അർപ്പിച്ചു. ജൂൺ 4 വെള്ളിയാഴ്ച രാവിലെ 9.30 മുതൽ 12 മണിവരെ ചെറുപുഴ സെന്റ് മേരീസ് ഫൊറോനപള്ളിയിൽ പൊതുദർശനത്തിന് വച്ചപ്പോൾ ലോക്ഡൗൺ നിയന്ത്രണങ്ങളെ അതിലംഘിച്ചുകൊണ്ട് നൂറുകണക്കിനാളുകൾ അകാലത്തിൽ വിടപറഞ്ഞ പ്രിയപ്പെട്ട അജപാലകന് അന്ത്യാഞ്ജലികൾ അർപ്പിക്കാൻ എത്തിച്ചേർന്നു. മൃതസംസ്ക്കാര ശുശ്രൂഷയുടെ ഒന്നാം ഭാഗത്തിന് ചെറുപുഴയിൽ മാർ

ജോസഫ് പാംപ്ലാനി പിതാവ് നേതൃത്വം നല്കി.  മാതൃ ഇടവകയായ ജയഗിരി സെന്റ് ആന്റണീസ് ദൈവാലയത്തിൽ ഉച്ചകഴിഞ്ഞ് രണ്ടുമണിക്ക് തലശ്ശേരി അതിരൂപതാദ്ധ്യക്ഷൻ മാർ ജോർജ്ജ് ഞറളക്കാട്ട് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ മൃതസംസ്ക്കാര ശുശ്രൂഷ നടന്നു.

വിശുദ്ധനായ വൈദികൻ എന്ന വിശേഷണം അക്ഷരാർത്ഥത്തിൽ യോജിക്കുന്ന വൈദികനായിരുന്നു ഫാ. ജോർജ്ജ് വണ്ടർകുന്നേൽ. അജഗണങ്ങളെ സ്നേഹിച്ച നല്ല ഇടയൻ. രൂപത്തിലും സ്വഭാവത്തിലും വിയാനി പുണ്യവാനെ അനുസ്മരിപ്പിച്ചിരുന്നു ജോർജ്ജച്ചൻ. ബോധ്യങ്ങളിൽ അടിയുറച്ച നിലപാടുകൾ, ശാന്തവും സ്നേഹമസൃണവുമായ പെരുമാറ്റംകൊണ്ട് ഹൃദയങ്ങളെ കീഴടക്കുന്ന വ്യക്തിത്വം. അനേകം വൈദികർക്ക് ആത്മീയ ജീവിതത്തിൽ പരിശീലകനും വഴികാട്ടിയുമായിരുന്നു അദ്ദേഹം. ഒരു നല്ല മനുഷ്യനെ, നല്ല പുരോഹിതനെ, നല്ല സ്നേഹിതനെ, നല്ല അജപാലകനെയാണ് നഷ്ടമായിരിക്കുന്നത്. തലശ്ശേരി അതിരൂപതയുടെ വിഹായസ്സിൽ ജ്വലിച്ചുനിന്ന താരകമേ, അകാലത്തിൽ പൊലിഞ്ഞുപോയ അങ്ങയുടെ ദീപ്തസ്മരണകൾക്കു മുമ്പിൽ പ്രണാമം.

ഞങ്ങളുടെ പ്രിയപ്പെട്ട സഹോദരാ, ഇതുവരെ ഞങ്ങൾ അങ്ങയെ അനുഗമിച്ചു. ഇനി ദൈവത്തിന്റെ മാലാഖമാർ അങ്ങയെ അനുഗമിച്ചുകൊള്ളും. അങ്ങയുടെ അദ്ധ്വാനങ്ങൾക്കും ക്ലേശങ്ങൾക്കും അങ്ങു സമർപ്പിച്ചിട്ടുള്ള ദിവ്യബലികൾക്കും ദൈവം പ്രതിഫലം നല്കട്ടെ.

**ഫാ. തോമസ് തെങ്ങുംപള്ളിൽ**
ചാൻസലർ

# ഫാ. മാത്യു തെക്കേക്കുളം

## അനുസ്മരണം



തലശ്ശേരി അതിരൂപതയിലെ മുതിർന്ന വൈദികരിൽ ഒരാളായ ഫാ. മാത്യു തെക്കേക്കുളം 2021 ജൂൺ 4-ാം തിയതി മഞ്ഞളാംപുറത്തുള്ള സഹോദരപുത്രന്റെ ഭവനത്തിൽ വച്ച് നിര്യാതനായി. ലുക്കീമിയ ബാധിച്ച് ഏതാനും നാളുകളായി അച്ചൻ ശയ്യാവലംബിയായിരുന്നു.

കോതമംഗലം രൂപതയിലെ ഉടുമ്പന്നൂർ ഇടവകയിൽ തെക്കേക്കുളം ദേവസ്യ. ത്രേസ്യാ ദമ്പതികളുടെ മകനായി 1948 ഡിസംബർ 1-ാം തിയ്യതി മാത്യു അച്ചൻ ജനിച്ചു. ജോസഫ് (late), പത്രോസ്(late), ജോബ് (late), അന്നക്കുട്ടി മണക്കാട്ട്, ജോർജ്, തോമസ്, അഗസ്റ്റിൻ എന്നിവരാണ് സഹോദരങ്ങൾ. മാതാപിതാക്കൾ 1956 – ൽ മാനന്തവാടി രൂപതയിലുള്ള ചുങ്കക്കുന്നിലേയ്ക്ക് കുടിയേറി. അച്ചന്റെ പ്രാഥമിക വിദ്യാഭ്യസം ചുങ്കക്കുന്ന് ഗവൺമെന്റ് എൽ. പി. സ്ക്കൂൾ, മഞ്ഞളാപുറം യു.പി. സ്കൂൾ എന്നിവിടങ്ങളിലായിരുന്നു. ഹൈസ്ക്കൂൾ വിദ്യാഭ്യാസം പേരാവൂർ സെന്റ് ജോസഫ്സ് ഹൈസ്ക്കൂളിൽ പൂർത്തിയാക്കി. 1966-ൽ അദ്ദേഹം തലശ്ശേരി സെന്റ് ജോസഫ്സ് മൈനർ സെമിനാരിയിൽ ചേർന്ന് വൈദിക പരിശീലനം ആരംഭിച്ചു. തത്ത്വശാസ്ത്ര- ദൈവശാസ്ത്ര പഠനങ്ങൾ കോട്ടയം വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ പൂർത്തിയാക്കി. 1974 ഡിസംബർ 21-ാം തീയതി ചുങ്കക്കുന്ന് പള്ളിയിൽ വച്ച് അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽ നിന്നും പൗരോഹിത്യം സ്വീകരിച്ചു.

അങ്ങാടിക്കടവ് ഇടവകയിൽ സഹവികാരിയായാണ് അദ്ദേഹം തന്റെ പൗരോഹിത്യ ശുശ്രൂഷ ആരംഭിച്ചത്. കക്കാടംപൊയിൽ, കൊളക്കാട്, കടുമേനി, അരീക്കമല, ബൽത്തംഗടി, ഉരുപ്പുംകുറ്റി, ജോസ്മൗണ്ട്, മണക്കടവ്, എടക്കോം, വാണിയപ്പാറ, ചായ്യോത്ത്, നെല്ലിയടുക്കം, നെടുവാലൂർ, പെരിങ്കരി, ചെങ്ങോം, ആനപ്പന്തി, ഉമ്മറപ്പൊയിൽ ഇടവകകളിൽ വികാരിയായി സേവനം ചെയ്തു. ഉണ്ണീശോയുടെ വലിയ ഭക്തനായിരുന്ന അച്ചൻ ആരംഭിച്ച ചീക്കാട് ഉണ്ണിമിശിഹാപള്ളി ഇന്ന്

മലബാറിലെ അറിയപ്പെടുന്ന തീർത്ഥാടനകേന്ദ്രമാണ്. അദ്ദേഹം ആദ്യ വികാരിയായി നിയമിതനായ കക്കാടംപൊയിൽ എന്ന കുടിയേറ്റ ഗ്രാമത്തെ വികസനത്തിന്റെ പാതയിലേക്ക് കൈപിടിച്ചു നടത്തിയതിന്റെ കഥകൾ അവിടുത്തെ ആളുകൾ ഒരു വീരേതിഹാസം പോലെ ഇന്നും വാഴ്ത്തിപ്പാടുന്നുണ്ട്.

വളരെ ഊർജ്ജ്വസ്വലനായി പ്രാർത്ഥനയിലും അദ്ധ്വാനത്തിലും അതിതീവ്രമായ തീക്ഷ്ണത പുലർത്തിയിരുന്നയാളായിരുന്നു ഫാ. മാത്യു തെക്കേക്കുളം. അജഗണങ്ങൾക്കുവേണ്ടി സഹനങ്ങളും കഷ്ടതകളും ഏറ്റെടുക്കുന്നതിൽ അദ്ദേഹത്തിന് ഒരു മടിയുമില്ലായിരുന്നു. സ്വന്തമായി ഉണ്ടായിരുന്ന എല്ലാം അദ്ദേഹം ആവശ്യക്കാർക്കായി വീതിച്ചു നല്കി. സ്വന്തമായി ഒരു സമ്പാദ്യവും ബാക്കി വയ്ക്കാതെയാണ് അദ്ദേഹം കടന്നുപോകുന്നത്.

2020 ൽ അദ്ദേഹത്തിന് ഉദരസംബന്ധമായ അസുഖത്തെത്തുടർന്ന് ഒരു ഓപ്പറേഷന് വിധേയനാകേണ്ടിവന്നു. ഒരുവർഷത്തെ വിശ്രമത്തിനുശേഷം വീണ്ടും അജപാലനശുശ്രൂഷയിൽ സജീവമായി വരുന്നതിനിടയിലാണ് ഗൗരവമായ ലുക്കീമിയ കണ്ടെത്തിയത്. എല്ലാ ചികിൽത്സകളും വിഫലമാകുന്ന ഘട്ടത്തിൽ എത്തി എന്ന് മനസ്സിലാക്കി തന്റെ സ്വർഗ്ഗയാത്രയ്ക്ക് ഒരുങ്ങി കാത്തിരിക്കുകയായിരുന്നു അദ്ദേഹം.

മൃതസംസ്ക്കാരം 04-06-2021 വെള്ളിയാഴ്ച വൈകുന്നേരം നാലു മണിക്ക് മഞ്ഞളാംപുറം സെന്റ് ആന്റണീസ് ദൈവാലയത്തിൽ അഭിവന്ദ്യപിതാക്കൻമാരുടെ കാർമ്മികത്വത്തിൽ നടന്നു. ഭവനത്തിൽ ആരംഭിച്ച മൃതസംസ്ക്കാര ശുശ്രൂഷയുടെ ഒന്നാം ഭാഗത്തിന് ആർച്ച്ബിഷപ് മാർ ജോർജ്ജ് ഞറളക്കാട്ട് നേതൃത്വം നല്കി. മാർ ജോസഫ് പാംപ്ലാനി പിതാവ് വി. കുർബ്ബാനക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. മാർ ജോർജ്ജ് വലിയമറ്റം പിതാവ് അനുശോചന സന്ദേശം നല്കി. ആർച്ച്ബിഷപ് മാർ ജോർജ്ജ് ഞറളക്കാട്ട് പിതാവിന്റെ കാർമ്മികത്വത്തിൽ മൃതസംസ്ക്കാര ശുശ്രൂഷയുടെ അവസാനഭാഗം നടന്നു. ധാരാളം സഹവൈദികരും അജഗണവും കോവിഡ് നിയന്ത്രണങ്ങളുടെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് പ്രിയപ്പെട്ട മത്തായിയച്ചന് അന്തിമയാത്ര പറയാൻ എത്തിയിരുന്നു.

തീക്ഷ്ണമതിയായ അജപാലകൻ ഇനിയും ചെയ്തു തീർക്കാനുള്ള അനേകം ശുശ്രൂഷാദൗത്യങ്ങൾ ബാക്കിവച്ച് യാത്രയാകുമ്പോൾ അദ്ദേഹത്തിന് യാത്രാമൊഴി.

**ഫാ. തോമസ് തെങ്ങുംപള്ളിൽ**
ചാൻസലർ

# സെമിനാരി വാർത്തകൾ

## 1. നവാഗതർക്ക് സ്വാഗതം

ഈ വർഷം നമ്മുടെ അതിരൂപതയ്ക്കുവേണ്ടി 28 വൈദികാർത്ഥികൾക്കാണ് മൈനർ സെമിനാരിയിൽ പ്രവേശനം ലഭിച്ചിരിക്കുന്നത്. നവാഗതർക്ക് ഹൃദ്യമായ സ്വാഗതം. പൗരോഹിത്യം ലക്ഷ്യമാക്കി യാത്ര ആരംഭിച്ചിരിക്കുന്ന ഇവരുടെ ജീവിത വഴിത്താരകളിൽ സമൃദ്ധമായ ദൈവാനുഗ്രഹം ഉണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ഒന്നാംവർഷ വൈദികാർത്ഥികളുടെ പേരും ഇടവകയും ചുവടെ ചേർക്കുന്നു.

| No | NAME | PARISH |
|---|---|---|
| 1 | Adackamundackal Akshay | Velimanam |
| 2 | Anandabhavan Joyal | Mundanoor |
| 3 | Cheruparambil Abhishek | Cherupuzha |
| 4 | Cheruparambil Jerin | Pulikurumba |
| 5 | Kalayankandathil Abin | Charal |
| 6 | Kanjamala Antony | Paramba |
| 7 | Kavumkal Tom | Chundaparamba |
| 8 | Kizhakkekara Tony | Chempery |
| 9 | Kollamkottu Subin | Charal |
| 10 | Kunninu Benedict | Anara |
| 11 | Mattathil Shils | Mattara |
| 12 | Ozhukayil Mathew | Vellarikund |
| 13 | Palattikoonathan Joseph | Konnakad |
| 14 | Parasseril Martin | Paisakary |
| 15 | Peppayil Amith | Lissigiri |
| 16 | Pezhathumkal Akshay | Cherupara |
| 17 | Punnathanathu Anto | Thayyeni |
| 18 | Puthiyaparambil Paul | Karyappally |
| 19 | Puthuparambil Libin | Charal |
| 20 | Thadikattupadiyil Joseph | Pulingome |
| 21 | Thakidiyel Christopher | Neduvaloor |

| | | |
|---|---|---|
| 22 | Thundiyil Abinob | Paduppu |
| 23 | Unnupalathinkal Celestin | Ottathai |
| 24 | Vadassery Toms | Pulikkurumba |
| 25 | Vattakkanayil Thomas | Kanjiradukkom |
| 26 | Vattakuzhy Jobin | Ottathai |
| 27 | Vayalumkal Shon | Modayarinji |
| 28 | Vemkittakkal Melbin | Thayyeni |

**2. ദൈവശാസ്ത്ര പഠനം**

മൈനർ സെമിനാരി പരിശീലനത്തിലൂടെ തങ്ങളുടെ ദൈവവിളിയിൽ ആഴപ്പെട്ട് ദൈവശാസ്ത്ര പഠനത്തിനായി 16 വൈദികാർത്ഥികളാണ് വിവിധ മേജർ സെമിനാരികളിൽ പ്രവേശിച്ചിരിക്കുന്നത്. ഏവർക്കും അഭിനന്ദനങ്ങളും പ്രാർത്ഥനകളും നേരുന്നു. ഈ വർഷം ദൈവശാസ്ത്ര പഠനം ആരംഭിച്ചിരിക്കുന്നവരുടെ ലിസ്റ്റ് ചുവടെ ചേർത്തിരിക്കുന്നു.

| No | Name | Parish | Seminary |
|---|---|---|---|
| 1 | Adichilamackal Varghese (Joyal) | Rajamudy | Mangalapuzha |
| 2 | Chakirippadathu Abraham (Ajal) | Chemperi | Vadavathoor |
| 3 | Elamthuruthil Thomas (Abin) | Kappimala | Kunnoth |
| 4 | Kalavanal Joseph (Joseph) | Chavaragiri | Kunnoth |
| 5 | Koduveliparambil Donal | Kasaragod | Mangalapuzha |
| 6 | Madathettu Thomas (Jince) | Bheemanady | Kunnoth |
| 7 | Mappalakayil Sebastian (Abin) | Vimalassery | Kunnoth |
| 8 | Moolayil Loyola | Nellikkampoil | Vadavathoor |
| 9 | Moolethottathil Joseph (Belbin) | Vellarikkundu | Vadavathoor |
| 10 | Nalonnukattil Thomas (Toms) | Kodoth | Kunnoth |
| 11 | Palamattathil Thomas (Ebin) | Chedikkulam | Vadavathoor |
| 12 | Pamplaniyil Benet (Alwin) | Karikottakkary | Mangalapuzha |
| 13 | Panachickal Lukose (Mebin) | Vellarikund | Mangalapuzha |
| 14 | Payikkattu Scaria | Peringala | Kunnoth |
| 15 | Pazhayaveettil Varghese (Jithin) | Cherupuzha | Mangalapuzha |
| 16 | Puravakkattu Amal Joe | Chempanthotty | Vadavathoor |

### 3. ദൈവശാസ്ത്ര പഠനം

തത്വശാസ്ത്ര പഠനത്തിനുശേഷമുള്ള പ്രായോഗിക പരിശീലനമായ റീജൻസി വിജയകരമായി പൂർത്തിയാക്കി തങ്ങളുടെ പൗരോഹിത്യ ദൈവവിളിയിൽ കൂടുതൽ ആഴപ്പെട്ട് ഉറച്ച കാൽവയ്പ്പുകളോടെ ദൈവശാസ്ത്ര പഠനത്തിനായി 16 പേരാണ് വിവിധ മേജർ സെമിനാരികളിൽ പ്രവേശിച്ചിരിക്കുന്നത്. റീജൻസിക്കാലയളവിൽ വിവിധ ഇടങ്ങളിലായി അവർ ചെയ്ത സ്തുത്യർഹമായ സേവനങ്ങൾ നന്ദിയോടെ അനുസ്മരിക്കുന്നു. വിശുദ്ധിയിലും വിജ്ഞാനത്തിലും കൂടുതൽ ആഴപ്പെടുവാൻ ദൈവശാസ്ത്ര പഠനകാലഘട്ടത്തിൽ ഇടയാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ഈ വർഷം ദൈവശാസ്ത്രപഠനം ആരംഭിച്ചിരിക്കുന്നവരുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| No | Name | Parish | Theology |
|---|---|---|---|
| 1 | Athirukulangara Devasia (Jeswin) | Mulleria | Germany |
| 2 | Attarackal James (Bodwin) | Chedikkulam | Vadavathoor |
| 3 | Cherukarakunnel Joseph (Cyril) | Alakode | Satna |
| 4 | Cherunilam Augustine (Nithin) | Kanalki | Vadavathoor |
| 5 | Ettakkal Augustine (Josbin) | Chemberi | Rome |
| 6 | Kalapurackal Chacko (Ribin) | Vayattuparamba | Satna |
| 7 | Kanattu John (Noyal) | Kunnumkai | Germany |
| 8 | Kaniparambil Sebastian (Jubin) | Chully | Mangalapuzha |
| 9 | Kuriyilanickal Xavior (Arun) | Kavumthala | Mangalapuzha |
| 10 | Mannur Mathew (Grain) | Paisakkary | Vadavathoor |
| 11 | Mannur Thomas (Grino) | Paisakkary | Mangalapuzha |
| 12 | Pazhooparambil Martin | Cherupara | Kunnoth |
| 13 | Pookulathil Joseph (Amal) | Rajagiry | Vadavathoor |
| 14 | Thekkel Thomas (Albin) | Malom | Mangalapuzha |
| 15 | Valiyaparambil John (Binish) | Kunnumkai | Kunnoth |
| 16 | Valliyil Thomas (Amal) | Palavayal | Kunnoth |

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് പണ്ടാരപ്പറമ്പിൽ**
വൊക്കേഷൻ പ്രൊമോട്ടർ
9400 062 870, 9744 731 947

**ഫാ. ജോർജ് കരോട്ട്**
റെക്ടർ
8304 871 142

# വിശ്വാസപരിശീലനം

**"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2:52).**

## 1. ദുക്റാന തിരുനാൾ

"കർത്താവേ, നീ എവിടേക്കു പോകുന്നുവെന്ന് ഞങ്ങൾക്ക് അറിഞ്ഞുകൂടാ.. പിന്നെ വഴി ഞങ്ങൾ എങ്ങനെ അറിയും?" ഈശോ പറഞ്ഞു: വഴിയും സത്യവും ജീവനും ഞാനാണ്. എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ പക്കലേയ്ക്ക് വരുന്നില്ല." സ്വർഗ്ഗരാജ്യത്തിലേയ്ക്കുള്ളവഴി കണ്ടെത്തിയവനാണ് നമ്മുടെ പിതാവായ മാർതോമ്മാശ്ലീഹാ. കുഞ്ഞുങ്ങളെ സ്വർഗ്ഗത്തിലേയ്ക്കുള്ള വഴി പഠിപ്പിക്കുക എന്നതുതന്നെയാണല്ലോ വിശ്വാസപരിശീലനത്തിന്റെ ആത്യന്തിക ലക്ഷ്യവും. വിശ്വാസം പകർന്നുതന്ന മാർത്തോമ്മാശ്ലീഹായെ അനുകരിച്ച് വിശ്വാസത്തിൽ ആഴപ്പെട്ടു ജീവിക്കുവാനും മിശിഹായ്ക്കു സാക്ഷ്യം വഹിക്കുവാനും നമുക്ക് പരിശ്രമിക്കാം. എല്ലാ വിശ്വാസപരിശീലകർക്കും ദുക്റാനത്തിരുനാൾ ആശംസകൾ!!!

## 2. നന്ദി...സ്വാഗതം

നാലു വർഷക്കാലം വിശ്വാസപരിശീലനകേന്ദ്രത്തിൽ ശുശ്രൂഷ ചെയ്ത ബഹു. സി. ടെർസിറ്റ എൻഎസ് തടിക്കടവ് കോൺവെന്റിലേക്ക് സ്ഥലം മാറി. സിസ്റ്ററിന്റെ സേവനം വിശ്വാസപരിശീലനകേന്ദ്രം ഓഫീസിലും ഇടവകയിലെ വിശ്വാസപരിശീലന പ്രവർത്തനങ്ങളിലും വലിയ സഹായമായിരുന്നു. എല്ലാ കാര്യങ്ങളും കൃത്യതയോടെ ചെയ്യുവാനും സമയത്തുതന്നെ മറുപടി നല്കുവാനും സിസ്റ്റർ ആത്മാർത്ഥമായി പരിശ്രമിച്ചു. ഓഫീസിൽ വരുന്ന എല്ലാവരെയും വളരെ ഹൃദ്യമായി സിസ്റ്റർ സ്വീകരിച്ചിരുന്നു. തികഞ്ഞ അർപ്പണബോധത്തോടുകൂടി, ചിട്ടയായ പ്രവർത്തനങ്ങളിലൂടെ വിശ്വാസപരിശീലനപ്രവർത്തനങ്ങളിൽ സഹായിക്കുവാൻ സിസ്റ്ററിന് സാധിച്ചു. അതിരൂപതാ വിശ്വാസപരിശീലനകുടുംബാംഗങ്ങളുടെ ആത്മാർത്ഥമായ നന്ദി അറിയിക്കുന്നു. തടിക്കടവ് ഇടവകയിലെ വിശ്വാസപരിശീലനപ്രവർത്തനങ്ങൾക്ക് കൂടുതൽ കരുത്തേകുവാൻ സിസ്റ്ററിന്റെ സാന്നിദ്ധ്യം സഹായകമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

വിശ്വാസപരിശീലനകേന്ദ്രത്തിലേയ്ക്ക് പുതുതായി വന്നിരിക്കുന്ന സി. റോസിലിയ എൻഎസിന് ഹൃദ്യമായ സ്വാഗതം ആശംസിക്കുന്നു.

## 3. രക്ഷയുടെ പാതയിൽ: വിശ്വാസപരിശീലന ക്ലാസ്സുകൾ

രക്ഷയുടെ പാതയിൽ എന്ന പേരിൽ സീറോ മലബാർ സഭയിലെ പതിമൂന്ന് രൂപതകൾ ഒരുമിച്ച് തയ്യാറാക്കുന്ന വിശ്വാസപരിശീലന ക്ലാസ്സുകളുടെ സംപ്രേക്ഷണം ജൂൺ 06 ഞായറാഴ്ച ആരംഭിച്ചു. ബൈബിൾ നേഴ്സറി മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെയുള്ള വിശ്വാസപരിശീലന ക്ലാസ്സുകളാണ് ഞായർ മുതൽ ശനി വരെയുള്ള ദിവസങ്ങളിൽ ശാലോം, ഗുഡ്നെസ്സ്, ഷെക്കെയ്ന എന്നീ ചാനലുകൾ വഴി സംപ്രേക്ഷണം ചെയ്യുന്നത്.

### പ്രത്യേക നിർദ്ദേശങ്ങൾ

ഞായറാഴ്ച നമ്മൾ കുട്ടികളുടെ വിശ്വാസപരിശീലനത്തിനായി മാറ്റി വച്ച ദിവസമാണല്ലോ. രാവിലെ 10.30ന് ശാലോം ടിവിയിൽ സംപ്രേഷണം ചെയ്യുന്ന വി. കുർബാനയോടുകൂടിയാണ് വിശ്വാസപരിശീലനം ആരംഭിക്കുക. ആ സമയം തന്നെ നമുക്കും ഉണർവ്വുള്ള അധ്യാപകരാകാം. ചില പ്രായോഗിക നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

a. ഞായർ മുതൽ ശനിവരെയുള്ള ദിവസങ്ങളിൽ ചാനലുകൾവഴി സംപ്രേഷണം ചെയ്യുന്ന വിശ്വാസപരിശീലന ക്ലാസ്സുകൾ കുട്ടികൾ കാണുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

b. ഞായറാഴ്ച 10.30 ന് ശാലോം ടിവിയിൽ സംപ്രേഷണം ചെയ്യുന്ന വി. കുർബാനയിൽ എല്ലാ കുട്ടികളും പങ്കെടുക്കുണ്ടെന്ന് ഉറപ്പുവരുത്തുക.

c. ഞായർ മുതൽ ശനി വരെയുള്ള ദിവസങ്ങളിൽ സംപ്രഷണം ചെയ്ത ക്ലാസ്സുകൾ ഞായറാഴ്ച രാവിലെ 11.45-ന് വിശ്വാസപരിശീലനകേന്ദ്രത്തിന്റെ യൂട്യൂബ് ചാനലായ Catechesis Thalassery വഴി വീണ്ടും നല്കുന്നതാണ്.

d. 12 മണിമുതൽ 1 മണി വരെയുള്ള സമയം നിർബന്ധമായും എല്ലാ അധ്യാപകരും വിശ്വാസപരിശീലനത്തിനായി വിനിയോഗിക്കുക. Zoom, Google Meet, Whats App തുടങ്ങിയ വ്യത്യസ്ത ആപ്ലിക്കേഷനുകൾ ക്ലാസ്സെടുക്കുവാനായി വിനിയോഗിക്കുക.

e. രണ്ട് അധ്യായങ്ങളുടെ സംപ്രേഷണം കഴിയുമ്പോൾ കുട്ടികൾക്ക് പരീക്ഷ ഉണ്ടായിരിക്കും. ചോദ്യങ്ങൾ വിശ്വാസപരിശീലനകേന്ദ്രം തയ്യാറാക്കി നല്കുന്നതാണ്.

f. പാഠഭാഗത്തിന്റെ നോട്ട് തയ്യാറാക്കി ഫോട്ടോ എടുത്ത് വാട്ട്സ് ആപ്പ് ഗ്രൂപ്പിലേയ്ക്ക് പോസ്റ്റ് ചെയ്യുവാൻ കുട്ടികളോട് ആവശ്യപ്പെടുക.

g. ഓൺലൈൻ ക്ലാസ്സുകളിൽ പങ്കെടുക്കുകയും ഹോംവർക്കുകൾ പൂർത്തിയാക്കുകയും ചെയ്യുന്ന കുട്ടികൾക്ക് ഹാജരും ഇന്റേണൽ മാർക്കും നല്കുക. ഹാൻഡ് ബുക്കിൽ അവയെല്ലാം രേഖപ്പെടുത്തുക.

h. വിശുദ്ധരെ പരിചയപ്പെടൽ, സഭാവാർത്തകൾ, വചനവിചിന്തനം, ബൈബിൾ ക്വിസ്സ്, കുടുംബത്തിൽ ചെയ്ത നന്മപ്രവൃത്തികളെകുറിച്ചുള്ള അനുഭവസാക്ഷ്യം, തിരുവചനപഠനം തുടങ്ങിയ പ്രവർത്തനങ്ങൾ ഓരോ ഞായറാഴ്ചയും ചെയ്യുന്നതിന് ക്ലാസ്സിലെ കുട്ടികളെ നിശ്ചയിക്കുകയും അവർ അവ ഗ്രൂപ്പിൽ പങ്കുവയ്ക്കുന്നത് പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

i. കുട്ടികളുടെ വിശ്വാസം, പഠനം മുതലായ കാര്യങ്ങൾ എല്ലാ വിശ്വാസപരിശീലകരും നിർബന്ധമായും ഹാൻഡ്ബുക്കിൽ രേഖപ്പെടുത്തുക. എല്ലാ വിശ്വാസപരിശീലകർക്കും ഹാൻഡ്ബുക്ക് ഉണ്ടെന്ന് പ്രധാനാധ്യാപകർ ഉറപ്പുവരുത്തുക.

j. എല്ലാ കുട്ടികൾക്കും പാഠപുസ്തകം ലഭിച്ചിട്ടുണ്ടെന്ന് ക്ലാസ്സ് ടീച്ചർ ഉറപ്പുവരുത്തണം.

k. ടിവി, വാട്ട്സ്ആപ്പ് സൗകര്യം ഇല്ലാത്ത കുട്ടികളെ പ്രത്യേകം പരിഗണിക്കണം. അങ്ങനെയുള്ള കുട്ടികളെ ക്ലാസ്സ് ടീച്ചർ ഫോൺ വിളിച്ച് ആവശ്യമായ ക്രമീകരണങ്ങൾ നടത്തണം.

l. കുടുംബമാണല്ലോ പ്രഥമ വിശ്വാസപരിശീലനകളരി. സ്വന്തം മക്കളെ വിശ്വാസത്തിൽ വളർത്തുന്നതിനും ആഴപ്പെടുത്തുന്നതിനും ആവശ്യമായ പ്രോത്സാഹനം മാതാപിതാക്കൾക്ക് നല്കുക. ഓൺലൈൻ ക്ലാസ്സുകളിൽ കുട്ടിയുടെ പങ്കാളിത്തം, ഹോംവർക്കുകൾ തയ്യാറാക്കി നല്കുന്നത്, പാഠഭാഗങ്ങൾ പഠിക്കുന്നത് തുടങ്ങിയ കാര്യങ്ങൾ യഥാസമയം മാതാപിതാക്കളെ അറിയിക്കുക.

പ്രിയപ്പെട്ട വിശ്വാസപരിശീലകരെ, കുട്ടികൾ വിശ്വാസത്തിലും, സന്മാർഗചിന്തയിലും മൂല്യബോധത്തിലും വളരുന്നതിന് നമ്മൾ ആത്മാർത്ഥമായി പരിശ്രമിക്കണം. ഓൺലൈൻ വിശ്വാസപരിശീലന ക്ലാസ്സുകൾ വിജയത്തിലെത്തണമെങ്കിൽ വിശ്വാസപരിശീലകരുടെ നിസ്വാർത്ഥമായ സഹകരണം അത്യന്താപേഷിതമാണെന്ന കാര്യം ഓർമ്മിക്കുമല്ലോ.

## 4. ജൂലൈ മാസത്തെ വിശ്വാസപരിശീലന ക്ലാസ്സുകൾ

ശാലോം, ഗുഡ്നെസ്സ്, ഷെക്കെയ്ന എന്നീ ചാനലുകളിൽ സംപ്രേഷണം ചെയ്യുന്ന വിശ്വാസപരിശീലന ക്ലാസ്സുകളുടെ യുട്യൂബ് ലിങ്ക് ഞായറാഴ്ചകളിൽ വാട്ട്സ് ആപ്പ് ഗ്രൂപ്പിൽ നല്കുന്നത് താഴെ കൊടുത്തിരിക്കുന്ന വിധമായിരിക്കും:

04-07-2021 ഞായർ - അദ്ധ്യായം 2 പാർട്ട് 2
11-07-2021 ഞായർ - അദ്ധ്യായം 3 പാർട്ട് 1
18-07-2021 ഞായർ - അദ്ധ്യായം 3 പാർട്ട് 2
25-07-2021 ഞായർ - അദ്ധ്യായം 4 പാർട്ട് 1

## 5. സ്റ്റാഫ് മീറ്റിംഗ്

എല്ലാ സൺഡേ സ്കൂളുകളിലും ബഹു. വികാരിയച്ചന്റെ അദ്ധ്യക്ഷത യിൽ സ്റ്റാഫ് മീറ്റിംഗ് നടത്തണം. ജൂലൈ രണ്ടാമത്തെ ഞായറാഴ്ച സ്റ്റാഫ് മീറ്റിംഗ്കൂടി ഓൺലൈൻ ക്ലാസ്സുകളിലെ കുട്ടികളുടെ പങ്കാളിത്തം വിലയി രുത്തണം. കമ്പ്യൂട്ടർ പരിജ്ഞാനമുള്ള ഒരു വിശ്വാസപരിശീലകനെ/വിശ്വാ സപരിശീലകയെ ഓൺലൈൻ ക്ലാസ്സുകളുടെ ഉത്തരവാദിത്വം ഏൽപ്പിക്കണം

## 6. ഫൊറോന കമ്മിറ്റി

ബഹു. ഫൊറോന വികാരിച്ചൻ അധ്യക്ഷനായുള്ള ഫൊറോനകമ്മിറ്റി യാണ് ഫൊറോനയിലെ വിശ്വാസപരിശീലന പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത്. അതിരൂപത വിസിറ്ററും ഫൊറോന കമ്മിറ്റിയിലെ അംഗമാ ണ്. ഫൊറോന പ്രസിഡന്റ്, സെക്രട്ടറി, വിസിറ്റർ എന്നിവരിൽ ആരെയെ ങ്കിലും പുതുതായി തിരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ അവരുടെ പേര്, അഡ്രസ്സ് മുതലായവ ഓഫീസിലേയ്ക്ക് നല്കേണ്ടതാണ്.

## 7. പുതിയ ഹെഡ്മാസ്റ്റർ

പുതിയ ഹെഡ്മാസ്റ്റർമാരെ നിയമിക്കുമ്പോൾ അവരുടെ വിലാസവും മറ്റുവിവരങ്ങളും ബന്ധപ്പെട്ടവർ രേഖാമൂലം ഓഫീസിൽ അറിയിക്കേണ്ട താണ്.

## 8. സർവ്വേ ഫോറം

2021 -2022 പ്രവർത്തനവർഷത്തെ വിശ്വാസപരിശീലകരുടെയും കുട്ടി കളുടെയും വിവരങ്ങൾ രേഖപ്പെടുത്തിയ സർവ്വേഫോം **ജൂലൈ 31-ന്** മുമ്പായി ഓഫീസിലേയ്ക്ക് അയച്ചുതരുമല്ലോ. സർവ്വേ ഫോം പാഠപുസ്ത കങ്ങളോടൊപ്പം എല്ലാവർക്കും ലഭിച്ചുവെന്ന് വിശ്വസിക്കുന്നു.

## 9. ഡിപ്ലോമ സർട്ടിഫിക്കറ്റുകൾ

2020-2021 പ്രവർത്തനവർഷത്തിൽ നടത്തിയ ഡിപ്ലോമ പരീക്ഷകളുടെ സർട്ടിഫിക്കറ്റുകൾ പാഠപുസ്തകങ്ങളോടൊപ്പം നല്കിയിരുന്നു. ഇനിയും സർട്ടിഫിക്കറ്റുകൾ ഫൊറോന കേന്ദ്രത്തിൽനിന്നോ അതിരൂപതാ ഓഫീ സിൽനിന്നോ എടുക്കാത്തവർ എത്രയുംപെട്ടെന്നുതന്നെ സർട്ടിഫിക്കറ്റുകൾ എടുത്ത് കുട്ടികൾക്ക് വിതരണം ചെയ്യേണ്ടതാണ്.

## 10. നന്ദി ആശംസകൾ

വെള്ളരിക്കുണ്ട്, കാഞ്ഞങ്ങാട് എന്നീ ഫൊറോനകളിലെ വിശ്വാസപ രിശീലനപ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയ വെരി. റവ. ഫാ. മാത്യു ഇളംതുരുത്തിപ്പടവിൽ, വെരി. റവ. ഫാ. മാത്യു പരവരാകത്ത് എന്നിവർക്ക് വിശ്വാസപരിശീലന കേന്ദ്രത്തിന്റെ ഹൃദ്യമായ നന്ദി. ഫൊറോന ഡയറക്ടർ മാരായി പുതുതായി നിയമിതരായിരിക്കുന്ന വെരി. റവ. ഫാ. ജോൺസൺ

അന്ത്യാംകുളം, വെരി. റവ. ഫാ. മാത്യു ഇളംതുരുത്തിപ്പടവിൽ, വെരി. റവ. ഫാ. ജോസ് വെട്ടിക്കൽ എന്നിവർക്ക് അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

## 11 . പാഠപുസ്തകവിതരണം

പാഠപുസ്തകങ്ങളുടെ വിതരണം പൂർത്തിയായി. എല്ലാ കുട്ടികൾക്കും നിർബന്ധമായും പാഠപുസ്തകങ്ങൾ ഉണ്ടായിരിക്കണം. ഇനിയും പാഠപുസ്തകം വാങ്ങാത്ത സൺഡേസ്കൂളുകൾ എത്രയും പെട്ടെന്നുതന്നെ പുസ്തകങ്ങൾ വാങ്ങി വിതരണം നടത്തേണ്ടതാണ്. തിങ്കൾ മുതൽ ശനി വരെയുള്ള ദിവസങ്ങളിൽ രാവിലെ 9.30 മുതൽ വൈകുന്നേരം 5 മണിവരെ ഓഫീസ് തുറന്നു പ്രവർത്തിക്കുന്നതാണ്. ഉപപാഠപുസ്തകങ്ങൾ ആദ്യ സെമസ്റ്ററിനുശേഷം ഫൊറോന കേന്ദ്രങ്ങളിൽ എത്തിക്കുന്നതായിരിക്കും.

## 12. നവോദയ-സ്പോർട്സ് സ്കൂളുകളിലെ കുട്ടികളുടെ വിശ്വാസപരിശീലനം

സൺഡേസ്കൂളുകളിൽ റഗുലറായി പഠിക്കുവാൻ സാധിക്കാത്ത 6 മുതൽ 12 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന നവോദയ, സ്പോർട്സ് സ്കൂളുകളിലെ കുട്ടികൾക്ക് മാത്രമായുള്ള അവധിക്കാല വേദപാഠക്ലാസ്സുകൾ കഴിഞ്ഞ രണ്ടുവർഷമായി നടത്തുവാൻ സാധിച്ചിട്ടില്ല. ഈ കുട്ടികൾ സ്കൂളിലെ ക്ലാസ്സ് തുടങ്ങുന്നതുവരെ സൺഡേസ്കൂളിൽ റെഗുലറായി ചേർന്ന് പഠിക്കണം. ബഹു. ഹെഡ്മാസ്റ്റർ നവോദയ-സ്പോർട്സ് സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നല്കേണ്ടതാണ്.

## 11. ASPCT -പഠനപുസ്തകം

വിശ്വാസപരിശീലകരുടെ തുടർപരിശീലനത്തിന്റെ ഭാഗമായി ഈ വർഷം പഠിക്കുവാൻ തയ്യാറാക്കിയിരിക്കുന്ന് ബഹു. മൈക്കിൾ കാരിമറ്റം അച്ചൻ എഴുതിയ **"ആരാണ് നിങ്ങളുടെ ദൈവം"** എന്ന പുസ്തകമാണ്. എല്ലാ വിശ്വാസപരിശീലകർക്കും ഈ പുസ്തകത്തിന്റെ ഓരോ കോപ്പി നിർബന്ധമായും ഉണ്ടായിരിക്കണം. ഈ വർഷം അതിരൂപതയിലെ എല്ലാ അധ്യാപകരും ഈ പുസ്തകം പഠിക്കേണ്ടതാണ്.

## 14. സ്നേഹവീട് - ഭവനപദ്ധതി

താഴെ പേര് നല്കിയിരിക്കുന്ന സൺഡേസ്കൂളുകൾ ജൂൺ മാസത്തിൽ സ്നേഹവീട് ഭവനപദ്ധതിയിലേയ്ക്ക് സംഭാവന നല്കിയിട്ടുണ്ട്. സഹകരിച്ച എല്ലാ വിശ്വാസപരിശീലകർക്കും നന്ദി. ഇനിയും തുക നല്കാത്തവർ ജൂലൈ മാസത്തിൽ തന്നെ സംഭാവന സമാഹരിച്ച് ഓഫീസിൽ നല്കുമല്ലോ. ഉടൻതന്നെ ഭവനത്തിന്റെ പണികൾ ആരംഭിക്കുന്നതാണ്.

**സംഭാവന നൽകിയ സൺഡേ സ്കൂളുകൾ**

| | | | | | |
|---|---|---|---|---|---|
| കാലാങ്കി | -5000.00 | ഉമ്മറപൊയിൽ | - 8000.00 | പേരട്ട | - 20000.00 |
| അരിവിളഞ്ഞപൊയിൽ | -5000.00 | നടുവിൽ | - 21500.00 | കണ്ണൂർ | - 15000.00 |

| | | | | | |
|---|---|---|---|---|---|
| വായാട്ടുപറമ്പ് | - 50000.00 | കാലിച്ചാമരം | - 5000.00 | ആലക്കോട് | - 20000.00 |
| ആര്യപ്പറമ്പ് | - 5500.00 | പെർള | - 5500.00 | പൊയ്നാച്ചി | - 9500.00 |
| പുലിക്കുരുമ്പ | - 13000.00 | കനകപള്ളി | - 6000.00 | എടത്തൊട്ടി | - 5500.00 |
| കുന്നോത്ത് | - 20000.00 | പൈസക്കരി | - 16000.00 | വിജയഗിരി | - 5000.00 |
| ചീമേനി | - 4000.00 | വെള്ളാട് | - 22000.00 | മട്ടന്നൂർ | - 5000.00 |
| നെല്ലിക്കാംപൊയിൽ | - 3000.00 | ചെങ്ങോം | - 2000.00 | എടൂർ | - 15000.00 |
| കല്ലുമുതിരക്കുന്ന് | - 12000.00 | നെല്ലിപ്പാറ | - 13500.00 | ചരൾ | - 4000.00 |

## 15. കെയ്നോണിയ 2021

ജൂൺ 10, 11, 12 തീയതികളിൽ അതിരൂപതയിലെ മുഴുവൻ വിശ്വാസപരിശീലകരുടെയും മീറ്റിംഗ് ഓൺലൈനായി നടത്തി. മാർ ജോർജ് ഞറളക്കാട്ട് പിതാവും മാർ ജോസഫ് പാംപ്ലാനി പിതാവും മീറ്റിംഗിൽ സംസാരിച്ചു. ബഹു. സോണി വടശ്ശേരിൽ അച്ചൻ ഗൂഗിൾ മീറ്റ് വഴി ക്ലാസ്സ് എടുക്കുന്നതിനുള്ള പരിശീലനം വിശ്വാസപരിശീലകർക്ക് നല്കി. സഹകരിച്ച എല്ലാ വിശ്വാസപരിശീലകർക്കും നന്ദി.

## 16. എയ്ഞ്ചൽ നേഴ്സറി

സീറോ മലബാർ കാറ്റക്കിസം കമ്മീഷന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ നേഴ്സറി കുട്ടികളുടെ ക്ലാസ്സുകൾ ഞായറാഴ്ച ഗുഡ്നെസ്സ്, ഷെക്കെയ്ന എന്നീ ചാനലുകളിലും തിങ്കളാഴ്ച ശാലോം ടീവിയിലും സംപ്രേഷണം ചെയ്യുന്നുണ്ട്. കുട്ടികൾക്കുള്ള പാഠപുസ്തകങ്ങൾ ഓഫീസിൽ ലഭ്യമാണ്. മാതാപിതാക്കളെ ഈ വിവരം അറിയിക്കുമല്ലോ...

## 17. പ്രധാനാധ്യാപകരുടെ സൂം മീറ്റിംഗ് നടത്തി

ജൂൺ 03, 20 എന്നീ തീയതികളിൽ പ്രധാനാധ്യാപകരുടെ മീറ്റിംഗ് ഓൺലൈനായി നടത്തി. മീറ്റിംഗിൽ പങ്കെടുത്ത എല്ലാ പ്രധാനാധ്യാപകർക്കും നന്ദി.

## 18. എൽറോയി 2021

2021-2022 പ്രവർത്തനവർഷത്തിനൊരുക്കമായി മെയ് 29 ശനിയാഴ്ച രാത്രി 7.30 മുതൽ 8 മണിവരെ "എൽറോയി" എന്ന പേരിൽ വിശ്വാസപരിശീലകർക്കും മാതാപിതാക്കൾക്കും കുട്ടികൾക്കുമായി പ്രവർത്തനവർഷ ഒരുക്ക ആരാധന നടത്തി. റവ. ഡോ. ടോം ഓലിക്കരോട്ട് പ്രാർത്ഥനാ ശുശ്രൂഷയ്ക്ക് നേതൃത്വം നല്കി.

## 19. മാതാപിതാക്കൾക്കുള്ള ഓറിയന്റേഷൻ ക്ലാസ്സുകൾ

മാതാപിതാക്കൾക്കുവേണ്ടി നാല് ഓറിയന്റേഷൻ ക്ലാസ്സുകൾ വിശ്വാസപരിശീലനകേന്ദ്രം നല്കുന്നു. ജൂൺ 28 തിങ്കളാഴ്ച ആദ്യത്തെ ക്ലാസ്സ് സംപ്രേഷണം ചെയ്തു. പ്രസിദ്ധ വചനാപ്രഘോഷകൻ ബഹു. ജോസഫ് പുത്തൻപുരയ്ക്കലച്ചൻ ക്ലാസ്സിന് നേതൃത്വം നല്കി. പങ്കെടുത്ത എല്ലാമാതാപിതാക്കൾക്കും നന്ദി.

## 20. Basic Course for Catechists

സീറോ മലബാർ മതബോധന കമ്മീഷൻ സംഘടിപ്പിക്കുന്ന ആമുഖ സെമിനാറിൽ പങ്കെടുക്കുന്ന തലശ്ശേരി അതിരൂപതക്കാരായ വിശ്വാസപരി ശീലകർ അവർക്ക് ലഭിച്ചിട്ടുള്ള ചോദ്യങ്ങളുടെ ഉത്തരങ്ങൾ ജൂലൈ 15-നു മുമ്പായി വിശ്വാസപരിശീലനകേന്ദ്രം ഓഫീസിൽ ലഭിക്കത്തക്കവിധം അയ യ്ക്കണം. ഉത്തരപേപ്പറിൽ പേര്, വീട്ടുപേര്, ഇടവക, ഫോൺനമ്പർ എന്നിവ എഴുതേണ്ടതാണ്. ഉത്തരകടലാസിന്റെ മൂല്യനിർണ്ണയം അതിരൂപതാ വിശ്വാ സപരിശീലന കേന്ദ്രമായിരിക്കും നിർവ്വഹിക്കുക.

## 21. ഓഫീസിൽ അടയ്ക്കേണ്ട തുകകൾ

2020-2021 പ്രവർത്തനവർഷത്തിൽ ഓഫീസിൽ അടയ്ക്കേണ്ട തുക കൾ കുറച്ച് സൺഡേസ്കൂളുകൾക്കൂടി നല്കേണ്ടതായിട്ടുണ്ട്. അവർ എത്ര യുംപെട്ടെന്നുതന്നെ തുകകൾ അടച്ച് സഹകരിക്കുമല്ലോ. താഴെ കൊടുത്തി രിക്കുന്ന അക്കൗണ്ടിലേയ്ക്കാണ് തുക ട്രാൻസ്ഫർ ചെയ്യേണ്ടത്.

A/c Holder : Department of Catechesis
A/c No : 0078053000073503
IFSC : SIBL 0000078
Bank : South Indian Bank, Thalassery

## 22. Catechisis Thalassery - മൊബൈൽ ആപ്പ്

വിശ്വാസപരിശീലനകേന്ദ്രം Catechisis Thalassery എന്ന പേരിൽ മൊബൈൽ ആപ്പ് ആരംഭിച്ചിരിക്കുന്നു. വിശ്വാസപരിശീലനക്ലാസ്സുകൾ എല്ലാ വരിലേയ്ക്കും എളുപ്പത്തിൽ എത്തിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് ഈ ആപ്ലിക്കേഷൻ ആരംഭിച്ചിരിക്കുന്നത്. വിശ്വാസപരിശീലകർക്കും മാതാ പിതാക്കൾക്കും കുട്ടികൾക്കും പ്ലേസ്റ്റോറിൽ നിന്നും ഈ ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്യാവുന്നതാണ്.

വിശ്വാസപരിശീലനക്ലാസ്സുകൾ, ഉപപാഠക്ലാസ്സുകൾ, ബൈബിൾ നേഴ്സറി ക്ലാസ്സുകൾ പ്രഥമദിവ്യകാരുണ്യ സ്വീകരണ ക്ലാസ്സുകൾ, മാതാ പിതാക്കൾക്കും വിശ്വാസപരിശീലകർക്കും കുട്ടികൾക്കുമുള്ള ഓറിയന്റേഷൻ ക്ലാസ്സുകൾ എന്നിവയെല്ലാം ഈ ആപ്ലിക്കേഷൻവഴി കാണാൻ സാധിക്കും. കൂടാതെ, അതിരൂപതയുടെ വെബ്സൈറ്റ്, വിശ്വാസപരിശീലനകേന്ദ്രത്തിന്റെ വെബ്സൈറ്റ്, യൂട്യൂബ് ചാനൽ എന്നിവയിലേയ്ക്കെല്ലാം ഈ ആപ്ലിക്കേ ഷനിലൂടെ നേരിട്ടുപ്രവേശിക്കാൻ സാധിക്കും.

സ്നേഹത്തോടെ,

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ**
ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

വിശ്വാസത്തിന്റെ തിരിനാളം അനേകായിരങ്ങളിലേക്ക് പകർന്ന വി.തോമാശ്ലീഹായുടെയും സഹനത്തിലൂടെ യേശുവിനെ സ്നേഹിച്ച വി. അൽഫോൻസാമ്മയുടെയും ഓർമ്മ കൊണ്ടാടുന്ന ഈ പുണ്യമാസത്തിൽ ഏവർക്കും തിരുനാൾ ആശംസകൾ നേരുന്നു. ധീരതയിലും സ്നേഹത്തിലും ഗുരുഭക്തിയിലും വ്യത്യസ്തത പുലർത്തിയിരുന്ന വി.തോമാശ്ലീഹായുടെ ചൈതന്യത്തെ നമുക്ക് ഹൃദയത്തിൽ സ്വീകരിക്കാം. സഹനത്തിലൂടെയും തപശ്ചര്യകളിലൂടെയും ഉപവാസത്തിലൂടെയും സാന്നിദ്ധ്യസ്മരണയിലൂടെയും സുകൃതമഞ്ജരിയിലൂടെയും വിശുദ്ധിയുടെ പടവുകൾ ചവിട്ടിക്കയറിയ വി. അൽഫോൻസാമ്മയുടെ ജീവിതം നമുക്ക് മാതൃകയുമാക്കാം.

ഈ പുതിയ പ്രവർത്തനവർഷത്തിൽ **"ജൂബിലിനിറവിൽ മുന്നേറാം പ്രേഷിതരായ്"** എന്ന ആപ്തവാക്യത്തെ നെഞ്ചോട് ചേർത്ത് കൂടുതൽ തീക്ഷ്ണതയോടെ, വിശുദ്ധിയോടെ മുന്നേറുവാൻ നമുക്ക് പരിശ്രമിക്കാം. ഈ വർഷം മിഷൻലീഗ് സംഘടനയിൽ അംഗങ്ങളായി കടന്നുവന്നിരിക്കുന്ന എല്ലാ കുഞ്ഞുമിഷനറിമാർക്കും മിഷൻലീഗ് സംഘടനാ പ്രവർത്തനം വഴി ധാരാളം ദൈവാനുഗ്രഹങ്ങൾ ലഭിക്കട്ടെയെന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

| | | |
|---|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : | ദുക്റാന |
| അനുസ്മരിക്കുന്ന വിശുദ്ധർ | : | വി. തോമാശ്ലീഹ, വി. അൽഫോൻസാമ്മ |
| പ്രാർത്ഥനാനിയോഗം | : | ചെറുപുഷ്പമിഷൻലീഗ് അന്തർദേശീയ സമിതിയുടെ നിയോഗങ്ങൾക്കുവേണ്ടി |
| സുകൃതജപം | : | വി.തോമാശ്ലീഹായേ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ |
| സങ്കീർത്തനപാരായണം | : | സങ്കീർ: 13 – 24 അദ്ധ്യായങ്ങൾ |
| സംഘടനയെ അറിയാം | : | സ്വർഗ്ഗീയ മദ്ധ്യസ്ഥർ |

## 1. ശാഖകൾ ശ്രദ്ധിക്കാൻ

1 വ്യാഴം : ഡോക്ടേഴ്സ് ഡേ

3 ശനി : ദുക്റാന തിരുനാൾ, അംഗത്വ സ്വീകരണം, അസാധാരണ സമ്മേളനം, പൊതുദിവ്യകാരുണ്യ സ്വീകരണം.

4 ഞായർ : യുവജനദിനം

6 തിങ്കൾ : വി. മരിയാഗൊരേത്തിയുടെ തിരുനാൾ

10 ബുധൻ: മുൻകാല ഉപരിഘടക ഭാരവാഹികളുടെ ലിസ്റ്റ് അതിരൂപതയിൽ എത്തിക്കേണ്ട അവസാന ദിവസം

16 വെള്ളി : കർമ്മല മാതാവിന്റെ തിരുനാൾ

18 ഞായർ: കവിതാരചനാ മത്സരം, വിഷയം : വി. യൗസേപ്പിതാവ്

26 തിങ്കൾ: മാർ തോമസ് തറയിൽ ചരമവാർഷികം.

28 ചൊവ്വ : വി. അൽഫോൻസാമ്മയുടെ തിരുനാൾ, അസാധാരണ സമ്മേളനം, പൊതു ദിവ്യകാരുണ്യ സ്വീകരണം. ലോക പ്രകൃതി സംരക്ഷണദിനം, പ്രകൃതി സംരക്ഷണ പ്രതിജ്ഞ

30 വെള്ളി: ഉപരിപഠന സ്കോളർഷിപ്പ്, പഠനസഹായം എന്നിവയുടെ അപേക്ഷകൾ അതിരൂപതയിലെത്തിക്കേണ്ട അവസാന ദിവസം.

**2. മേഖലകൾ ശ്രദ്ധിക്കാൻ**: എക്സിക്യൂട്ടീവ്, മുൻകാല ഉപരിഘടക ഭാരവാഹികളുടെ ലിസ്റ്റ് അതിരൂപതയിൽ എത്തിക്കുക. അൽഫോൻസാ ക്വിസ്സ്, മുൻകാല ഭാരവാഹികളുടെ ജൂബിലി വർഷ ആശംസകൾ ആരംഭം (75 ദിവസം) ഒക്ടോബർ 2 വരെ.

### *3. ദിയാക്കോണിയ*

ജൂൺ - ജൂലൈ മാസങ്ങളിൽ ശാഖാ തലത്തിൽ ചെയ്യേണ്ടവ:

1. കാർഷിക സെമിനാർ

   a) ആരോഗ്യവും പച്ചക്കറിയും b) അടുക്കളയും അടുക്കളത്തോട്ടവും c) ജൈവവളത്തിന്റെ പ്രാധാന്യം

2. ഒരു വീട് ഒരു മുരിങ്ങ 3) അറിയാം കുമ്പളങ്ങയെ 4) ഗ്രീൻ മിഷൻ 5. കൃഷി പാഠം 6) നാട്ടറിവ്

7. ന്യൂനപക്ഷ അവകാശങ്ങൾ

### 4. ഉപരിപഠന സ്കോളർഷിപ്പ്

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 10-ാം ക്ലാസ്സ് കഴിഞ്ഞ മിഷൻലീഗ് സജീവ അംഗങ്ങൾക്ക് നൽകി വരുന്ന രജതജൂബിലി ഉപരിപഠന സ്കോളർഷിപ്പിന് അർഹമായ അപേക്ഷകൾ നേരത്തെ അറിയിച്ചിരുന്നത് ജൂൺ 30 എന്നാണ്. എന്നാൽ കുട്ടികളുടെ റിസൾട്ട് വരാത്തസാഹചര്യത്തിൽ ജൂലൈ 30 ന് മുമ്പ് വികാരിയച്ചന്റെ സാക്ഷ്യപത്രം, അംഗത്വ കാർഡിന്റെ കോപ്പി എന്നിവയോടൊപ്പം ഓഫീസിൽ എത്തിക്കുമല്ലോ.

### 5. അംഗത്വസ്വീകരണം

സാഹചര്യങ്ങൾ അനുകൂലമാണെങ്കിൽ ദുക്റാന തിരുനാളിനോടനുബന്ധിച്ച് ജൂലൈ 3 നോ തൊട്ടടുത്ത ഞായറാഴ്ചയോ ഈ വർഷത്തെ

അംഗത്വ സ്വീകരണം നടത്തി ജൂലൈ 30 നുള്ളിൽ കഴിഞ്ഞവർഷത്തേതിന്റെ തുടർച്ചയായ നമ്പറിട്ട് അംഗത്വ ലിസ്റ്റ് ഓഫീസിൽ എത്തിക്കുമല്ലോ.

## 6. അതിരൂപതാതല അൽഫോൻസാക്വിസ്സ്

**നിബന്ധനകൾ**

1) 5 മുതൽ 12 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് മത്സരത്തിൽ പങ്കെടുക്കാം.
2) ഒരുമേഖലയിൽ നിന്ന് 3 കുട്ടികൾക്ക് മത്സരത്തിൽ പങ്കെടുക്കാം. പങ്കെടുക്കുന്ന 3 പേരുടെയും മാർക്കുകൾ കൂട്ടി ഏറ്റവും കൂടുതൽ മാർക്ക് കിട്ടുന്ന മേഖലയെ വിജയികളായി പ്രഖ്യാപിക്കുന്നതാണ്.
3) ഒരു ആൺ കുട്ടിയും ഒരു പെൺകുട്ടിയും നിർബന്ധമായും ഗ്രൂപ്പിൽ ഉണ്ടായിരിക്കണം.
4) ഓഗസ്റ്റ് 22 തിയതിക്കുള്ളിൽ മേഖലകളിൽ മത്സരം നടത്തി ഒന്നാം സ്ഥാനം കിട്ടുന്ന ടീമിന്റെ പേരുകൾ അതിരൂപതയിൽ തരേണ്ടതാണ്
5) പഠനഭാഗം: **'വി. അൽഫോൻസ ആത്മീയതയുടെ അനശ്വരദീപ്തി'** എന്ന പുസ്തകത്തിൽ **"എല്ലാം നിന്റെ ഇഷ്ടം"** എന്ന തലക്കെട്ട് മുതൽ **"മഹത്വം ഭൂമിയിലും സ്വർഗ്ഗത്തിലും"** ഉൾപ്പെടെ **'നവമാലിക' 1,2,3** അദ്ധ്യായങ്ങളും. തലശ്ശേരി അതിരൂപതാ ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച **'കാവൽക്കാരൻ'** എന്ന പുസ്തകത്തിലെ 1 മുതൽ 18 വരെയുള്ള പേജുകളും.
6) ഓഗസ്റ്റ് 29-ാം തിയതി അതിരൂപതാതല മത്സരം നടത്തപ്പെടുന്നു.
7) ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്ന ടീമിന് ട്രോഫിയും ക്യാഷ് അവാർഡും ഉണ്ടായിരിക്കും.
8) ഒന്നാം സ്ഥാനം നേടുന്ന ടീമിനെ മിഷൻ തീർത്ഥയാത്രയ്ക്ക് കൊണ്ടുപോകുന്നതായിരിക്കും.
9) അതിരൂപതാതല മത്സരം നടത്തുന്നരീതിയെക്കുറിച്ചും മറ്റ് വിവരങ്ങളും പിന്നീട് അറിയിക്കുന്നതായിരിക്കും.

## 7. ഡോക്ടേഴ്സ് ഡേ

ജൂലൈ ഒന്ന് ഡോക്ടേഴ്സ് ഡേ ആണല്ലോ. അന്നേ ദിവസം ആതുരശുശ്രൂഷാരംഗത്ത് സ്തുത്യർഹമായ സേവനം ചെയ്തുകൊണ്ടിരിക്കുന്ന ഡോക്ടേഴ്സിനെ മേഖലാ -ശാഖാ തലങ്ങളിൽ ആദരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

## 8. കവിതാരചനാ മത്സരം

വി. യൗസേപ്പിതാവിന്റെ വർഷാചരണത്തോടനുബന്ധിച്ച് 5 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായി കവിതാ രചനാ മത്സരം നടത്തപ്പെടുന്നു.

## നിബന്ധനകൾ

1) 48 വരിയിൽ കവിയരുത്
2) വിഷയം: വി. യൗസേപ്പിതാവ്
3) ഭാഷാശൈലി, പ്രയോഗങ്ങൾ, വർണ്ണന, വിഷയബന്ധിതമായ ആശയം, സന്ദേശം, എന്നിവയ്ക്കാണ് പ്രാധാന്യം.
4) മേഖലയിൽ നിന്നും ഒന്നാം സ്ഥാനം കിട്ടുന്ന ആൺകുട്ടിയുടെയും പെൺകുട്ടിയുടെയും രചനകളാണ് പോസ്റ്റൽ ആയി അതിരൂപതയിലേക്ക് അയച്ച് തരേണ്ടത്.
5) അതിരൂപതയിൽ ലഭിക്കേണ്ട അവസാന ദിവസം ജൂലൈ 31.
6) മത്സരത്തിൽ പങ്കെടുക്കുന്ന കുട്ടികളുടെ പേര്, വീട്ടുപേര്, ഇടവക, ഫോൺനമ്പർ, അംഗത്വനമ്പർ എന്നിവ സ്ലിപ്പിൽ എഴുതി പേപ്പറിൽ പിൻചെയ്യേണ്ടതാണ്. കവിത എഴുതുന്ന പേപ്പറിൽ പേര്, വീട്ടുപേര്, ഇടവക, ഫോൺനമ്പർ, അംഗത്വനമ്പർ എന്നിവ എഴുതാതിരിക്കുവാൻ ശ്രദ്ധിക്കുക.

## 9. പ്ലാറ്റിനം ജൂബിലി എംബ്ലം നിർമ്മാണ മത്സരം

പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് ഒരു എംബ്ലം നിർമ്മാണ മത്സരം സംസ്ഥാനതലത്തിൽ നടത്തത്തുകയാണ്.

## നിബന്ധനകൾ

1) എംബ്ലത്തിന്റെ വലിപ്പം 10 cm x 10 cm ഉള്ള സമചതുരത്തിലോ, 10 വ്യാസമുള്ള വൃത്ത ആകൃതിയിലോ ആകാം.
2) താഴെ പറയുന്നവ നിർബന്ധമായും എംബ്ലത്തിൽ ഉൾപ്പെടുത്തണം.

a) Cherupushpa Mission League
b) 75
c) Platinum Jubilee
c) പഠന വിഷയം – "ജൂബിലി നിറവിൽ മുന്നേറാം പ്രേക്ഷിതരായി"
e) പതാകയിലെ ചുവപ്പും മഞ്ഞയും നിറങ്ങൾ

3) മിഷൻലീഗിന്റെ മധ്യസ്ഥരുടെ ചിത്രങ്ങൾ ഉൾകൊള്ളിക്കേണ്ടതില്ല.
4) എംബ്ലം ഡിജിറ്റൽ ഫോർമാറ്റിൽ ആണ് തയ്യാറാക്കേണ്ടത്. വരച്ച് അയക്കുന്ന എൻട്രികൾ മത്സരത്തിൽ പരിഗണിക്കുന്നതല്ല.
5) മേഖലയിൽ മത്സരം നടത്തി ഒന്നാം സ്ഥാനം കിട്ടുന്ന എംബ്ലം cmltly01@gmail.com എന്ന ഈ -മെയിൽ അഡ്രസിലേക്ക് അയ്ക്കുക.
6) അയയ്ക്കേണ്ട അവസാന ദിവസം ജൂലൈ 10
7) അയ്ക്കുമ്പോൾ പേര്, വീട്ടുപേര്, ഇടവക, മേഖല, ഫോൺ നമ്പർ എന്നിവ കൃത്യമായി രേഖപ്പെടുത്തിയിരിക്കണം.
8) അതിരൂപതാ തലത്തിൽ ഒന്നാം സ്ഥാനം – 1001, രണ്ടാം സ്ഥാനം 701,

മൂന്നാം സ്ഥാനം 501 എന്നിങ്ങനെ ക്യാഷ് അവാർഡ് ഉണ്ടായിരിക്കുന്നതാണ്.

9) അതിരൂപത തലത്തിൽ ഒന്നും രണ്ടും സ്ഥാനം ലഭിക്കുന്ന എംബ്ലങ്ങൾ സംസ്ഥാന തല മത്സരത്തിലേക്ക് അയ്ക്കുന്നതായിരിക്കും.

## 10. ഹൃദ്യമായ സ്വാഗതം

ആലക്കോട് മേഖലാ വൈസ്ഡയറക്ടർ ആയി നിയമിതയായിരിക്കുന്ന സി.അഞ്ജലി എസ്എച്ച്, മേരിഗിരി മേഖലാ വൈസ് ഡയറക്ടർ ആയി നിയമിതയായിരിക്കുന്ന സി. സൗമ്യ എം എസ് എം ഐ എന്നിവർക്ക് അതിരൂപതാ കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതം.

## 11. ചെറുപുഷ്പ മിഷൻലീഗ് പ്ലാറ്റിനം ജൂബിലി നിറവിൽ

ചെറുപുഷ്പമിഷൻലീഗിന്റെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് ചൊല്ലേണ്ട ജൂബിലിപ്രാർത്ഥന എല്ലാ ശാഖകൾക്കും മേഖലകൾക്കും നൽകുന്നതായിരിക്കും. ജൂലൈ 1 മുതൽ എല്ലാ ദിവസവും പ്രാർത്ഥനചൊല്ലുവാൻ കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ. അതോടൊപ്പം മുൻകാല ഭാരവാഹികളുടെ ജൂബിലിവർഷ ആശംസകൾ 20-ാം തിയതി മുതൽ അതിരൂപതയുടെ നേതൃത്വത്തിൽ ആരംഭിക്കുന്നതായിരിക്കും.

## 12. പ്രവർത്തനവർഷ ഉദ്ഘാടനവും മാർഗ്ഗരേഖാ പ്രകാശനവും

ചെറുപുഷ്പ മിഷൻലീഗ് തലശ്ശേരി അതിരൂപത 2021 - 2022 പ്രവർത്തന വർഷ ഉദ്ഘാടനവും മാർഗ്ഗരേഖാ പ്രകാശനവും ജൂൺ 6 -ാം തിയതി ഞായറാഴ്ച ബിഷപ്പ് ഹൗസിൽ വച്ച് യുറ്റ്യുബ് വഴി നടന്നു. അതിരൂപതാ പ്രസിഡന്റ് ശ്രീ സുനിൽ കല്ലിടുക്കിലിന്റെ അധ്യക്ഷതയിൽ ചേർന്ന മീറ്റിംഗ് അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയും തിരുബാലസഖ്യം മാർഗ്ഗരേഖ പ്രകാശനം ചെയ്യുകയും ചെയ്തു. തുടർന്ന് മിഷൻലീഗ് മാർഗ്ഗരേഖ അതിരൂപതാ സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി പിതാവ് പ്രകാശനം ചെയ്ത് മുഖ്യപ്രഭാഷണം നടത്തി. അതിരൂപതാ വൈസ്ഡയറക്ടർ സി. റോഷ്നി എഫ് സി സി ആശംസകളർപ്പിച്ച് സംസാരിച്ചു. അതിരൂപത ഡയറക്ടർ ഫാ ജോസഫ് വടക്കേപ്പറമ്പിൽ സ്വാഗതവും അതിരൂപതാ ജനറൽ ഓർഗനൈസർ സുനിൽചെന്നിക്കര നന്ദിയും പറഞ്ഞു.

## 13. മേഖലാ - ശാഖാതല പ്രവർത്തനവർഷ ഉദ്ഘാടനം

2021 ജൂൺ 20 ഞായറാഴ്ച കുന്നോത്ത് മേഖലയിലെ ചരൾ ശാഖയിൽ വെച്ച് ഈ വർഷത്തെ മേഖലാ - ശാഖാതല പ്രവർത്തന വർഷ ഉദ്ഘാടനം നടന്നു. അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വടക്കേപ്പറമ്പിൽ പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്തു. അതിരൂപതാ പ്രസിഡന്റ്

ശ്രീ സുനിൽ കല്ലിടുക്കിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ ചരൾ ശാഖാ ഡയറക്ടർ ഫാ. ജെയ്സ് കുരിശുംമൂട്ടിൽ സ്വാഗതം ആശംസിച്ചു. കുന്നോത്ത് മേഖലാ ഡയറക്ടർ ഫാ. മാത്യു നരിക്കുഴി മുഖ്യപ്രഭാഷണം നടത്തി. ഉദ്ഘാടന പരിപാടികൾ ഏറ്റവും മനോഹരമായി ക്രമീകരിച്ച ചരൾ ശാഖാ ഡയറക്ടർ അച്ചനും, വൈസ് ഡയറക്ടർ സിസ്റ്ററിനും വിശ്വാസ പരിശീലകർക്കും ശാഖാ എക്സിക്യൂട്ടീവ് അംഗങ്ങൾക്കും പ്രത്യേകം നന്ദി.

## 14. ഹൃദ്യമായ നന്ദി

കർമ്മ നിരതമായ പ്രവർത്തന ശൈലിയിലൂടെ, ത്യാഗനിർഭരമായ സേവനത്തിലൂടെ ചെറുപുഷ്പ മിഷൻലീഗ് പ്രവർത്തനങ്ങൾക്ക് മേഖലകളിൽ കൂടുതൽ ഉണർവും ഉന്മേഷവും കരുത്തും പകർന്ന് പുതിയ മേച്ചിൽ പുറങ്ങളിലേക്ക് സ്ഥലം മാറിപോയ തളിപ്പറമ്പ് മേഖലാ വൈസ് ഡയറക്ടർ സി. റോസ് മാർഗരറ്റ് ഡി എം, കാഞ്ഞങ്ങാട് മേഖല വൈസ് ഡയറക്ടർ സി. നിത്യ തെരേസ് ഡി എം എന്നിവർക്ക് അതിരൂപതാകുടുംബത്തിന്റെ ഹൃദ്യമായ നന്ദിയും ആശംസകളും..

## 15. നമ്മുടെ അച്ചൻ, സ്നേഹമുള്ള സിസ്റ്റർ, മിഷൻഗ്രാമം

അതിരൂപതയിലെ ബഹു. വൈദികർക്കും സിസ്റ്റേഴ്സിനും അഗതിമന്ദിരത്തിനും മിഷൻഗ്രാമത്തിനും വേണ്ടി പ്രാർത്ഥിക്കാനുള്ള ലിസ്റ്റ് എല്ലാ ശാഖകൾക്കും മേഖലകൾക്കും ലഭിച്ചുകാണും എന്ന് കരുതുന്നു. അഗതി മന്ദിരങ്ങൾ സന്ദർശിച്ച് അവർക്കുവേണ്ട സഹായങ്ങൾ ചെയ്യുവാൻ ശ്രദ്ധിക്കുമല്ലോ. മിഷൻ ഗ്രാമവുമായി ബന്ധപ്പെട്ട് അവരുമായി സൗഹൃദം നില നിർത്തുവാൻ പരിശ്രമിക്കുകയും ചെയ്യുമല്ലോ. ഏതെങ്കിലും ശാഖകൾക്ക് മിഷൻഗ്രാമങ്ങൾ ലഭിച്ചിട്ടില്ലെങ്കിൽ അതിരൂപതാ ഓഫീസിൽ അറിയിക്കുമല്ലോ.

## 16. സംസ്ഥാന മീറ്റിംഗുകൾ

24-5-2021 ന് Zoom വഴി നടന്ന സംസ്ഥാന സെക്രട്ടറിയേറ്റ് പ്രേഷിത കൂട്ട്, 31.05.21 ന് നടന്ന സംസ്ഥാന പ്രർത്തനവർഷ ഉദ്ഘാടനം, 10.06.21 ന് നടന്ന സംസ്ഥാന ഡയറക്ടേഴ് വൈസ്ഡയറക്ടേഴ്സ് മീറ്റിംഗ്, 13.06.21 ന് നടന്ന സംസ്ഥാന മാനേജിംഗ് കമ്മറ്റി എന്നീ മീറ്റിംഗുകളിൽ അതിരൂപതയിൽ നിന്നും ഭാരവാഹികൾ പങ്കെടുത്തു.

## 17. അതിരൂപതാ ശാഖാ വൈസ്ഡയറക്ടേഴ്സ് മീറ്റിംഗ്

19-06-2021 ന് Zoom വഴി അതിരൂപതാ ശാഖാ വൈസ് ഡയറക്ടേഴ്സ് മീറ്റിംഗ് നടന്നു. അതിരൂപതാ പ്രസിഡന്റ് ശ്രീ സുനിൽ കല്ലിടുക്കിലിന്റെ അധ്യക്ഷതയിൽ ചേർന്ന മീറ്റിംഗ് അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് ഉദ്ഘാടനം ചെയ്തു. തുടർന്ന് ആൽഫാ

ഇൻസ്റ്റിറ്റ്യൂട്ട് എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഡോ. ടോം ഓലിക്കരോട്ട് ക്ലാസ്സിന് നേതൃത്വം നൽകി. അതിരൂപത ഡയറക്ടർ ഫാ ജോസഫ് വട ക്കേപ്പറമ്പിൽ സ്വാഗതം ആശംസിക്കുകയും ചർച്ചകൾക്ക് നേതൃത്വം നൽകു കയും ചെയ്തു. അതിരൂപതാ ജനറൽ ഓർഗനൈസർ സുനിൽ ചെന്നിക്കര നന്ദിയും പറഞ്ഞു.

## 18. അതിരൂപതാ മാനേജിംഗ് കമ്മറ്റി

20.05.2021 വ്യാഴാഴ്ച സൂം പ്ലാറ്റ്ഫോമിലൂടെ അതിരൂപതാ മാനേജിം ഗ്കമ്മറ്റി നടത്തി. പതിനാറ് മേഖലകളിൽ നിന്നും എക്സിക്യൂട്ടീവ് അംഗ ങ്ങൾ പങ്കെടുത്തു. 2021-2022 പ്രവർത്തനവർഷത്തെ ബഡ്ജറ്റ്, മാർഗ്ഗരേഖ എന്നിവയുടെ കരട് അവതരിപ്പിക്കുകയും കർമ്മപദ്ധതികൾ ആസൂത്രണം ചെയ്യുകയും ചെയ്തു.

## 19. നല്ലിടയൻ പദ്ധതി

നല്ലിടയൻ പദ്ധതിയുടെ ഭാഗമായി മൂന്നാം ഘട്ടം തളിപ്പറമ്പ് മേഖല പരിയാരം ശാഖയിലെ ഹണിമോൾ കൂടത്തിനാൽ എന്ന വ്യക്തിക്ക് ആടിനെ നൽകി. തളിപ്പറമ്പ് മേഖലയ്ക്ക് അതിരൂപതാകുടുംബത്തിന്റെ നന്ദി സ്നേഹ പൂർവ്വം അറിയിക്കുന്നു.

## 20. ഗുരുമൊഴി

26.05.21, ന് ചെമ്പേരി മേഖലയിലെ കുട്ടികൾ ഗുരുമൊഴി എന്ന പേരിൽ അഭിവന്ദ്യ പാംപ്ലാനി പിതാവുമായി അഭിമുഖം നടന്നു. അഭിമുഖത്തിൽ പങ്കെടുത്ത എല്ലാ മേഖലകളിലെയും കൊച്ചുകൂട്ടുകാർക്കും, അവരെ അതി നായി ഒരുക്കിയ ഡയറക്ടേഴ്സ് അച്ചൻമാർക്കും വൈസ് ഡയറക്ടേഴ്സിനും മതാധ്യാപകർക്കും മേഖലാ ഭാരവാഹികൾക്കും അഭിനന്ദനങ്ങൾ. അതോ ടൊപ്പം കുട്ടികളുടെ സംശയങ്ങൾക്ക് വ്യക്തമായി ഉത്തരം നൽകിയ അഭി വന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന് അതിരൂപതാ കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

## 21. സെമിനാറുകൾ, ക്യാമ്പുകൾ

27.05.21, 28.05.21 എന്നീ തിയതികളിൽ അതിരൂപതയുടെ നേതൃത്വത്തിൽ സൂം വഴി ആലക്കോട്, കാഞ്ഞങ്ങാട്, ഇരിട്ടി, ചെമ്പേരി എന്നീ റീജിയണിലെ അൾത്താരബാലൻമാർക്ക് ഫാ. പ്രജിൽ പണ്ടാരപ്പറമ്പിൽ ദൈവവിളി സെമി നാർ നടത്തി.

27.05.21, 28.05.21, 30.05.21, 31.05.21 എന്നീ തിയതികളിൽ അതിരൂപതയുടെ നേതൃത്വത്തിൽ സൂം വഴി ഇരിട്ടി, ചെമ്പേരി, ആലക്കോട്, കാഞ്ഞങ്ങാട് റീജി യണിലെ ശാഖാ - മേഖലാ ഭാരവാഹികൾക്ക് ഫാ.ജോസഫ് വടക്കേപ്പറമ്പിൽ,

ശ്രീ സുനിൽ കല്ലിടുക്കിൽ എന്നിവരുടെ നേതൃത്വത്തിൽ സെമിനാർ നടത്തി.

30.05.21, 31.05.21 എന്നീ തിയതികളിൽ അതിരൂപതയുടെ നേതൃത്വത്തിൽ സൂം വഴി 2020-2021 വർഷത്തെ എം റ്റി സി കുട്ടികൾക്ക് ഫാ. വിപിൻ വലിയനിരപ്പേൽ Ofm Cap, ശ്രീ ബേബി പ്ലാശ്ശേരി എന്നിവരുടെ നേതൃത്വത്തിൽ സെമിനാർ നടത്തി.

## 22. ആദരാജ്ഞലികൾ

കർമ്മ വീഥികളിൽ കർമ്മനിരതരായിരുന്നുകൊണ്ട് ഈ ഭൂമിയിൽ ദൈവം തന്നെ ഭരമേൽപിച്ച ഉത്തരവാദിത്വങ്ങൾ അതിന്റെ പൂർണ്ണതയിൽ നിർവഹിച്ച് നിത്യ സമ്മാനത്തിനായി വിളിക്കപ്പെട്ട ബഹുമാനപ്പെട്ട ജോർജ്ജ് വണ്ടർകുന്നേൽ അച്ചനും, മാത്യു തെക്കേക്കുളം അച്ചനും, മിഷൻലീഗ് സ്ഥാപക നേതാവ് പരേതനായ ശ്രീ പി. സി. അബ്രാഹം പല്ലാട്ടുകുന്നേലിന്റെ ജീവിതപങ്കാളി ത്രേസ്യാമ്മ എന്നിവർക്ക് അതിരൂപതാ കുടുംബത്തിന്റെ പ്രാർത്ഥനകളും ആദരാഞ്ജലികളും.

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
അതിരൂപതാ ഡയറക്ടർ

# തിരുബാലസഖ്യം

സ്നേഹബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

വിശ്വാസത്തിന്റെ നിറദീപം ഉജ്ജ്വലിപ്പിക്കുവാൻ നമ്മെ പഠിപ്പിച്ച വി. തോമാശ്ലീഹായുടെയും, കേവലം 36 സംവത്സരം സഹനത്തിന്റെയും പ്രാർത്ഥനയുടെയും സേവനത്തിന്റെയും പാതയിൽ പരാതിയും പരിഭവവും ഇല്ലാതെ വിനയാന്വിതയായി ജീവിച്ച ഭാരതത്തിന്റെ പ്രഥമ വിശുദ്ധയായ വി. അൽഫോൻസാമ്മയുടെയും തിരുനാൾ നാം ആഘോഷിക്കുമ്പോൾ ഈ വിശുദ്ധരുടെ ജീവിത മാതൃക നമുക്കെന്നും മാർഗ്ഗദീപമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നതോടൊപ്പം ദുക്റാന തിരുനാളിന്റെയും വി. അൽഫോൻസാമ്മയുടെ തിരുനാളിന്റെയും മംഗളങ്ങൾ എല്ലാ കൊച്ചുകൂട്ടുകാർക്കും സ്നേഹപൂർവ്വം ആശംസിക്കുന്നു.

| | |
|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : ദുക്റാന |
| അനുസ്മരിക്കുന്ന വിശുദ്ധർ | : വി. തോമാശ്ലീഹ, വി. അൽഫോൻസാമ്മ, വി. മരിയഗൊരേത്തി |
| പ്രാർത്ഥനാനിയോഗം | : രോഗികൾക്കുവേണ്ടി |
| സുകൃതജപം | : എന്റെ കർത്താവേ, എന്റെ ദൈവമേ |
| വചനം | : അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം (വി. യോഹ11:16) |
| *പ്രവൃത്തി* | : വി. മരിയഗൊരേത്തിയുടെ ജീവചരിത്രം മാതാപിതാക്കളുടെ സഹായത്തോടെ മനസ്സിലാക്കുന്നു |
| മന:പാഠമാക്കുക | : പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ ഏഴ് |
| എയ്ഞ്ചൽസ് വോയ്സ് | : പ്രസംഗമത്സരം |

**1. ശാഖകൾ ശ്രദ്ധിക്കാൻ**

1 വ്യാഴം : ഡോക്ടേഴ്സ് ഡേ

3 ശനി : ദുക്റാന തിരുനാൾ

6 തിങ്കൾ : വി. മരിയാഗൊരേത്തിയുടെ തിരുനാൾ

16 വെള്ളി : കർമ്മല മാതാവിന്റെ തിരുനാൾ

28 ചൊവ്വ : വി. അൽഫോൻസാമ്മയുടെ തിരുനാൾ (വി. അൽഫോൻസാമ്മയെക്കുറിച്ചുള്ള ഡോക്യുമെന്ററി കുട്ടികളെ കാണിക്കുക)

31 ശനി : വി. ഇഗ്നേഷ്യസ് ലെയോളയുടെ തിരുനാൾ

## 2. പ്രവർത്തനവർഷ ഉദ്ഘാടനവും മാർഗ്ഗരേഖാ പ്രകാശനവും

തിരുബാലസഖ്യം തലശ്ശേരി അതിരൂപത 2021 - 2022 പ്രവർത്തന വർഷ ഉദ്ഘാടനവും മാർഗ്ഗരേഖാ പ്രകാശനവും ജൂൺ 6 -ാം തിയതി ഞായറാഴ്ച ബിഷപ്പ് ഹൗസിൽ വച്ച് യുറ്റ്യുബ് വഴി നടന്നു. അതിരൂപതാ പ്രസിഡന്റ് ശ്രീ സുനിൽ കല്ലിടുക്കിലിന്റെ അധ്യക്ഷതയിൽ ചേർന്ന മീറ്റിംഗ് അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയും തിരുബാലസഖ്യം മാർഗ്ഗരേഖ പ്രകാശനം ചെയ്യുകയും ചെയ്തു. തുടർന്ന് മിഷൻലീഗ് മാർഗ്ഗരേഖ അതിരൂപതാ സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി പിതാവ് പ്രകാശനം ചെയ്ത് മുഖ്യ പ്രഭാഷണം നടത്തി. അതിരൂപതാ വൈസ്ഡയറക്ടർ സി. റോഷ്നി എഫ് സി സി ആശംസകളർപ്പിച്ച് സംസാരിച്ചു. അതിരൂപത ഡയറക്ടർ ഫാ ജോസഫ് വടക്കേപ്പറമ്പിൽ സ്വാഗതവും അതിരൂപതാ ജനറൽ ഓർഗനൈസർ സുനിൽചെന്നിക്കര നന്ദിയും പറഞ്ഞു.

## 3. അതിരൂപതാ ശാഖാ ആനിമെറ്റേഴ്സ് മീറ്റിംഗ്

19-06-2021 ന് Zoom വഴി അതിരൂപതാ ശാഖാ ആനിമെറ്റേഴ്സ് മീറ്റിംഗ് നടന്നു. അതിരൂപതാ പ്രസിഡന്റ് ശ്രീ സുനിൽ കല്ലിടുക്കിലിന്റെ അധ്യക്ഷതയിൽ ചേർന്ന മീറ്റിംഗ് അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് ഉദ്ഘാടനം ചെയ്തു. തുടർന്ന് ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് എക്സിക്യൂട്ടീവ് ഡയറക്ടർ റവ.ഡോ ടോം ഓലിക്കരോട്ട് ക്ലാസ്സിന് നേതൃത്വം നൽകി. അതിരൂപത ഡയറക്ടർ ഫാ ജോസഫ് വടക്കേപ്പറമ്പിൽ സ്വാഗതം ആശംസിക്കുകയും ചർച്ചകൾക്ക് നേതൃത്വം നൽകുകയും ചെയ്തു. അതിരൂപതാ ജനറൽ ഓർഗനൈസർ സുനിൽചെന്നിക്കര നന്ദിയും പറഞ്ഞു.

## 4. പ്രസംഗ മത്സരം

തിരുബാലസഖ്യം കുട്ടികൾക്കായി പ്രസംഗമത്സരം നടത്തുന്നു. പ്രസംഗം പറയുന്നതിന് മുമ്പായി പേര്, വീട്ടുപേര്, ഇടവക എന്നിവ പറഞ്ഞിരിക്കണം. ഒരു ശാഖയിൽ നിന്നും ഒരു ആൺകുട്ടിക്കും ഒരു പെൺകുട്ടിക്കും പങ്കെടുക്കാം. പ്രസംഗം പറയേണ്ട സമയം 3 മിനിറ്റ്. വിഷയം - **"ധീരനായ മാർതോമാശ്ലീഹാ വിശ്വാസ ജീവിതത്തിൽ നമുക്ക് മാതൃക"** പ്രസംഗം പറയുന്ന വീഡിയോ എടുത്ത് holychildhoodtly01@gmail.com എന്ന email അക്കൗണ്ടിലേക്ക് അയക്കുക. അയക്കേണ്ട അവസാന ദിവസം ജൂലൈ 15. ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ ലഭിക്കുന്നവർക്ക് സമ്മാനം നൽകുന്നതാണ്.

സ്നേഹത്തോടെ,

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
അതിരൂപതാ ഡയറക്ടർ

# യുവജനശുശ്രൂഷ

പ്രിയപ്പെട്ട വികാരിയച്ചന്മാരെ, ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, യുവജന സുഹൃത്തുക്കളെ,

ജൂലൈ നാലാം തിയ്യതി യുവജനദിനമാണല്ലോ. യുവജനദിനത്തിന്റെ മംഗളങ്ങൾ എല്ലാ യുവജനങ്ങൾക്കും, യുവജന ശുശ്രൂഷക്ക് നേതൃത്വം നല്കുന്ന എല്ലാവർക്കും ഏറെ സ്നേഹത്തോടെ ആശംസിക്കുന്നു.

കോവിഡ് പ്രതിസന്ധികൾ മാറി വരുകയാണല്ലോ. തീക്ഷണ്തയോടെ പഠനത്തിലും, സാമൂഹ്യ സേവനത്തിലും ശ്രദ്ധിക്കുമല്ലോ. പുതിയ PSC Coaching ആരംഭിക്കുകയാണ്. നമ്മുടെ ജോലിയില്ലാത്ത യുവജനങ്ങളെ PSC പരിശീലനത്തിൽ ചേർക്കുമല്ലോ.

## സഭാദിനം, ജൂലൈ – 3

മാർത്തോമ്മാ ക്രിസ്ത്യാനികളായ നമ്മുടെ ക്രൈസ്കത സാക്ഷ്യം ആധുനിക ജീവിത സാഹചര്യങ്ങളിൽ കൂടുതൽ പ്രതിബദ്ധതയോടെ നിർവ്വഹിക്കുന്നതിനുള്ള ഊർജ്ജം സംഭരിക്കുകയാണ് സഭാ ദിനാചരണത്തിന്റെ ലക്ഷ്യം. വിശ്വാസ തീക്ഷണത സഭാ മക്കളിൽ ജ്വലിപ്പിക്കുവാൻ ഈ സഭാ ദിനാചരണം ഉപകരിക്കട്ടെ. ജൂലൈ 4-ാം തിയ്യതി ഞായറാഴ്ച എല്ലാ യൂണിറ്റിലും സഭാദിനം കൊണ്ടാടാൻ ക്രമീകരണങ്ങൾ ചെയ്യുമല്ലോ.

## യുവജനദിനം ജൂലൈ – 11

യുവജനങ്ങളുടെ ആത്മിയ ഭൗതീക ഉന്നമനത്തിനായി പ്രാർത്ഥിക്കുവാനും പ്രവർത്തിക്കുവാനും സഭയോടും സമൂഹത്തോടുമുള്ള അവരുടെ ഉത്തരവാദിത്വത്തെ ഉണർത്തുവാനുമായി തിരുസഭാമാതാവ് നമുക്ക് പ്രത്യേകം തന്നിരിക്കുന്ന ദിനമാണിത്. യുവജനങ്ങളുടെ പ്രത്യേക മദ്ധ്യസ്ഥനായ വി. തോമസ്സ് മൂറിന്റെ മദ്ധ്യസ്ഥ്യത നമുക്ക് യാചിക്കാം. യുവജന ദിനത്തിൽ എല്ലാ യുവജനങ്ങളെയും നമുക്ക് പ്രത്യേകം ഓർക്കുകയും പ്രാർത്ഥിക്കുകയും അവരെ പ്രോൽസാഹിപ്പിക്കുകയും ചെയ്യാം.

## PSC Coaching

സർക്കാർ ജോലി ആഗ്രഹിക്കുന്ന എല്ലാവർക്കുമായി തലശ്ശേരി അതിരൂപത കെസിവൈഎം ഓൺലൈനായി PSC Coaching ആരംഭിക്കുന്നു. ജോലിയില്ലാതെ കഷ്ടപ്പെടുന്ന പത്താം ക്ലാസ്സ്, +2, ഡിഗ്രി ലവലിൽ ഉള്ള ഉദ്യോഗാർത്ഥികൾക്കാണ് പരിശീലനം നൽകുന്നത്. കെസിവൈഎം അതിരൂപത,

മേഖല സമിതികളുടെ സഹായത്തോടെ രജിസ്റ്റർ ചെയ്ത് കോച്ചിങ്ങിൽ പങ്കെടുക്കാവുന്നതാണ്. ഇടവകയിലെ ജോലിയില്ലാതെ നിൽക്കുന്ന മുഴുവൻ യുവജനങ്ങളെയും PSC Coaching ലേക്ക് രജിസ്റ്റർ ചെയ്യാൻ നിർദ്ദേശം കൊടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതിരൂപതയുടെ വിദ്യാഭ്യാസ സംരംഭമായ സാൻജോസ് അക്കാഡമിയുടെയും വിമൽ ജ്യോതി എഞ്ചിനീയറിംങ്ങ് കോളേജിന്റെയും സഹായത്തോടെയുമാണ് ഇത് പ്രവർത്തിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക. 9400062918, 8281517660, 9497439045

## കൈത്താങ്ങ് (അഗതിമന്ദിരങ്ങൾക്കൊരു സഹായം)

കോവിഡ് കാലത്ത് ദുരിതമനുഭവിക്കുന്ന ആതുരാലയങ്ങളെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ കെസിവൈഎം അതിരൂപത സമിതിയുടെ നേതൃത്വത്തിൽ ആരംഭിച്ച **100 Rupees** ചലഞ്ച് എന്ന ഉദ്യമത്തിലൂടെ **160,000** രൂപ സമാഹരിച്ചു. ശേഖരിച്ച തുക തലശ്ശേരി അതിരൂപതയിലെ 20 മന്ദിരങ്ങളിലായി നൽകി.

കാഞ്ഞങ്ങാട് -ചായ്യോത്ത്, പടന്നക്കാട്-സ്നേഹഭവൻ, വെള്ളരിക്കുണ്ട് -ചുള്ളി ജീവൻ ജ്യോതി, അട്ടക്കണ്ടം-ആംബ്രോസ് ഭവൻ, തോമാപുരം-കടുമേനി ശാന്തിഭവൻ, കണ്ണിവയൽ- സെന്റ് തെരേസഭവൻ, ചെറുപുഴ-ചട്ടിവയൽ വൃദ്ധമന്ദിരം, വായാട്ടുപറമ്പ്-ആശാംകവല തിരുരക്താശ്രമം, കരുണാപുരം-കാരുണ്യഭവൻ ചെമ്പന്തൊട്ടി-വിളക്കന്നൂർ ദിവ്യകാരുണ്യഭവൻ, നെല്ലിക്കുന്ന്-പാലിയേറ്റീവ് കെയർ, തളിപ്പറമ്പ്-പട്ടുവം, എടൂർ-സ്നേഹ ഭവൻ, ചെമ്പേരി-സാന്ത്വനം (കരുണാലയം), പൈസക്കരി-വെമ്പുവ തെരേസാ ഭവൻ, പൂപ്പറമ്പ്-മരിയ ഭവൻ, നെല്ലിക്കാംപൊയിൽ-പ്രൊവിഡൻസ് ഹോം, കുന്നോത്ത്-പേരട്ട സ്നേഹഭവൻ, എടൂർ-മൈത്രീ ഭവൻ, പേരാവൂർ-കോളയാട് ദൈവദാൻ, പേരാവൂർ-ചികിത്സാസഹായം എന്നിവിടങ്ങളിൽ നൽകി. ഈ ഉദ്യമം വിജയപ്രദമാക്കാൻ പരിശ്രമിച്ച രൂപതാ ഫൊറോന ഭാരവാഹികൾക്കും ഇതിൽ സഹകരിച്ച എല്ലാവർക്കും നന്ദി.

## പരിസ്ഥിതി ദിനം (Bring Back)

പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് ഓൺലൈൻ ഫോട്ടോ ഗ്രഫി മത്സരം നടത്തി. പ്രത്യക്ഷത്തിൽ ഉപയോഗ യോഗ്യമല്ലാത്തവയെന്ന് കരുതുന്ന വസ്തുക്കൾ ഉപയോഗിച്ച് ഉപയോഗ യോഗ്യമായ വസ്തുക്കൾ നിർമ്മിച്ചുകൊണ്ട് നടത്തിയ മൽസരം ശ്രദ്ധേയമായി. സമ്മാനാർഹരായവർ - ഒന്നാം സമ്മാനം - അനിറ്റ് ബാബു കൊളക്കാട്, രണ്ടാം സമ്മാനം - ഡോണി അബ്രാഹം കടുമേനി. പങ്കെടുത്ത എല്ലാവർക്കും ഒപ്പം വിജയികൾക്കും അഭിനന്ദനങ്ങൾ.

## പെട്രോൾ വിലവർദ്ധനവിനെതിരെ പ്രതിഷേധം

നൂറ് രൂപവരെയായ പെട്രോൾ വില വർദ്ധനവിനെതിരെ തലശ്ശേരി അതിരൂപത കെസിവൈഎം ന്റെ നേതൃത്വത്തിൽ ബൈക്ക് തള്ളി പ്രതിഷേധ കൂട്ടായ്മ സംഘടിപ്പിച്ചു. അതിരൂപത ഡയറക്ടർ ഫാ. ജിൻസ് ഉദ്ഘാടനം ചെയ്തു. അതിരൂപതാ സമിതിയും പതിനാറ് ഫൊറോന പ്രസിഡന്റുമാരും യുവജനങ്ങളും പ്രതിഷേധ പ്രകടനത്തിൽ പങ്കെടുത്തു.

## പഠനസഹായം (Mobile)

ഓൺലൈൻ പഠനത്തിന് ബുദ്ധിമുട്ടനുഭവിക്കുന്ന നെല്ലിക്കാംപൊയിൽ ഫൊറോനയിലെ കാലാങ്കി ഇടവകയിലെ കുട്ടികൾക്ക് മൊബൈൽ ഫോൺ നൽകി. രൂപതാ ഡയറക്ടർ, രൂപതാ പ്രസിഡന്റ്, രൂപതാ സെക്രട്ടറി സനീഷ്, സംസ്ഥാന ട്രഷറർ എബിൻ ജറാൾഡ് ജേക്കബ് എന്നിവർ പങ്കെടുത്തു.

## മുന്നറിയിപ്പും പ്രതികരണവും.

ലൗജിഹാദിന്റെ മറവിൽ തീവ്രവാദത്തിലകപ്പെട്ടവരെ തിരികെ കൊണ്ടുവരുന്നില്ലായെന്ന ഗവൺമെന്റ് തീരുമാനത്തിൽ അതിരൂപത കെസിവൈഎം ദു:ഖം രേഖപ്പെടുത്തി. എല്ലാ യുവതീ യുവാക്കൾക്കും ഈ വിഷയത്തിൽ മുന്നറിയിപ്പും നൽകി.

## ചികിൽസാ സഹായം

പേരാവൂർ ഇടവകയിലെ യുവജന പ്രവർത്തകയുടെ അപകടത്തിൽപ്പെട്ട പിതാവിന് അതിരൂപത കെസിവൈഎം ചികിത്സാസഹായം നൽകി.

## BUD (Bold UR Dreams)

കെസിവൈഎം തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ നടത്തി വരുന്ന ബഡ് പ്രോഗ്രാം ഫൊറോനകളിലൂടെ മനോഹരമായി നടന്നുവരികയാണ്. എല്ലാവരെയും പ്രത്യേകം അഭിനന്ദിക്കുന്നു.

**പേരാവൂർ** ഫൊറോനയിൽ BUD മനോഹരമായി ക്രമീകരിക്കപ്പെട്ടു. ഫൊറോന പ്രസിഡന്റ് അഖിൽ എടത്താഴെയുടെ അദ്ധ്യക്ഷതയിൽ അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയ്തു. തൃശ്ശൂർ അതിരൂപത പ്രസിഡന്റ് ശ്രീ. സാജൻ മുണ്ടൂർ മുഖ്യാതിഥിയായിരുന്നു. ആശംസകളർപ്പിച്ച് സംസാരിച്ചവർ റവ. ഫാ. തോമസ്സ് കൊച്ചുകരോട്ട് (ഫൊറോന വികാരി), റവ. ഫാ. സന്തോഷ് നെടുങ്ങാട്ട് (ഫൊറോന ഡയറക്ടർ),സി. അൽഫോൻസ് ടോം (ഫൊറോന ആനിമേറ്റർ)എന്നിവരാണ്. ക്ലാസ്സ് നയിച്ചത് റവ. ഫാ. നിധിൻ ഇലഞ്ഞിമറ്റം.

**മേരിഗിരി** ഫൊറോനയിൽ ബഡ് പ്രോഗ്രാം രൂപത പ്രസിഡന്റ് വിപിൻ മാറുകാട്ടുകുന്നേലിന്റെ അദ്ധ്യക്ഷതയിൽ അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയ്തു. ആശംസകളർപ്പിച്ച് അഡ്വ. ശ്രീ. സജീവ്

ജോസഫ് എംഎൽഎ സംസാരിച്ചു. മുഖ്യപ്രഭാഷണം റവ.ഫാ. നിധിൻ ഇലഞ്ഞിമറ്റം നിർവ്വഹിച്ചു. പാലാരൂപത കെസിവൈഎം പ്രസിഡന്റ് അഡ്വ. സാം സണ്ണി ഓടക്കൽ ആശംസകളറിയിച്ചു. ഫൊറോന വികാരി റവ ഫാ. മത്യു മണിമലതറപ്പേൽ ആശംസകളറിയിച്ച് സംസാരിച്ചു.

**പൈസക്കരി** ഫൊറോന പ്രസിഡന്റ് ജോയൽ തൊട്ടിലിന്റെ അദ്ധ്യക്ഷതയിൽ ഫൊറോനയിലെ ബഡ് പ്രോഗ്രാം അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയ്തു. മുഖ്യാഥിതികളായി ഇരിക്കൂർ മണ്ഡലം എംഎൽഎ അഡ്വ. സജീവ് ജോസഫ് എംഎൽഎ യും, കോട്ടയം രൂപത പ്രസിഡന്റ് ശ്രീ. ലിബിൻ ജോസും പങ്കെടുത്തു. മോട്ടിവേഷൻ ക്ലാസ്സിന് റവ. ഫാ. ടോം ഓലിക്കരോട്ട് നേതൃത്വം നല്കി.

**തോമാപുരം** ഫൊറോനയിൽ ബഡ് രൂപത പ്രസിഡന്റ് വിപിൻ മാറുകാട്ടുകുന്നേലിന്റെ അദ്ധ്യക്ഷതയിൽ അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയ്തു. മുഖ്യാഥിതിയായി കൊച്ചി രൂപത പ്രസിഡന്റ് ശ്രീ. ജോസ് പള്ളിപ്പാടൻ എത്തിയിരുന്നു. മോട്ടിവേഷൻ ക്ലാസ്സിന് റവ. ഫാ ആന്റണി വെട്ടിയാനി നേതൃത്വം നൽകി.

**കുന്നോത്ത്** ഫൊറോനയിലെ ബഡ് ഫൊറോന പ്രസിഡന്റ് ശ്രീ. റ്റോമിൻ തോമസ്സ് പോളിന്റെ അദ്ധ്യക്ഷതയിൽ അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയ്തു. കാഞ്ഞിരപ്പള്ളി രൂപത പ്രസിഡന്റ് ശ്രീ. ആദർശ് കുര്യൻ മുഖ്യാഥിതിയായിരുന്നു. ഫൊറോന ഡയറക്ടർ റവ. ഫാ. ജോബി ചെരുവിൽ ആശംസയറിയിച്ചു. മോട്ടിവേഷൻ ക്ലാസ്സിന് റവ. ഫാ. സോണി സ്കറിയ വടശ്ശേരിയിൽ നേതൃത്വം നൽകി.

**പനത്തടി** ഫൊറോനയിൽ വച്ച് നടത്തിയ ബഡ് ഉദ്ഘാടനം കാസറഗോഡ് എം.പി ശ്രീ.രാജ് മോഹൻ ഉണ്ണിത്താൻ നിർവ്വഹിച്ചു. അതിരൂപത പ്രസിഡന്റ് വിപിൻ ജോസഫ് അദ്ധ്യക്ഷനായിരുന്നു. അനുഗ്രഹപ്രഭാഷണം അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് നിർവ്വഹിച്ചു. ആലപ്പുഴ രൂപത പ്രസിഡന്റ് ഇമ്മാനുവേൻ എം. ജി മുഖ്യാഥിതിയായിരുന്നു. റവ.ഫാ. സോണി പള്ളിച്ചിറ മുഖ്യപ്രഭാഷണവും, പനത്തടി ഫൊറോന വികാരി റവ. ഫാ. തോമസ്സ് പട്ടാംകുളം, ഫൊറോന ഡയറക്ടർ ഫാ. ജോസഫ് കൊട്ടാരത്തിൽ എന്നിവർ ആശംസകളറിയിച്ച് സംസാരിച്ചു.

ബഡ് ഭംഗിയായി ക്രമികരിക്കാൻ കഠിനാദ്ധ്വാനം ചെയ്ത ഫൊറോന പ്രസിഡന്റുമാർ, ഇവരോടൊപ്പം ചേർന്ന് പ്രവർത്തിച്ച ഫൊറോന സമിതി, മറ്റ് സഹായങ്ങൾ ചെയ്ത് സഹകരിച്ച എല്ലാവരെയും നന്ദിയോടെ ഓർക്കുകയും അഭിനന്ദനങ്ങൾ അറിയിക്കുകയും ചെയ്യുന്നു.

## കോംബോ പ്രതിരോധകിറ്റ്

കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കോവിഡ് പ്രതിരോധ കിറ്റ് നല്കി. സംസ്ഥാന സമിതിയോട് ചേർന്ന് രൂപതയിലെ വിവിധ ഭാഗങ്ങളിൽ കിറ്റ് വിതരണം ചെയ്തു.

## കെസിവൈഎം അപലപിച്ചു

ഹൈക്കോടതി റദ്ദാക്കിയ 80 % 20 അനുപാതം തുടരണമെന്നും വ്യക്തമായി സാമൂഹ്യാവസ്ഥ പരിഗണിക്കാതെയാണ് നടപ്പിലാക്കിയതെന്നും പ്രചരിപ്പിച്ച രാഷ്ട്രീയ നേതാക്കളുടെ നിലപാടുകളെ അതിരൂപത കെസിവൈഎം അപലപിച്ചു.

## ന്യൂനപക്ഷ PSC എന്ന ഉദ്യോഗാർത്ഥികളുടെ ആശങ്കകൾ പരിഹരിക്കണം കെസിവൈഎം

വിവിധ മത്സരപരീക്ഷകൾക്ക് പരിശീലനം നല്കുന്ന കോച്ചിംങ്ങ് സെന്ററുകളെ സംബന്ധിച്ച് വിശദവിവരങ്ങൾ ലഭ്യമാക്കാത്തതാണ് കാരണം. ഉദ്യോഗാർത്ഥികളുടെ ആശങ്കകൾ പരിഹരിക്കണമെന്ന് കെസിവൈഎം പത്രക്കുറിപ്പിൽ അറിയിച്ചു.

## നല്കാം ജീവന്റെ തുള്ളികൾ

വേൾഡ് ബ്ലഡ് ഡോണർ ദിനത്തോടനുബന്ധിച്ച് അതിരൂപത കെസിവൈഎം ന്റെ നേതൃത്വത്തിൽ രക്തംദാനം ചെയ്തു. രൂപത പ്രസിഡന്റ് വിപിൻ ഉദ്ഘാടനം ചെയ്തു. സംസ്ഥാന ട്രഷറർ എബിൻ കുമ്പുക്കൽ, രൂപത സെക്രട്ടറി സനീഷ് പാറയിൽ മറ്റ് ഭാരവാഹികളും നേതൃത്വം കൊടുത്തു.

## കൃതജ്ഞതയോടെ

തലശ്ശേരി അതിരൂപതയുടെ കത്തോലിക്കാ യുവജനപ്രസ്ഥാനത്തിന് ആത്മീയവും ഭൗതീകവുമായ ഉണർവ്വും പ്രോൽസാഹനവും നല്കി ഫൊറോന ഡയറക്ടേഴ്സായി സ്തുത്യർഹമായി സേവനമനുഷ്ടിച്ച ഞങ്ങളുടെ പ്രിയപ്പെട്ട പീറ്റർ കൊച്ചുവീട്ടിലച്ചനും (തോമാപുരം), വിപിൻ വെമ്മേനിക്കട്ടയിലച്ചനും (ചെമ്പന്തൊട്ടി), റിനോയ് പോൾ ഇടത്തിനകത്ത് അച്ചനും (നെല്ലിക്കാംപൊയിൽ), ജോൺ പോൾ പൂവത്താനിക്കലച്ചനും (ചെറുപുഴ), കുന്നോത്ത് ഫൊറോന ഡയറക്ടറും സിൻഡിക്കേറ്റ് പ്രതിനിധിയുമായ ജോബി ചെരുവിലച്ചനും തലശ്ശേരി അതിരൂപത കെസിവൈഎം കുടുംബത്തിന്റെ നന്ദിയും പുതിയ സ്ഥലത്ത് എല്ലാ ഭാവുകങ്ങളും പ്രാർത്ഥനയും നേരുന്നു.

കുന്നോത്ത് ഫൊറോന ആനിമേറ്ററായി ശുശ്രൂഷ ചെയ്ത ശേഷം പുതിയ സ്ഥലത്തേക്ക് യാത്രയായ ആൻസ് മരിയ എംഎസ്എംഐ സിസ്റ്ററിനെയും നന്ദിയോടെ ഓർക്കുകയും തുടർന്നുള്ള എല്ലാ ശുശ്രൂഷകൾക്കും പ്രാർത്ഥനാശംസകൾ നേരുകയും ചെയ്യുന്നു.

**ആശ്രയ 2021**

കെസിവൈഎം ചെമ്പേരി ഫൊറോനയുടെ നേതൃത്വത്തിൽ കോവിഡ് കാലത്ത് ദുരിതമനുഭവിക്കുന്ന അനാഥാലയങ്ങൾക്ക് വേണ്ടി **50** Rupees Google payചലഞ്ച് നടത്തുകയും അതോടൊപ്പം ഭക്ഷണസാധനങ്ങൾ, വസ്ത്രങ്ങൾ, സാമ്പത്തീക സഹായം എന്നിവ ശേഖരിച്ച് അഗതിമന്ദിരങ്ങൾക്ക് കൈമാറി. ചെമ്പേരി ഫൊറോന ജോയലിന്റെ നേതൃത്വത്തിലുള്ള സമിതിക്കും സഹായിച്ച് സഹകരിച്ച എല്ലാവർക്കും നന്ദി.

**ആദരാഞ്ജലികൾ**

ചെറുപുഴ ഫൊറോന വികാരിയും യുവജനങ്ങൾക്ക് സ്നേഹപിതാവും മാതൃകയുമായിരുന്ന ജോർജ് വണ്ടർകുന്നേലച്ചന് അതിരൂപത യുവജനകുടുംബത്തിന്റെ ബാഷ്പാഞ്ജലി.

അതിരൂപത കെസിവൈഎം എസ്എംവൈഎം സെക്രട്ടറി സനീഷ് പാറയിലിന്റെ പിതാവ് ഔസേപ്പ് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. അതിരൂപത യുവജനകുടുംബത്തിന്റെ ആദരാജ്ഞലികൾ.

സ്നേഹപൂർവ്വം,

**ഫാ. തോമസ് വാളിപ്ലാക്കൽ**
ഡയറക്ടർ

# കുടുംബ പ്രേഷിതത്വം

## I)1. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

887,888 എം.പി.സി ഓൺലൈൻ കോഴ്സുകൾ മെയ് 21 – 22, ജൂൺ 18–19 എന്നീ തീയ്യതികളിൽ തലശ്ശേരി സന്ദേശഭവനിൽ വച്ച് നടക്കുകയുണ്ടായി. രണ്ടു കോഴ്സിലുമായി 373 ഓളം പേർ സംബന്ധിച്ച് വിവാഹത്തിനായി ഒരുങ്ങി. അഭിവന്ദ്യപിതാക്കന്മാർ അവർക്കായി സന്ദേശം നൽകി സംസാരിച്ചു. അവസാനദിവസം മാതാപിതാക്കൾക്കായുള്ള ക്ലാസും നടന്നു.

| **2. Online MPC Live Classes** | |
|---|---|
| **MPC 2021** | |
| July | 16 - 17 (Friday, Saturday) |
| August | 27 - 28 (Friday, Saturday) |

1. **Time Schedule :**

**എം.പി.സി ഓൺലൈൻ ഒന്നാം ദിവസം : 08.00 am – 07.30 pm**
**രണ്ടാം ദിവസം : 08.00 am – 06.00 pm**

2. ഓൺലൈൻ എം.പി.സി രജിസ്ട്രേഷൻ നടത്തുന്നതിനായി www.familytly.com എന്ന വെബ്സൈറ്റ് തുറന്ന് Date തിരഞ്ഞെടുത്ത് അപേക്ഷാഫോം പൂരിപ്പിച്ച് സബ്മിറ്റ് ചെയ്യുക.
3. വികാരിയച്ചന്മാരുടെ കത്ത്, രജിസ്ട്രേഷൻ ഫീസ് റസിപ്റ്റ്, പാസ്പോർട്ട് സൈസ് ഫോട്ടോ, എന്നിവ അപേക്ഷാഫോമിനോടൊപ്പം അപ്ലോഡ് ചെയ്യേണ്ടതാണ്.
4. രജിസ്ട്രേഷൻ ഫീസ് Rs/600 അടക്കാനുള്ള Bank Details
A/c No : 0078053000073775,
Name : Director, Family Apostolate,
IFSC Code : SIBL0000078,
South Indian Bank, Thalassery Branch
5. ഓൺലൈൻ രജിസ്ട്രേഷൻ നടത്തിയവർ കാൻസലേഷൻ നടത്തുവാനോ, കോഴ്സ് ഡേറ്റിൽ മാറ്റം വരുത്തുവാനോ ആഗ്രഹിക്കുവെങ്കിൽ കോഴ്സ് ആരംഭിക്കുന്നതിനു മൂന്ന് ദിവസം മുമ്പെങ്കിലും ഓഫീസിൽ വിളിച്ചറിയിക്കേണ്ടതാണ്. Ph: 0490 2966974, 9400206974
6. സർട്ടിഫിക്കറ്റുകൾ ഓൺലൈൻ ആയി അയച്ചുകൊടുക്കുന്നതാണ്. ആവ

ശ്യമുള്ളവർക്ക് ഓഫീസിൽ നേരിട്ട് വന്ന് സർട്ടിഫിക്കറ്റ് വാങ്ങാവുന്നതാണ്.

7. ഇടവകാ ഗ്രൂപ്പുകളിൽ ഓൺലൈൻ എം.പി.സി രജിസ്ട്രേഷന്റെ വെബ്സൈറ്റും ഡേറ്റുകളും പ്രസിദ്ധീകരിക്കാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.
8. **ഓൺലൈൻ കോഴ്സുകൾ ആരംഭിക്കുന്നതിന് രണ്ട് ദിവസം മുമ്പ് രജിസ്ട്രേഷൻ ക്ലോസ് ആകുന്നതാണ്.**

## II. അനുഗ്രഹ മാര്യേജ് ബ്യൂറോ :– www.anugrahamarry.com

സീറോമലബാർ സഭയുടെ എല്ലാ രൂപതകളുടെയും മാര്യേജ് ബ്യൂറോകളുടെ ലിങ്ക് ലഭിക്കുന്നു. പണമടച്ച് രജിസ്റ്റർ ചെയ്യുന്നവരുടെ പേരും, ഫോട്ടോയും ദീപിക പത്രത്തിൽ സൗജന്യമായി പരസ്യം നൽകുന്നു.

**Packages**
**Free - 15 Days**
**Till You Marry - 9999 (1 Year)**
**Diamond Package - 4999(1 Year)**
**Golden Package - 3999(1 Year)**
**Silver Package - 2999(6 monts)**

## III. മാതൃവേദി

1. **തൂവാനീസ നിയോഗം –** ഈ മാസത്തെ തൂവാനീസ നിയോഗത്തിൽ ജപമാലയിൽ നമുക്ക് കുടുംബങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കാം.
2. **യൂണിറ്റ്തല പ്രവർത്തനം** - ഈ മാസത്തെ യൂണിറ്റുതല പ്രവർത്തനം - ജപമാലയജ്ഞം നടത്തിയതിന്റെ റിപ്പോർട്ട് മേഖലയ്ക്ക് സമർപ്പിക്കുക. മാസ്ക് വിതരണം ഇടവകയിൽ നടത്തുക.
3. **ഈ മാസത്തെ ജപമാല യജ്ഞം മേഖലകൾ** - ആലക്കോട്, വായാട്ടുപറമ്പ്, വെള്ളരിക്കുണ്ട്
4. **ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ Onlife Media യൂട്യൂബ് ചാനലിലേക്ക് പരിപാടികൾ നടത്താനുള്ള മേഖലകൾ** - വായാട്ടുപറമ്പ്, കുന്നോത്ത്
5. **അതിരൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ്**

മെയ് 26-ാം തീയ്യതി അതിരൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ് ഓൺലൈനായി നടന്നു. രൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറയുടെ നേതൃത്വത്തിൽ നടന്ന മീറ്റിംഗിൽ രൂപതാ ആനിമേറ്ററും, രൂപതാ ഭാരവാഹികളും പങ്കെടുത്തു.

6. **അതിരൂപതാ സെനറ്റ് മീറ്റിംഗ്**

അതിരൂപതാ സെനറ്റ് മീറ്റിംഗ് മെയ് 29-ാം തീയ്യതി ഓൺലൈനായി നടന്നു. അതിരൂപതാ ഭാരവാഹികൾ, മേഖലാ ആനിമേറ്റേഴ്സ്, മേഖലാ ഭാര

വാഹികൾ എന്നിങ്ങനെ ആകെ 64 പേർ മീറ്റിംഗിൽ പങ്കെടുത്തു.

**7. ആനിമേറ്റേഴ്സ് സംഗമം - മറിയം ത്രേസ്യ ദിനാചരണം**

ജൂൺ 5-ാം തീയ്യതി അതിരൂപതാ ആനിമേറ്റേഴ്സ് സംഗമവും മറിയം ത്രേസ്യാ ദിനാചരണവും ഓൺലൈനായി നടന്നു. വി.മറിയം ത്രേസ്യ ആദ്ധ്യാത്മികതയും കുടുംബവും എന്നതിനെക്കുറിച്ച് സി. ലിയാ റോസ് സിഎച്ച് എഫ് ക്ലാസ്സ് നയിച്ചു. മീറ്റിംഗിൽ മൊത്തം 125 ഓളം ആനിമേറ്റേഴ്സ് സിസ്റ്റേഴ്സ് പങ്കെടുത്തു.

**8. ജ്വാല - തളിപ്പറമ്പ്, പൈസക്കരി**

തളിപ്പറമ്പ് - പൈസക്കരി മേഖലകൾക്ക് സംയുക്തമായി ജൂൺ 7-ാം തീയ്യതി തിങ്കളാഴ്ച ജ്വാല മീറ്റിംഗ് ഓൺലൈനായി നടന്നു. തളിപ്പറമ്പ് മേഖലാ പ്രസിഡണ്ട് ശ്രീമതി ഷീബ നീണ്ടുകുന്നേൽ സ്വാഗതമാശംസിച്ച ചടങ്ങിൽ പൈസക്കരി മേഖലാ സെക്രട്ടറി ശ്രീമതി മോളി ചെറുവള്ളിലും തളിപ്പറമ്പ് മേഖലാ സെക്രട്ടറി ശ്രീമതി ശൈലജ പഴയതോട്ടത്തിലും റിപ്പോർട്ട് അവതരിപ്പിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ അദ്ധ്യക്ഷത വഹിച്ചു. ഫാ. മാത്യു വളവനാൽ ആശംസകളർപ്പിച്ച് സംസാരിച്ചു. പൈസക്കരി മുൻ മേഖലാ ഡയറക്ടർ ഫാ. അജി കുഴിയാനി മറ്റം അച്ചന് പൈസക്കരി മേഖലാ ജോ.സെക്രട്ടറി ശ്രീമതി സിന്ധു കണി യാറശ്ശേരിൽ ആശംസകളർപ്പിച്ചു. തളിപ്പറമ്പ് മേഖലാ മുൻ ആനിമേറ്റർ സി. റിൻസി എസ്.എച്ചിന് സി.അഞ്ജലി എഫ്.സി.സി യും ആശംസകളർപ്പിച്ച് സംസാരിച്ചു. ശേഷം അഡ്വ.റെന്നി കുമ്പളപ്പള്ളിൽ അമ്മമാർക്കായി ക്ലാസ് നയിച്ചു. പൈസക്കരി മേഖലാ ആനിമേറ്റർ സി. മിൻസി എ.ഒ ഏവർക്കും നന്ദിയർപ്പിച്ച് സംസാരിച്ചതോടെ മീറ്റിംഗിന് സമാപനമായി.

**9. ജ്വാല - പേരാവൂർ**

പേരാവൂർ മേഖലയുടെ ജ്വാല പ്രോഗ്രാം ജൂൺ 20-ാം തീയ്യതി ഞായറാഴ്ച ഓൺലൈനായി നടന്നു. പേരാവൂർ മേഖലാ ആനിമേറ്റർ സി. ജിസ്മി എഫ്.സി.സി സ്വാഗതമാശംസിച്ച ചടങ്ങിൽ പേരാവൂർ മേഖലാ സെക്രട്ടറി ശ്രീമതി ലൈസ പുതിയവേലിൽ റിപ്പോർട്ടും മേഖലാ ട്രഷറർ ശ്രീമതി ജിഷ പുളിയുറുമ്പിൽ കണക്കും അവതരിപ്പിച്ചു. പേരാവൂർ മേഖലാ മാതൃവേദി പ്രസിഡണ്ട് ശ്രീമതി ഗ്രേയ്സ് ആലഞ്ചേരി അദ്ധ്യക്ഷത വഹി ച്ചു. അതിരൂപതാ ഡയറക്ടർ ഫാ.സെബാസ്റ്റ്യൻ ഇട്ടിയപ്പാറ ഉദ്ഘാടനം ചെയ്ത ചടങ്ങിൽ മേഖലാ ഡയറക്ടർ ഫാ. മനു മാപ്പിളപ്പറമ്പിൽ, അതിരൂ പതാ സെനറ്റ് മെമ്പർ ശ്രീമതി സെലിൻ കളരിക്കൽ എന്നിവർ ആശംസക ളർപ്പിച്ച് സംസാരിച്ചു. തളിപ്പറമ്പ് മേഖലാ മുൻ ആനിമേറ്റർ സി.റിൻസി എസ്. എച്ചിന് സി.അഞ്ജലി എഫ്.സി.സി യും ആശംസകളർപ്പിച്ച് സംസാരിച്ചു. ശേഷം അഡ്വ.റെന്നി കുമ്പളപ്പള്ളിൽ അമ്മമാർക്കായി ക്ലാസ് നയിച്ചു. പേരാവൂർ മേഖലാ ജോ.സെക്രട്ടറി ശ്രീമതി മിനി തൃക്കേക്കുന്നേൽ

ഏവർക്കും നന്ദിയർപ്പിച്ച് സംസാരിച്ചതോടെ മീറ്റിംഗിന് സമാപനമായി.

## 10. അൽഫോൻസ ഗീതം

ജൂലൈ മാസത്തിൽ നടത്തുന്ന മത്സരം - വി.അൽഫോൻസാമ്മയെക്കുറിച്ച് കവിതയോ പാട്ടോ സ്വന്തമായി രചിച്ച് ട്യൂൺ നൽകി സിംഗിൾ ഗാനമായി ആലപിച്ച വീഡിയോ മേഖലകളിലേക്ക് അയക്കുക. മേഖലകളിൽ നിന്ന് തിരഞ്ഞെടുക്കുന്ന 2 ഗാനങ്ങൾ രൂപതാ മത്സത്തിനായി വാട്ട്‌യ് ആപ്പിൽ/ടെലഗ്രാമിൽ അയക്കുക. അംഗത്വ രജിസ്ട്രേഷൻ നമ്പർ ഉണ്ടായിരിക്കണം. യൂണിഫോം നിർബന്ധമില്ല, 5 മിനിറ്റിൽ കവിയരുത്. ഗാനം സ്വന്തമായി രചിച്ചതായിരിക്കണം. ട്യൂൺ പാരഡിയായാലും കുഴപ്പമില്ല. രൂപതാതലവിജയികൾക്ക് സമ്മാനങ്ങൾ ഉണ്ടായിരിക്കും യൂട്യൂബിൽ പ്രസിദ്ധീകരിക്കുന്നതാണ്. വീഡിയോ എഡിറ്റിംഗ് ചെയ്യരുത്. പശ്ചാത്തല സംഗീതം പാടില്ല. മത്സരം മേഖലാതലത്തിൽ നടത്തുമ്പോൾ അയച്ചുകൊടുക്കേണ്ട ടെലഗ്രാം നമ്പറും അവസാനതീയ്യതിയും മേഖലകളിൽ അറിയിക്കുക.
മേഖലയിൽ നിന്ന് 2 ഗീതങ്ങൾ തിരഞ്ഞെടുത്ത് അതിരൂപതയിലേക്ക് അയക്കേണ്ട അവസാന തീയ്യതി : ജൂലൈ 30

## 11. ഡയറക്ടേഴ്സ് മീറ്റിംഗ്

അതിരൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറയുടെ നേതൃത്വത്തിൽ മേഖലാ ഡയറക്ടർമാരുടെ മീറ്റിംഗ് ജൂൺ 8-ാം തീയ്യതി ഓൺലൈനായി നടന്നു. അതിരൂപതാ മാർഗ്ഗരേഖയെക്കുറിച്ചുള്ള ചർച്ചകൾ നടത്തി.

## 12. അതിരൂപതാ ജനറൽബോഡിയോഗം-പ്രവർത്തന വർഷോദ്ഘാടനം

മാതൃവേദിയുടെ പുതിയ പ്രവർത്തന വർഷ ഉദ്ഘാടനവും ജനറൽബോഡി യോഗവും ജൂൺ 12 ശനിയാഴ്ച 10.30 മുതൽ 12.30 വരെ ഓൺലൈനായി നടത്തപ്പെട്ടു. പ്രവർത്തന മാർഗ്ഗരേഖാ പ്രകാശനവും നടന്നു. മാർ ജോർജ്ജ് ഞറളക്കാട്ട് ഉദ്ഘാടന കർമ്മം നിർവ്വഹിച്ച മീറ്റിംഗിന് അതിരൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ സ്വാഗതം ആശംസിച്ചു. അതിരൂപതാ സഹായ മെത്രാൻ മാർ ജോസഫ് പാംപ്ലാനി അനുഗ്രഹപ്രഭാഷണം നടത്തി വരുന്ന 6 മാസത്തേക്കുള്ള അതിരൂപതാ പ്രവർത്തന മാർഗ്ഗരേഖ പ്രകാശനം ചെയ്തു. മേഖലാ ഡയറക്ടർമാർ, അതിരൂപതാ ഭാരവാഹികൾ, മേഖലാ ആനിമേറ്റർമാർ, ഭാരവാഹികൾ, യൂണിറ്റ് പ്രസിഡണ്ടുമാർ എന്നിവർ മീറ്റിംഗിൽ പങ്കെടുത്തു. അതിരൂപതാ പ്രസിഡണ്ട് ശ്രീമതി തങ്കമ്മ കൊച്ചുവേലിക്കകത്ത് അദ്ധ്യക്ഷത വഹിച്ചു റിപ്പോർട്ട്, കണക്ക് എന്നിവ അവതരിപ്പിച്ച് പാസ്സാക്കി.

## 13. മാതൃവേദി പ്രവർത്തന പദ്ധതി – ജൂലൈ 2021

ജൂലൈ 3 – ദുക്റാന തിരുനാൾ
16 – കർമ്മലമാതാവ്
25 – യാക്കോബ്ശ്ലീഹ
26 – വി.യൊവാക്കീമും വി. അന്നയും
വലിയ കുടുംബങ്ങളിലെ കുട്ടികൾക്ക് ഉപരി പഠനസ്കോളർഷിപ്പ് വിതരണം
28 – വി.അൽഫോൻസ
30 – വി.അൽഫോൻസ സംഗീത മത്സരം (സിംഗിൾ സോങ്ങ്)

## 14. അറിയിപ്പുകൾ

1. കോശി കമ്മീഷന് നിവേദനം സമർപ്പിക്കാൻ ഓരോ യൂണിറ്റിൽ നിന്നും പത്ത് പേരിൽ കുറയാത്ത ടീമിനെ തിരഞ്ഞെടുക്കുക. എല്ലാ യൂണിറ്റുകളുടെയും മേഖലകളുടെയും പേരിൽ പൊതുവായ ഒരു നിവേദനം തയ്യാറാക്കേണ്ടതാണ്.
2. കോവിഡ് വാക്സിൻ രജിസ്ട്രേഷന് നിശ്ചയിച്ച വോളണ്ടിയേഴ്സ് തങ്ങൾ രജിസ്ട്രേഷൻ നടത്തിയ ആളുകളുടെ എണ്ണം ഓരോ മാസവും മേഖലയിൽ റിപ്പോർട്ട് ചെയ്യുക.
3. ജപമാല യജ്ഞം ഏൽപ്പിക്കപ്പെടുന്ന മേഖലകൾ അതതു മാസം ഓരോ യൂണിറ്റുകൾക്കും ജപമാല ചൊല്ലേണ്ട എണ്ണം ഏൽപ്പിച്ചുകൊടുക്കുകയും അത് നടത്തിയതിന്റെ റിപ്പോർട്ട് ഓരോ ദിവസവും വാട്ട്സ്ആപ്പിൽ ശേഖരിക്കുകയും ചെയ്യുക. കോവിഡ് രോഗം മാറുന്നതിനും ലോകസമാധാനത്തിനുമായി ജപമാല യജ്ഞത്തിൽ പങ്കുചേരാൻ മാതാക്കളെ പ്രചോദിപ്പിക്കുക.
4. ഹരിതം അടുക്കളത്തോട്ട മത്സരത്തിൽ പങ്കെടുക്കാനുള്ള അറിയിപ്പ് എല്ലാ യൂണിറ്റുകൾക്കും നൽകുകയും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിക്കുന്ന യൂണിറ്റിനുള്ള സമ്മാനം മേഖലാതലത്തിൽ ക്രമീകരിക്കുകയും ചെയ്യുക.
5. ജീവോത്സവം സ്കോളർഷിപ്പിന് അർഹരായവരെ അറിയിച്ച് ഓഫീസിൽ നിന്ന് നൽകുന്ന ഫോം പൂരിപ്പിച്ച് എത്തിക്കാൻ ശ്രദ്ധിക്കുക.
6. ജീവാഗ്നി റിട്രീറ്റിൽ പങ്കെടുക്കാനുള്ള ഗർഭവതികളുടെ ലിസ്റ്റ് യൂണിറ്റ്തലത്തിൽ ശേഖരിച്ച് മേഖലയിൽ അറിയിക്കുക.
7. മാതൃവേദി യൂ ട്യൂബ് ചാനൽ Onlife Media എല്ലാ അംഗങ്ങളും സബ്സക്രൈബ് ചെയ്യാനുള്ള നിർദ്ദേശം മേഖലാ യൂണിറ്റ് തലത്തിൽ നൽകുക.
8. യൂണിറ്റ് മേഖലാതലത്തിൽ 6 മാസത്തേക്കുള്ള മാർഗ്ഗരേഖകൾ ക്രമീകരിച്ച് എല്ലാ അംഗങ്ങൾക്കും ഷെയർ ചെയ്യുക.
9. അതിരൂപതാ മാർഗ്ഗരേഖയുടെ കോപ്പികൾ യൂണിറ്റുകളിൽ സൂക്ഷിക്കുകയും യൂണിറ്റ് ഡയറക്ടർമാർക്ക് നൽകുകയും ചെയ്യുക.

## IV. അമല പ്രോലൈഫ്

- അജാതശിശുക്കൾക്ക് വേണ്ടിയുള്ള കുഞ്ഞേ നിനക്കായ് പ്രാർത്ഥന ഒരു ഘട്ടം പൂർത്തിയായ സാഹചര്യത്തിൽ അടുത്ത 9 മാസവും 9 ദിവസത്തേക്കുമുള്ള പ്രാർത്ഥന ജൂൺ 1 മുതൽ ആരംഭിച്ചു. 16 ഫൊറോനകളിലെ എല്ലാ ഇടവകയിൽ നിന്നും നാലായിരത്തോളം അമ്മമാർ ചേർന്ന് 166030 കുഞ്ഞുങ്ങളെ ആത്മനാ ദത്തെടുത്ത് പ്രാർത്ഥിക്കുന്നു.
- 2 വർഷക്കാലം അമലപ്രോലൈഫിന്റെ ആനിമേറ്ററായി സേവനമനുഷ്ഠിച്ച സി. സ്റ്റെല്ല എം.എസ്.എം.ഐ സ്ഥലം മാറിപ്പോയ സാഹചര്യത്തിൽ ഡയറക്ടർ ഫാ.സെബാസ്റ്റ്യൻ ഇട്ടിയപ്പാറയുടെ നേതൃത്വത്തിൽ പ്രോലൈഫ് അംഗങ്ങളും മറ്റ് പ്രോലൈഫ് പ്രവർത്തകരും ചേർന്ന് ഓൺലൈനായി യാത്രയയപ്പ് സമ്മേളനം നടത്തുകയുണ്ടായി. പ്രസ്തുത സമ്മേളനത്തിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി ആശംസകളറിയിച്ച് സംസാരിച്ചു. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ആനിമേറ്റർ സി.പൗളിൻ സി.എച്ച്.എഫ്, മാതൃവേദി അതിരൂപതാ പ്രസിഡണ്ട് ശ്രീമതി തങ്കമ്മ കൊച്ചുവേലിക്കകത്ത് എന്നിവർ ആശംസകൾപ്പിച്ച് സംസാരിച്ചു. ഒപ്പം സി.ജെസ്റ്റീന എം.എസ്.എം.ഐ യെ പുതിയ ആനിമേറ്ററായി സ്വാഗതം ചെയ്തു.
- പ്രോലൈഫ് എക്സിക്യൂട്ടീവ് മീറ്റിംഗ് ഡയറക്ടറച്ചന്റെയും ആനിമേറ്റർ സിസ്റ്ററിന്റെയും നേതൃത്വത്തിൽ എല്ലാ ഞായറാഴ്ചയും ചേരുന്നു. എക്സിക്യൂട്ടീവ് അംഗങ്ങൾ എല്ലാ ദിവസവും രാവിലെ 05.30 മുതൽ 06.00 വരെ പ്രോലൈഫിനു വേണ്ടി അതതു സ്ഥലങ്ങളിലിരുന്ന് പ്രാർത്ഥിക്കുന്നു.
- മാതൃവേദി മേഖലാ ആനിമേറ്റർ സിസ്റ്റർമാർ പ്രോലൈഫിന്റെയും ആനിമേറ്ററായി പ്രവർത്തിക്കാൻ തീരുമാനിപ്പെട്ടതനുസരിച്ച് അവരും പ്രോലൈഫ് മീറ്റിംഗിൽ പങ്കെടുത്തു വരുന്നു.
- ആഗസ്റ്റ് 2-4 വരെയുള്ള തീയ്യതികളിൽ ഗർഭിണികൾക്കുവേണ്ടി ജീവാഗ്നി റിട്രീറ്റ് പ്രോലൈഫിന്റെ നേതൃത്വത്തിൽ നടത്താൻ തീരുമാനിച്ചു.
- മാതൃവേദിയുടെ സഹകരണത്തോടെ ഓരോ മാസവും ഓരോ മേഖലക്കാർ Onlife Media യൂട്യൂബ് ചാനലിലേക്ക് പരിപാടികൾ സംഘടിപ്പിക്കാൻ തീരുമാനിച്ചു.

സ്നേഹപൂർവ്വം,

**ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ**
ഡയറക്ടർ

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

## ആശംസകൾ... പ്രാർത്ഥനകൾ...

തലശ്ശേരി അതിരൂപതയുടെ ഇടയനും ഭാരത കത്തോലിക്കാ മെത്രാൻ സമിതിയുടെ പ്രസിഡണ്ടുമായ ആർച്ചുബിഷപ്പ് മാർ ജോർജ് ഞറളക്കാട്ടിന് എഴുപത്തഞ്ചാം ജന്മദിനത്തിന്റെ മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു. പൗരോഹിത്യ സുവർണ്ണ ജൂബിലി വർഷത്തിൽ തന്നെ 75 വയസ്സ് പൂർത്തിയാക്കാൻ അനുവദിച്ച നല്ല ദൈവത്തിന് നന്ദിയും പിതാവിന് ഒരായിരം മംഗളങ്ങളും ആശംസിക്കുന്നു.

## ആദരാഞ്ജലികൾ



മണിക്കടവ് സെന്റ് തോമസ് യു.പി സ്കൂൾ അധ്യാപികയായിരുന്ന ശ്രീമതി റെജീന ടി.എ വെട്ടിക്കുഴി ജൂൺ 03-ാം തീയതി കണ്ണൂർ എളയാവൂരിലുണ്ടായ ആംബുലൻസ് അപകടത്തിൽപ്പെട്ട് ദൈവസന്നിധിയിലേക്ക് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. പൈസക്കരി സെന്റ് മേരീസ് യൂ.പി സ്കൂളിൽ അധ്യാപികയായിരുന്ന റെജീന കഴിഞ്ഞ മൂന്നു വർഷമായി മണിക്കടവ് സെന്റ് തോമസ് യു.പി സ്കൂൾ അധ്യാപികയായി സേവനം ചെയ്തു വരികയായിരുന്നു.

റെജീന ടീച്ചറുടെ വേർപാടിൽ വേദനിക്കുന്ന കുടുംബാംഗങ്ങളെയും അധ്യാപകരെയും വിദ്യാർത്ഥികളെയും അനുശോചനം അറിയിക്കുന്നു. വളരെ ആകസ്മികവും അപ്രതീക്ഷിതവുമായി നമ്മെ വിട്ടുപിരിഞ്ഞ റെജീന ടീച്ചറിനും ഭർത്താവ് ബിജോക്കും ആദരാഞ്ജലികൾ.

## ന്യൂനപക്ഷ അവകാശങ്ങൾ

ജെസ്റ്റിസ് ജെ.ബി കോശി കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിൽ വിദ്യാഭ്യാസം എന്ന ശീർഷകത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ചർച്ച ചെയ്ത് തയ്യാറാക്കിയ റിപ്പോർട്ടിന്റെ സംക്ഷിപ്ത രൂപം എല്ലാ സ്കൂളുകളിലേക്കും അയച്ചിട്ടുണ്ട്. തന്നിരിക്കുന്ന സൂചനകളെ അടിസ്ഥാനമാക്കി വേണം നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ. പൊതുവായ നിർദ്ദേശങ്ങളും സമർപ്പിക്കാവുന്നതാണ്. ഈ നിർദ്ദേശങ്ങളെ അടിസ്ഥാനപ്പെടുത്തി ജസ്റ്റിസ്. കോശി കമ്മീഷന് ന്യൂനപക്ഷാവകാശങ്ങളുമായി ബന്ധപ്പെട്ട നിവേദനങ്ങൾ തയ്യാറാക്കി ജൂലൈ 31-ന് മുമ്പ് അയക്കേണ്ടതുണ്ട്.

## പുതിയ അധ്യയന വർഷം

പുതിയ അധ്യയനവർഷത്തിൽ പഠനോപകരണങ്ങൾ, ഫോണുകളും,

ടാബുകളും ടെലിവിഷനുമായി മാറിയിട്ടുണ്ട്. ഇത്തരം ഉപകരണങ്ങൾ അർഹതപ്പെട്ടവർക്ക് സ്കൂളുകളിൽ നിന്ന് മറ്റ് ഏജൻസികളുടെ സഹായത്തോടെ വാങ്ങിക്കൊടുക്കുന്നുണ്ട്. നമ്മുടെ സ്കൂളുകളിൽ നിന്ന് ഇത്തരം ഉപകരണങ്ങൾ നൽകുമ്പോൾ ഒരു രജിസ്റ്റർ സൂക്ഷിക്കുന്നത് ഉത്തമമാണ്. പിന്നീട് ഇത് ഉപകാരപ്പെടും.

ഓൺലൈൻ ക്ലാസുകൾ നടത്തുമ്പോൾ കുട്ടികളെ മുഖാമുഖം കാണുന്ന രീതിയിലുള്ള ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ തിരഞ്ഞെടുക്കണം. വാട്സ്ആപ്പിലൂടെയും മറ്റും നോട്ടുകളും പാഠഭാഗങ്ങളും അയക്കുമ്പോൾ ഗൂഗിൾമീറ്റ് പോലുള്ളവയിലൂടെ കുട്ടികളുമായി നേരിട്ട് സംവദിക്കുകയും അവരുടെ സംശയങ്ങൾ പരിഹരിക്കുകയും ചെയ്യണം. നമ്മുടെ വിദ്യാലയങ്ങളിലേക്ക് ഈ വർഷവും നിരവധി കുട്ടികൾ മറ്റു സ്കൂളുകളിൽ നിന്നും എത്തിച്ചേർന്നിട്ടുണ്ട്. അവരുടെ ആശങ്കകൾ പരിഹരിച്ച് അവരെയും നന്നായി പരിഗണിക്കണം.

ക്ലാസ് പി.ടി.എ. വിളിച്ചു ചേർക്കാത്ത വിദ്യാലയങ്ങൾ എത്രയും പെട്ടെന്ന് പി.ടി.എ. വിളിച്ചു ചേർക്കണം പഠന കാര്യങ്ങളെക്കുറിച്ച് രക്ഷിതാക്കൾക്കുള്ള സംശയങ്ങളും ആശങ്കകളും പരിഹരിക്കണം. വിദ്യാലയ വികസന പദ്ധതികളിൽ രക്ഷിതാക്കളുടെ സഹകരണവും പങ്കാളിത്തവും ഉറപ്പുവരുത്തണം.

ഓരോ ക്ലാസിലെയും വിദ്യാർത്ഥികളുടെ എണ്ണം ഇനം തിരിച്ച് കോർപ്പറേറ്റിന്റെ www.ceadot.org എന്ന വെബ്സൈറ്റിലേക്ക് ജൂലൈ 05-ാം തീയതിക്ക് മുമ്പായി എന്റർ ചെയ്യേണ്ടതാണ്. നിലവിൽ എല്ലാ സ്കൂളുകൾക്കും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചു എന്നും കരുതുന്നു. ഇനിയും ഫിറ്റ്നസ് കിട്ടാത്ത സ്കൂളുകൾ ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ പ്രധാനാധ്യാപകരുടെ സത്വരശ്രദ്ധ പതിയേണ്ടതാണ്.

ഓരോ ക്ലാസിലെയും അധ്യാപകർ തങ്ങളുടെ ക്ലാസിലെ വിദ്യാർത്ഥികളെക്കുറിച്ചുള്ള എല്ലാ വിവരങ്ങളും തങ്ങളുടെ ലാപ്ടോപ്പിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## മതബോധന -സന്മാർഗ്ഗ പഠനം

വിദ്യാലയം വിദ്യാർത്ഥികളുടെ സമഗ്രവളർച്ചയ്ക്കുള്ള ഇടമാണ്. അതുകൊണ്ട് തന്നെ സ്കൂളുകളിൽ മതബോധന സന്മാർഗ്ഗ ക്ലാസുകൾക്ക് വലിയ പ്രാധാന്യം ഉണ്ട്. പുതിയ അധ്യാപനരീതികൾ അവംലബിച്ച് പാഠപുസ്തകങ്ങൾ കൈകാര്യം ചെയ്യുന്നതോടൊപ്പം മതബോധന സന്മാർഗശാസ്ത്ര ക്ലാസുകളും നടത്തണം. പ്രധാനാധ്യാപകർ ഈ കാര്യത്തിൽ പ്രത്യേകം താൽപര്യമെടുക്കേണ്ടതാണ്.

## പൊതുവിജ്ഞാന പഠനം

തലശ്ശേരി കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ നേതൃത്വത്തിൽ

കഴിഞ്ഞ ഏതാനും വർഷങ്ങളായി നമ്മുടെ വിദ്യാലയങ്ങളിൽ നടപ്പാക്കി വരുന്ന പൊതുവിജ്ഞാന പരിശീലന പദ്ധതി പുതുമകളോടെ ഓൺലൈ നായി നടത്താൻ പ്ലാൻ ചെയ്യുന്നുണ്ട്. ഈ സംരഭം സാർത്ഥകമാക്കു ന്നതിനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ പ്രധാനാധ്യാപകരിൽ നിന്നും ക്ഷണി ക്കുന്നു.

## കാത്തലിക് ടീച്ചേഴ്സ് ഗിൽഡ്

കേരളത്തിലെ വിവിധ രൂപതകളിലെ കത്തോലിക്ക അധ്യാപകരുടെ കൂട്ടായ്മയുടെ പ്രതീകമാണ് കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡ്. നമ്മുടെ എല്ലാ സ്കൂളിലെയും അധ്യാപകർ ഇതിലെ അംഗങ്ങളാണ്. ടീച്ചേഴ്സ് ഗിൽഡിന്റെ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് നിയമാവലിയിൽ ഭേദഗതി വരു ത്തിയിട്ടുണ്ട്. രൂപതാസമിതിയിൽ നിന്ന് സംസ്ഥാന സമിതിയിലേക്ക് ഒരു പുരുഷനെയും സ്ത്രീയെയും തിരഞ്ഞെടുക്കണം. സംസ്ഥാന സമിതിയിൽ രണ്ടുപ്രാവശ്യം സ്ഥാനം വഹിച്ചവർക്ക് പിന്നീട് അർഹതയുണ്ടായിരിക്കു ന്നതല്ല.

സ്നേഹപൂർവ്വം,

**ഫാ. മാത്യു ശാസ്താംപടവിൽ**
കോർപ്പറേറ്റ് മാനേജർ

# വിമൽജ്യോതി വാർത്തകൾ

**B.Tech, M.Tech, MBA Admission 2021-22**

ചെമ്പേരി വിമൽ ജ്യോതിയിൽ അടുത്ത വർഷത്തെ അഡ്മിഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. NRI ക്വാട്ടയിൽ ഇപ്പോൾത്തന്നെ സീറ്റുകൾ ലഭ്യമാണ്. നിങ്ങൾക്ക് ഇഷ്ടമുള്ള ബ്രാഞ്ചിൽ മുൻകൂട്ടി സീറ്റുകൾ ബുക്ക് ചെയ്യുവാൻ സൗകര്യമുണ്ട്.

കൂടുതൽ വിവരങ്ങൾക്ക് താഴെ കൊടുത്തിരിക്കുന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക : 8281750777, 9400062919, 9400062918, 0460 2212240, 2213399

**എൻജിനീയറിംഗ് – മെഡിക്കൽ എൻട്രൻസ് ഓൺലൈൻ ക്രാഷ് കോഴ്സ്**

2021 ജൂലൈ 24ന് നടക്കാനിരിക്കുന്ന കേരള എൻജിനീയറിംഗ് – മെഡിക്കൽ പ്രവേശനപരീക്ഷകൾക്കുള്ള **(KEAM - NEET - JEE)** പരിശീലനങ്ങൾ ഓൺലൈനായി നടന്നുകൊണ്ടിരിക്കുന്നു. ഈ വർഷം എൻട്രൻസ് പരീക്ഷകളുടെ റാങ്ക്ലിസ്റ്റ് മാത്രം അനുസരിച്ചാണ് അഡ്മിഷനുകൾ നടത്തപ്പെടുക. ആയതിനാൽ നമ്മുടെ കുട്ടികൾക്ക് അഡ്മിഷൻ സംബന്ധമായ മാർഗനിർദ്ദേശങ്ങൾ ആവശ്യമുണ്ടെങ്കിൽ ഈ കൊടുത്തിരിക്കുന്ന നമ്പരുകളിൽ ബന്ധപ്പെടുക : 8281750777, 9400062918, 9400062919, 9447683082

## പ്ലേസ്മെന്റ് വാർത്തകൾ

- ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന QSPIDERS മെയ് 24-ാം തീയ്യതി നടത്തിയ ക്യാംപസ് റിക്രൂട്ട്മെന്റിൽ വിമൽ ജ്യോതിയിലെ 16 അവസാനവർഷ വിദ്യാർത്ഥികൾക്ക് പ്രതിവർഷം 2 ലക്ഷം രൂപ ശമ്പള വാഗ്ദാനത്തോടെ ജോലി ലഭിച്ചു.
- പ്രമുഖ EDU-TECH മെയ് BYJU's Learning App നടത്തിയ ക്യാംപസ് റിക്രൂട്ട്മെന്റിൽ 4 അവസാനവർഷ വിദ്യാർത്ഥികൾക്ക് പ്രതിമാസം 50,000 രൂപ ശമ്പളവാഗ്ദാനത്തിൽ ജോലി ലഭിച്ചു.
- കോയമ്പത്തൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ട്രെയിനിംഗ് കമ്പനിയായ FACE PREP നടത്തിയ ക്യാംപസ് റിക്രൂട്ട്മെന്റിൽ 9 കുട്ടികൾക്ക് ജോലി ലഭിക്കുകയുണ്ടായി.
- പ്രമുഖ ഐ.ടി. കമ്പനിയായ ACCENTURE സംഘടിപ്പിച്ച ഓഫ് ക്യാംപസ് റിക്രൂട്ട്മെന്റിലൂടെ കമ്പ്യൂട്ടർ സയൻസ് ഡിപ്പാർട്ട്മെന്റിലെ 2 വിദ്യാർത്ഥികൾക്ക് ജോലി ലഭിച്ചു.
- ടെക്നോപാർക്ക് ആസ്ഥാനമായി പ്രവർത്തിക്കുന്ന SUNTEC സംഘടിപ്പിച്ച ക്യാംപസ് റിക്രൂട്ട്മെന്റിലൂടെ 2 അവസാനവർഷ വിദ്യാർത്ഥികൾക്ക് ജോലി ലഭിക്കുകയുണ്ടായി. പ്രതിവർഷം 4,50,000 രൂപ ശമ്പളം വാഗ്ദാനം ചെയ്യുന്നു.
- കൺസ്ട്രക്ഷൻ മേഖലയിൽ പ്രവർത്തിക്കുന്ന പ്രശസ്ത കമ്പനിയായ ORBIT എൻജിനീയറിംഗ് നടത്തിയ ക്യാംപസ് റിക്രൂട്ട്മെന്റിലൂടെ 4 സിവിൽ എൻജിനീയറിംഗ് വിദ്യാർത്ഥികൾക്ക് ജോലി ലഭിച്ചു.

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**

മാനേജർ

**സാൻജോസ് മെട്രോപോളിറ്റൻ അക്കാഡമി**
**ഫോർ റിസേർച്ച് ആന്റ് ട്രെയിനിംഗ്**
**ഫോൺ : 8281750777, 8281730777**
E-mail: sanjoseacademytly@gmail.com, sanjoactly@gmail.com

സാൻജോസ് അക്കാഡമിയിൽ നിന്നും സ്നേഹാശംസകൾ. ജൂലൈ, ഓഗസ്റ്റ് മാസങ്ങൾ ഇന്ത്യയിലെ വിവിധ കലാലയങ്ങളിലെ വിവിധ കോഴ്സുകൾക്കുള്ള അഡ്മിഷൻ നടക്കുന്ന സമയമാണല്ലോ. ഇത്തരം പരീക്ഷകൾക്കുവേണ്ടി നമ്മുടെ കുട്ടികളെ ഒരുക്കാം. ഇപ്പോൾ വിവിധ പരിശീലനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. നമ്മുടെ കുട്ടികളെ ഇത്തരം പരീക്ഷകളെപ്പറ്റി ബഹുമാനപ്പെട്ട വികാരിയച്ചന്മാർ അറിയിക്കുമല്ലോ. 2021 ജൂലൈ-ഓഗസ്റ്റ് മാസങ്ങളിലെ പരിശീലനങ്ങൾ ചുവടെ ചേർക്കുന്നു.

## 1. German Language Coaching

വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിൽ സാൻജോസ് അക്കാഡമിയുടെ ആഭിമുഖ്യത്തിൽ ജർമ്മൻ ഭാഷാ പരിശീലനം ആരംഭിച്ചിരിക്കുന്നു. A2, B1 കോഴ്സുകളുടെ പുതിയ ബാച്ച് ജൂലൈ 15ന് ആരംഭിക്കുന്നു. 20 കുട്ടികൾക്കാണ് അവസരം ഉണ്ടാവുക. ജർമ്മനി. ഓസ്ട്രിയ തുടങ്ങിയ രാജ്യങ്ങളിൽ പഠനത്തിനും ജോലിക്കുമായി പോകുന്നവർക്ക് ഈ കോഴ്സ് പ്രയോജനപ്രദമാണ്. എല്ലാ തിങ്കളാഴ്ച്ചകളിലും A1 ന്റെ പുതിയ ബാച്ചുകൾ ആരംഭിക്കത്തക്ക വിധത്തിലാണ് ക്ലാസ്സുകൾ ക്രമപ്പെടുത്തിയിരിക്കുന്നത്. ഓൺലൈനായി പഠിക്കാനാഗ്രഹിക്കുന്നവർക്കും ആവശ്യമായ പരിശീലനങ്ങൾ നൽകുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ സാൻജോസ് അക്കാദമി ഓഫീസുമായി ബന്ധപ്പെടുക.

## 2. IELTS / OET

വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജ് കേന്ദ്രീകരിച്ച് വളരെ വിശാലമായ തോതിലുള്ള IELTS / OET പരിശീലന പരിപാടികൾ നടന്നുകൊണ്ടിരിക്കുന്നു. നമ്മുടെ അതിരൂപതക്ക് അകത്തുനിന്നും പുറത്തുനിന്നുമുള്ള നിരവധി വിദ്യാർത്ഥികൾ പഠിച്ചുകൊണ്ടിരിക്കുന്നു. കേരളത്തിലെ പ്രഗത്ഭ IELTS പരിശീലകരുടെ ഒരു ടീം അക്കാഡമിയോടൊപ്പമുണ്ട്. ഹോസ്റ്റൽ സൗകര്യങ്ങളോടെ പഠിക്കുവാനുള്ള സൗകര്യമാണ് വിമൽ ജ്യോതിയിലുള്ളത്. IELTS / OET പരീക്ഷകൾ പാസ്സാകുന്നവർക്ക് ജോലി സംബന്ധമായ സഹായ സഹകരണങ്ങൾ അക്കാഡമി ചെയ്തുകൊടുക്കുന്നതാണ്. **ഓൺലൈനായി** പഠിക്കാനാഗ്രഹിക്കുന്നവർക്കും ആവശ്യമായ പരിശീലനങ്ങൾ നൽകുന്നതാണ്. ഉപരിപഠനത്തിനായി പോകുന്നവർക്കും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് : 8281 750 777, 8281 730 777. നമ്മുടെ ദൈവാലയങ്ങളിൽ ഇതിനെ സംബന്ധിച്ചുള്ള ഒരു അറിയിപ്പ് നൽകിയാൽ ഉപകാരമായിരുന്നു.

### 3. K-TET Coaching

2021 ഓഗസ്റ്റ് മാസത്തിൽ നടക്കാനിരിക്കുന്ന K-TET പരീക്ഷയ്ക്ക് ഒരുക്കമായുള്ള പരിശീലനങ്ങൾ ഓൺലൈനായി ആരംഭിച്ചു. കാറ്റഗറി I & II നുവേണ്ടിയുള്ള പരിശീലനമാണ് നടത്തപ്പെടുന്നത്.

### 4. സാൻജോസ് ഓൺലൈൻ എൻട്രൻസ് കോച്ചിംഗ്

തലശ്ശേരി സാൻജോസ് മെട്രോപോളിറ്റൻ സ്കൂൾ കേന്ദ്രീകരിച്ച് പ്ലസ് വൺ, പ്ലസ് ടു കുട്ടികൾക്ക് വേണ്ടിയുള്ള എൻട്രൻസ് പരിശീലനങ്ങൾ നടന്നു കൊണ്ടിരിക്കുന്നു.

### 5. പ്ലസ് വൺ / പ്ലസ് ടു എൻട്രൻസ് - ട്യൂഷൻ

2021-22 വർഷത്തിൽ പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥികൾക്കു വേണ്ടിയുള്ള എൻട്രൻസ് ട്യൂഷൻ പരിശീലനങ്ങൾ ജൂലൈ 25 മുതൽ ആരംഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

### 6. എൻജിനീയറിംഗ്-മെഡിക്കൽ എൻട്രൻസ് ഓൺലൈൻ ക്രാഷ് കോഴ്സ്

2021 ജൂലൈ 24ന് നടക്കാനിരിക്കുന്ന കേരള എൻജിനീയറിംഗ് - മെഡിക്കൽ പ്രവേശനപരീക്ഷകൾക്കുള്ള **(KEAM - NEET - JEE)** പരിശീലനങ്ങൾ ഓൺലൈനായി വിമൽ ജ്യോതിയിൽ നിന്നും നടന്നുകൊണ്ടിരിക്കുന്നു. ഈ വർഷം എൻട്രൻസ് പരീക്ഷകളുടെ റാങ്ക്ലിസ്റ്റ് മാത്രം അനുസരിച്ചാണ് അഡ്മിഷനുകൾ നടത്തപ്പെടുക. ആയതിനാൽ നമ്മുടെ കുട്ടികൾക്ക് അഡ്മിഷൻ സംബന്ധമായ മാർഗനിർദ്ദേശങ്ങൾ ആവശ്യമുണ്ടെങ്കിൽ ഈ കൊടുത്തിരിക്കുന്ന നമ്പരുകളിൽ ബന്ധപ്പെടുക : 8281750777, 9400062918, 9400062919, 9447683082

### 7. KCYM - MYSTEP : Online PSC Coaching

ഗവൺമെന്റ് മേഖലയിലെ വിവിധ ജോലികൾക്കുള്ള PSC/UPSC പരീക്ഷകൾക്കു വേണ്ടിയുള്ള പരിശീലനങ്ങൾ സാൻജോസ് അക്കാഡമിയിൽ KCYM തലശ്ശേരി അതിരൂപതാ ഓഫീസുമായി സഹകരിച്ച് ഓൺലൈനായി ആരംഭിക്കുകയാണ്. ഇതിന്റെ പേര് KCYM - MYSTEP എന്നാണ്. ഇതിനാവശ്യമായ മൊബൈൽ ആപ്ലിക്കേഷൻ ഡെവലപ്പ് ചെയ്ത് കഴിഞ്ഞിരിക്കുന്നു. 2500/- രൂപ ഫീസിൽ 2 വർഷം നീണ്ടുനിൽക്കുന്ന പരിശീലനമാണ് നൽകുന്നത്. കുറഞ്ഞ ചിലവിൽ നമ്മുടെ രൂപതയിലുള്ള യുവജനങ്ങൾക്ക് പരിശീലനം ലഭ്യമാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. കെ.സി.വൈ.എം അതിരൂപതയുടെ നേതൃത്വത്തിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് 1999/- രൂപ ഫീസ് അടച്ചാൽ മതിയാകും. ആദ്യം രജിസ്റ്റർ ചെയ്യുന്ന 500 പേർക്കാണ് ഈ ആനുകൂല്യം ലഭ്യമാവുക. വിശദാംശങ്ങൾക്ക് കെ.സി.വൈ.എം ഓഫീസിൽ ബന്ധപ്പെടുക. ഫോൺ: 9400062918, 8281517660.

സ്നേഹാശംസകളോടെ,

**ഫാ. പയസ് പടിഞ്ഞാറെമുറിയിൽ**
ഡയറക്ടർ

# നിർമ്മലഗിരി വാർത്തകൾ

**കൂത്തുപറമ്പ്:** ഈ വർഷവും ജൂൺ ഒന്നിനുതന്നെ ഓൺലൈനായി ക്ലാസുകൾ ആരംഭിച്ചു. പുതിയ അഞ്ച് അധ്യാപകർ നിർമലഗിരി കോളജിന്റെ ഭാഗമായി എന്നതാണ് ഈ മാസത്തെ ഏറ്റവും വലിയ വാർത്ത. കൊമേഴ്സ് വിഭാഗത്തിൽ സിസ്റ്റർ റിൻസി എലിസബത്ത്, റോഷിൻ തോമസ്, കമിലോ ജോസഫ് എന്നിവരും കെമസ്ട്രി വിഭാഗത്തിൽ ഡോ.സുമി ജോസഫ്, ഡോ. എബിൻ ജോസഫ് എന്നിവരുമാണ് കോളേജിന്റെ ഭാഗമായത്.

നിർമലഗിരി കോളജിന്റെ സഹായത്തോടെ കണ്ണവം പെരുവ കോളനിയിൽ ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുന്നതിന്റെ ഭാഗമായുള്ള പ്രവൃത്തികൾ പുരോഗമിക്കുന്നു. നിർമലഗിരി കോളേജിലെ നെസ്റ്റ് പദ്ധതിയിൽ ഉൾപ്പെടുത്തി കോളേജ് എവർഗ്രീൻ അലുംമ്നി അസോസിയേഷൻ ഇതിന്റെ ചെലവിലേക്കുള്ള 150000 രൂപ പ്രിൻസിപ്പൽ വഴി ബിഎസ്എൻഎല്ലിനു നൽകിയതോടെയാണ് പദ്ധതിക്ക് ജീവൻവച്ചത്. ഉടൻതന്നെ കോളനിയിൽ കണക്ഷൻ ലഭിക്കും.

## ജൂൺ അഞ്ചിന് കോളജിലെ വിവിധ സംഘടനകളും ബോട്ടണി ഡിപ്പാർട്ടുമെന്റും പരിസ്ഥിതി ദിനം ആചരിച്ചു

കേരളത്തിന്റെയും ലക്ഷദ്വീപിന്റെയും റീജിണൽ ഡയറക്ടറായിരുന്ന ജി.പി. സജിത് ബാബുവിന്റെ സ്മരണാർത്ഥം എൻ.എസ്.എസ് വോളന്റിയേഴ്സ് ഇരുന്നൂറോളം ഓർമ മരം നട്ടു കൊണ്ടാണ് പരിസ്ഥിതി ദിനാചരണത്തിന് തുടക്കം കുറിച്ചത്. കോളേജ് പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ.വി. ഉദ്ഘാടനം ചെയ്തു. തുടർന്ന് പരിസ്ഥിതി സംരക്ഷണ വെബിനാറും നടന്നു. ആറളം വന്യജീവി സങ്കേതത്തിലെ പരിസ്ഥിതി പ്രവർത്തകനും അധ്യാപകനുമായ ഷാജു കെ.സി.യും അധ്യാപികയും ബഡ്ഡിങ്ങ് ആൻഡ് ക്രാഫ്റ്റിംഗ് എക്സ്പേർട്ടും മോട്ടിവേറ്ററുമായ ഷീജ സി.പിയും ക്ലാസുകൾ നയിച്ചു.

ബോട്ടണി വിഭാഗം വൈവിധ്യമാർന്ന ഓൺലൈൻ മത്സരങ്ങൾ സംഘടിപ്പിച്ചാണ് പരിസ്ഥിതി ദിനം ആചരിച്ചത്. എൻ.സി.സി.9 (കെ) ബറ്റാലിയനും കോഴിക്കോട് 31 (കെ)യും സംയുക്തമായാണ് പരിസ്ഥിതി ദിനാചരണം നടത്തിയത്. 'മണ്ണെഴുത്ത്'എന്ന പരിപാടിക്ക് ചിത്രകാരനും അധ്യാപകനും തലശേരി സാൻജോസ് ഹയർസെക്കൻഡറി പ്രിൻസിപ്പലുമായ ഫാ. മനോജ് ഒറ്റപ്ലാക്കൽ നേതൃത്വം നൽകി.

ജൂൺ 7-ന് ലോക ഭക്ഷ്യ സുരക്ഷാദിനാചരണത്തിന്റെ ഭാഗമായി നിർമലഗിരി കോളേജ്, എൻ എസ് എസ് 'ഈറ്റ് സ്മാർട്ട് ബീ സ്മാർട്ട്' എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. നിർമലഗിരി കോളേജ് ഹോം സയൻസ് വിഭാഗം അസി.പ്രഫ. ദീപ്തി ലിസ്ബത്ത് കെ വിഷയാവതരണം

നടത്തി. പ്രോഗ്രാം ഓഫീസർ ഡോ.ദീപമോൾ മാത്യു അധ്യക്ഷത വഹിച്ചു. വോളന്റിയർ സെക്രട്ടറിമാരായ ഗോപിക ടി. സി, മുഹമ്മദ് അമീർ, സ്വാതി ബാലകൃഷ്ണൻ, നന്ദന വി കുമാർ, ശ്രേയ ബി എന്നിവർ സംസാരിച്ചു.

ജൂൺ 8 ന് കരിയർ ഗൈഡൻസ് ആൻഡ് പ്ലെയ്സ്മെന്റ് സെല്ലിന്റെയും മെന്ററിംഗ് കമ്മറ്റിയുടെയും സംയുക്താഭിമുഖ്യത്തിൽ രണ്ടാഴ്ചയായി തുടർന്നു വന്ന സർട്ടിഫിക്കറ്റ് കോഴ്സ് സമാപിച്ചു. സമാപന സമ്മേളനം കേന്ദ്രസർവകലാശാല എഡ്യുക്കേഷൻ വിഭാഗം ഡീൻ പ്രഫ. ഡോ. എം.എൻ. മുസ്തഫ മുഖ്യാതിഥിയായിരുന്നു. പ്രിൻസിപ്പൽ ഡോ.കെ.വി. ഔസേപ്പച്ചൻ അധ്യക്ഷത വഹിച്ചു. മെന്ററിംഗ് കമ്മിറ്റി കൺവീനർ ഡോ. ജോജി കുര്യൻ സ്വാഗതവും മഫ്ഹുമ പി. നന്ദിയും പറഞ്ഞു അന്നുതന്നെ ഹിസ്റ്ററി വിഭാഗം 'ടു ടേൺ ഡിസെബിലിറ്റി ഇൻടു എബിലിറ്റി' എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. പനമ്പള്ളി മെമ്മോറിയൽ ഗവ. കോളേജ് പൊളിറ്റിക്കൽ സയൻസ് അസി. പ്രഫ. റ്റോബിയോ പി.ഡി. വിഷയാവതരണം നടത്തി. കോളേജ് പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ.വി. അധ്യക്ഷത വഹിച്ചു. ഹിസ്റ്ററി വിഭാഗം ആധ്യക്ഷ സിസ്റ്റർ സുജ മോൾ ജോസഫ് സ്വാഗതവും ഡോ. സി. മഞ്ജു ഒ.എസ്. നന്ദിയും പറഞ്ഞു.

ജൂൺ 10 ന് കരിയർ ഗൈഡൻസ് ആൻഡ് പ്ലെയ്സ്മെന്റ് സെല്ലിന്റെ ആഭിമുഖ്യത്തിൽ 'ഇമ്പോർട്ടൻസ് ഓഫ് സോഫ്റ്റ് സ്കിൽസ് ഇൻ പേഴ് സണൽ ആന്റ് പ്രഫഷണനൽ ലൈഫ് ആൻഡ് ജോബ് ഓപ്പർച്ച്യൂണിറ്റീസ് ഇൻ കരണ്ട് സിനാരിയോ' എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. കരിയർ എക്സ്പേർട്ട് സുഹൈല ഹാഷിം ക്ലാസ് നയിച്ചു. സെൽ കൺവീനർ അസി. പ്രഫ. ദീപു ജോസഫ് സംസാരിച്ചു.

ജൂൺ 11 ന് നിർമലഗിരി കോളേജ് എൻ.സി.സി 9 കെ. ബറ്റാലിയൻ കോഴിക്കോടും 31 ബറ്റാലിയൻ കണ്ണൂരും സംയുക്തമായി 'സായുധ സേനയിൽ ഓഫീസർ ജോലി സാധ്യതകൾ' എന്ന വിഷയത്തിൽ വെബിനാർ നടത്തി. 125 കേഡറ്റുകൾ പങ്കെടുത്ത പരിപാടിയിൽ നിർമലഗിരി കോളേജ് പൂർവ്വ വിദ്യാർഥിയും ഇന്ത്യൻ കരസേന റിട്ടയേർഡ് ഉദ്യോഗ സ്ഥനുമായ കേണൽ പി. മാധവൻ ക്ലാസ് നയിച്ചു.

ജൂൺ 11 ന് നിർമലഗിരി കോളേജ് എൻ. എസ് എസ് മഹാത്മാഗാന്ധി നാഷണൽ കൗൺസിൽ ഓഫ് റൂറൽ എഡ്യുക്കേഷന്റെ കമ്മ്യൂണിറ്റി എൻകറേജ് പദ്ധതിയുടെ ഭാഗമായി കോവിഡ് ഹെൽപ്പ് ഡസ്ക് ആരംഭിച്ചു. പ്രധാനമായും കണ്ണൂർ ജില്ല കേന്ദ്രീകരിച്ചാണ് പ്രവർത്തനം.

ജൂൺ 12 ന് കേരള വനിതാ ശിശുവികസന വകുപ്പും നിർമലഗിരി കോളേജ് എൻ എസ് എസും സംയുക്തമായി അനീമിയ ക്യാംപയ്ൻ സംഘടിപ്പിച്ചു. കൂത്തുപറമ്പ് ആയുഷ് ഗ്രാം സ്പെഷ്യലിസ്റ്റ് മെഡിക്കൽ

ഓഫീസർ ഡോ. ദീപ്തി. വി നായർ വിഷയാവതരണം നടത്തി. ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ പ്രീത പി.എം സ്വാഗതവും എൻ.എസ് എസ് വോളന്റിയർ സെക്രട്ടറി ഗോപികാ ടി.സി. നന്ദിയും പറഞ്ഞു.

അന്നേദിവസം തന്നെ എൻ എസ് എസും വേൾഡ് വിത്തൗട്ട് വാർ ആൻഡ് വയലൻസ് ഓർഗനൈസേഷനും സംയുക്തമായി വെബിനാർ സംഘടിപ്പിച്ചു. 'ലോകസമാധാനത്തിൽ യുവാക്കളുടെ പങ്ക്' എന്ന വിഷയത്തെ മുൻ നിർത്തി വേൾഡ് വിത്തൗട്ട് വാർ ആൻഡ് വയലൻസ് സ്റ്റേറ്റ് കോർഡിനേറ്റർമാരായ പി.കെ. പ്രേമരാജൻ, വാസുദേവൻ എന്നിവർ ക്ലാസ് നയിച്ചു.

ജൂൺ 13 ന് മഴയ്ക്ക് മുമ്പേ പദ്ധതിയുടെ ഭാഗമായി നിർമലഗിരി കോളേജ്, എൻ എസ് എസ്'. മഴക്കാലരോഗങ്ങളും പ്രതിരോധ മാർഗ്ഗങ്ങളും' എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. ഡോ. അഷിത ആൻ ബെന്നി വിഷയാവതരണം നടത്തി. വെബിനാറിനു ശേഷം വോളന്റിയേഴ്സിന്റെ കലാപരിപാടികളും നടന്നു.

ജൂൺ 19ന് വായനാദിനത്തോടനുബന്ധിച്ച് എൻഎസ്എസ്ന്റെ നേതൃത്വത്തിൽ ഓൺലൈൻ വായന ദിനാചാരണം നടത്തി. സംസ്ഥാന ചീഫ് സെക്രട്ടറി വി.പി ജോയി ഉദ്ഘാടനം ചെയ്തു.

ജൂൺ 21 ന് അന്താരാഷ്ട്ര യോഗാ ദിനാചാരണത്തിന്റെ ഭാഗമായി നിർമലഗിരി കോളേജ് എൻ എസ് എസും ഫിസിക്കൽ എജ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റും സംയുക്തമായി യോഗാദിനം ആചരിച്ചു. യോഗാദിനാ ചരണവും മൂന്നാഴ്ച നീണ്ടുനിൽക്കുന്ന യോഗ പരിശീലന പരിപാടിയും കോളേജ് പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ.വി. ഉദ്ഘാടനം ചെയ്തു. കുറവിലങ്ങാട് ദേവമാതാ കോളേജ് മലയാള വിഭാഗം അസി. പ്രഫസറും യോഗാ ട്രെയിനറുമായ ഡോ. ജോബിൻ ജോസ് ചാമക്കാല 'ബ്രീത്ത്, മൈൻഡ് ആൻഡ് മെഡിറ്റേഷൻ' എന്ന വിഷയം സംബന്ധിച്ച് സംസാരിച്ചു. ഫിസിക്കൽ എജ്യുക്കേഷൻ വിഭാഗം അധ്യക്ഷൻ ഷിനിൽ കുര്യാക്കോസാണ് പരിശീലന പരിപാടിക്ക് നേതൃത്വം നൽകുന്നത്.

അന്നേദിവസം തന്നെ എൻ സി സി 9 കേരള ബറ്റാലിയൻ കോഴി ക്കോടും, 31 കേരള ബറ്റാലിയൻ കണ്ണൂരും സംയുക്തമായി യോഗാ ദിനം ആചരിച്ചു. യോഗാ ദിനാചരണത്തിന്റെ ഭാഗമായി 'യോഗ' ആരോഗ്യത്തിനും അതിജീവനത്തിനും എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. തൃശ്ശൂർ വിമലാ കോളേജ് അസി. പ്രഫസറും കായിക വകുപ്പ് അധ്യക്ഷയുമായ ഹേമലത വി. ക്ലാസ് നയിച്ചു.

വായന വാരാഘോഷത്തോടനുബന്ധിച്ച് 19ാം തിയതി മുതൽ 25ാം തിയതി വരെ നിർമലഗിരി കോളേജ് 'എന്റെ വായന' എന്ന പേരിൽ

വൈവിധ്യമാർന്ന ഓൺലൈൻ മത്സരങ്ങൾ സംഘടിപ്പിച്ചു. സമാപന സമ്മേളനം പ്രശസ്ത സാഹിത്യകാരനും പരിസ്ഥിതി പ്രവർത്തനും അധ്യാപകനുമായ ഡോ. അംബികാസുതൻ മാങ്ങാട് ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ.വി. അധ്യക്ഷത വഹിച്ചു. കോഓർഡിനേറ്റർമാരായ വൈസ് പ്രിൻസിപ്പൽ റവ. ഡോ. ജോബി ജേക്കബ് സ്വാഗതവും ഡോ. ജെയ്സൻ ജോസഫ് നന്ദിയും പറഞ്ഞു.

ജൂൺ 26ന് അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് നിർമലഗിരി കോളേജ് എൻ.എസ് എസ്' ലഹരിയും യുവതയും' എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. പ്രിൻസിപ്പൽ ഡോ.കെ.വി. ഔസേപ്പച്ചൻ ഉദ്ഘാടനം ചെയ്തു. പേരാവൂർ സിവിൽ എക്സൈസ് ഓഫീസർ ശിവദാസൻ പി.എസ്. വിഷയാവതരണം നടത്തി.

**പി ആർ ഒ**
നിർമ്മലഗിരി കോളേജ്

# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി, മുക്തിശ്രീ, എഡിഎസ്‌യു, പ്രതീക്ഷാ മദ്യപാന ചികിത്സാകേന്ദ്രം

**1. റവ. ഡോ. ജോൺസൺ അന്ത്യാംകുളത്തിന് പ്രതീക്ഷയിൽ യാത്രയയപ്പ് നൽകി.**



പ്രതീക്ഷാ മദ്യപാന ചികിത്സാകേന്ദ്രം, എഡിഎസ് യു, ഇൻഫാം, കർഷകവർഷം എന്നിവയുടെ ഡയറക്ടറായി മികവുറ്റ പ്രവർത്തനങ്ങൾ സമൂഹത്തിനും സഭയ്ക്കും നല്കിയ ബഹു. ജോൺസൺ അച്ചന് പ്രൗഢഗംഭീരമായ യാത്രയയപ്പ് നല്കി പ്രതീക്ഷാ കുടുംബം ആദരവ് പ്രകടിപ്പിച്ചു. ആറു വർഷക്കാലം പ്രതീക്ഷയെ നയിക്കുകയും കാലോചിതമായി വളർത്തുകയും ചെയ്തുകൊണ്ട് ആയിരക്കണക്കിന് രോഗികൾക്ക് തണലേകാൻ അച്ചന്റെ പ്രതീക്ഷയിലെ സേവനങ്ങൾക്ക് സാധിച്ചു.

യാത്രയയപ്പ് സമ്മേളനത്തിൽ അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് ഉദ്ഘാടനവും മാർ ജോർജ് വലിയമറ്റം പിതാവ് അദ്ധ്യക്ഷതയും വഹിച്ചു. മാർ ജോസഫ് പാംപ്ലാനി പിതാവ് മുഖ്യപ്രഭാഷണം നടത്തി. എരഞ്ഞോളി പഞ്ചായത്ത് പ്രസിഡന്റ് ശ്രീഷ, പ്രസ്സ് ഫോറം പ്രസിഡന്റ് നവാസ് മേത്തർ, പഞ്ചായത്തംഗം ബാലകൃഷ്ണൻ എന്നിവർ മുഖ്യാതിഥികളായ് പങ്കെടുക്കുകയും സംസാരിക്കുകയും ചെയ്തു.

ഈ ലോക്ഡൗൺ കാലത്തും വളരെ ഉയർന്ന വ്യക്തിത്വങ്ങൾ യാത്രാമംഗളം നല്കുവാൻ എത്തിച്ചേർന്നു എന്നത് ജോൺസൺ അച്ചന്റെ പ്രവർത്തനമികവിനെയും വ്യക്തിമഹത്വത്തെയും എടുത്തു കാണിക്കുന്നു. പ്രിയപ്പെട്ട ജോൺസൺ അച്ചാ അങ്ങേയ്ക്ക് ദൈവം ഏല്പിച്ചു തന്ന പുതിയ ഉത്തരവാദിത്വം ദൈവഹിതപ്രകാരം നിർവ്വഹിക്കുവാനുള്ള എല്ലാ പ്രാർത്ഥനകളും പ്രതീക്ഷാ കുടുംബം ഏറെ കടപ്പാടോടെ സമർപ്പിക്കുന്നു.

**2. പ്രതീക്ഷാ കുടുംബത്തിലേയ്ക്ക് സ്നേഹപുരസ്സരം സ്വാഗതം**

പ്രതീക്ഷാ മദ്യപാന ചികിത്സാ കേന്ദ്രത്തിന്റെ അഡ്മിനിസ്ട്രേറ്ററായി ചുമതലയേറ്റ റവ. ഫാ. മാത്യു കാരിക്കലിന് പ്രതീക്ഷാ കുടുംബത്തിലേയ്ക്ക് ഹൃദ്യമായ സ്വാഗതം.

### 3. മദ്യവിരുദ്ധപ്രവർത്തകർ രക്തദാനം ചെയ്തു

ജൂൺ 14 ലോക രക്തദാനദിനത്തിൽ തലശ്ശേരി പ്രതീക്ഷയിൽ വെച്ച് കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി, മുക്തിശ്രീ പ്രവർത്തകർ രക്തദാനം ചെയ്തു. മലബാർ ക്യാൻസർ സെന്റർ രക്തം സ്വീകരിച്ചു. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് രക്തദാനം ചെയ്തുകൊണ്ട് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ഫാ. ചാക്കോ കുടിപ്പറമ്പിൽ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ഫാ. മാത്യു കാരിക്കൽ, പ്രസ്സ് ഫോറം പ്രസിഡന്റ് നവാസ് മേത്തർ, പഞ്ചായത്ത് അംഗം ബാലകൃഷ്ണൻ, ആന്റണി മേൽവെട്ടം, ഷിനോ പാറയ്ക്കൽ എന്നിവർ പ്രസംഗിച്ചു. ഡോ. രവീന്ദ്രൻ സെമിനാർ നയിച്ചു.

### 4. കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ധർണ്ണാസമരങ്ങൾ നടത്തി

അനിയന്ത്രിതമായ കോവിഡ് പകർച്ചയുടെ കാലത്ത് പണം മാത്രം മുന്നിൽക്കണ്ട് സർക്കാർ മദ്യക്കച്ചവടം പുനരാരംഭിച്ചതിൽ പ്രതിഷേധിച്ച് കെസിബിസി മദ്യവിരുദ്ധ സമിതിയും, മുക്തിശ്രീയും ധർണ്ണാ സമരങ്ങൾ സംഘടിപ്പിച്ചു. തലശ്ശേരി ഫാ. ചാക്കോ കുടിപ്പറമ്പിൽ, എടൂർ ഫാ. ആന്റണി മുതുകുന്നേൽ, വെള്ളരിക്കുണ്ട് ഫാ. ജോൺസൺ അന്ത്യാംകുളം നെല്ലിക്കാംപൊയിൽ ഫാ. ജോസഫ് കാവനാടി, അങ്ങാടിക്കടവ് ഫാ. തോമസ് ആമക്കാട്ട്, മാങ്ങോട് ഫാ. സെബാസ്റ്റ്യൻ മുട്ടത്തുപാറ, ചെമ്പന്തൊട്ടിയിൽ ഷിനോ പാറയ്ക്കൽ എന്നിവർ ധർണ്ണ ഉദ്ഘാടനം ചെയ്തു. ആന്റണി മേൽവെട്ടം, ജിൻസി കുഴിമുള്ളിൽ, ഷെൽസി കാവനാടിയിൽ, മാത്യു പുഴക്കര, സാബു ചിറ്റേത്ത് എന്നിവർ നേതൃത്വം നല്കി.

ആദരവോടെ,

**ഫാ. മാത്യു കാരിക്കൽ**
അഡ്മിനിസ്ട്രേറ്റർ
ഡയറക്ടർ, എഡിഎസ്യു

**ഫാ. ചാക്കോ കുടിപ്പറമ്പിൽ**
ഡയറക്ടർ

# സാമൂഹ്യസേവനവേദി

## തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി
## (ടി.എസ്.എസ്.എസ്.)

### കോവിഡ്-19 ട്രീറ്റ്മെന്റ് സെന്ററിൽ ഇന്റൻസീവ് കെയർ യൂണിറ്റ് ഉദ്ഘാടനം

അത്യാധുനിക മെഷീനുകളുടെ സഹായത്തോടെയുള്ള ഏറ്റവും മികച്ച കോവിഡ്-19 ചികിത്സ ഏറ്റവും കുറഞ്ഞ നിരക്കിൽ സാധാരണക്കാർക്ക് ലഭ്യമാക്കുന്നതിനായി തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കരുവഞ്ചാൽ സെന്റ് ജോസഫ്സ് ആശുപത്രിയിൽ ആരംഭിച്ച TSSS കോവിഡ്-19 ട്രീറ്റ്മെന്റ് സെന്ററിന്റെ ഇന്റൻസീവ് കെയർ യൂണിറ്റ് (ICU) ഉദ്ഘാടനം കണ്ണൂർ ജില്ലാ അഡീഷണൽ മജിസ്ട്രേറ്റ് ശ്രീമതി ഇ.പി. മേഴ്സി നിർവ്വഹിച്ചു. പ്രാഥമിക സൗകര്യങ്ങളോടെ പ്രവർത്തന മാരംഭിച്ച് 27 ദിവസത്തിനുള്ളിൽതന്നെ ഇവിടുത്തെ മികച്ച രീതിയിലുള്ള ശുശ്രൂഷയുടെയും കരുതലിന്റെയും പരിചരണത്തിന്റെയും ഫലമായി 92-ഓളം പേർക്ക് രോഗമുക്തരായി സ്വഭവനങ്ങളിലേക്ക് തിരിച്ചുപോകാനും, കോവിഡ് ബാധിച്ച് ചികിത്സയ്ക്കായ് ഇവിടെ അഡ്മിറ്റായ ആരേയും മരണത്തിന്റെ പിടിയിലകപ്പെടാതെ സൗഖ്യമുള്ളവരായി സ്വഭവന ങ്ങളിലേക്ക് തിരിച്ചയയ്ക്കാൻ സാധിച്ചതും നമുക്ക് ഏവർക്കും അഭിമാനിക്കാവുന്ന ഒരു കാര്യമാണ്.

ഒരു ട്രീറ്റ്മെന്റ് സെന്ററിനുവേണ്ട ചെറുതും വലുതുമായ എല്ലാ സൗകര്യങ്ങളും ഒരുക്കുവാനും മലയോരമേഖലയിലുള്ളവർക്ക് ആശ്വാസ മേകാനും TSSS-ന് സാധിച്ചു. കുട്ടികൾക്കും മുതിർന്നവർക്കുമായി ഉപയോഗിക്കാവുന്ന രണ്ട് വെന്റിലേറ്ററുകളും, നാല് സെമി വെന്റിലേറ്ററുകളും (HFNC), ബൈപാപ്പ് മെഷീൻ, ഡി ഡൈമർ, സെന്റർലൈസ്ഡ് ഓക്സിജൻ സൗകര്യത്തോടുകൂടിയ 50-ഓളം ബെഡുകൾ, ആധുനിക സൗകര്യ ത്തോടുകൂടിയ എക്സ്റേ, ഇസിജി, മോണിറ്റർ, ഇലക്ട്രിക്കൽ ബെഡുകൾ, സെട്രെക്ച്ചറുകൾ, വീൽ ചെയർ, മറ്റു വിവിധ മെഡിക്കൽ ഉപകരണങ്ങൾ തുടങ്ങി 60 ലക്ഷം രൂപയിൽപരം ചിലവഴിച്ച് അത്യാധുനിക സൗകര്യ ങ്ങളോടുകൂടിയാണ് സാധാരണക്കാർക്കായി വളരെ കുറഞ്ഞ സമയത്തി നുള്ളിൽ ഈ കോവിഡ്-19 ട്രീറ്റ്മെന്റ് സെന്റർ കരുവഞ്ചാലിൽ തയ്യാറാക്കി യിരിക്കുന്നത്. TSSS ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ സ്വാഗതം പറഞ്ഞ ചടങ്ങിൽ തലശ്ശേരി അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് അദ്ധ്യക്ഷത വഹിച്ചു. ശ്രീമതി ഇ.പി. മേഴ്സി (എഡിഎം, കണ്ണൂർ) ഉദ്ഘാടനകർമ്മം നിർവ്വഹിക്കുകയും തലശ്ശേരി അതിരൂപത

സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി പിതാവ് മുഖ്യപ്രഭാഷണം നടത്തുകയും ചെയ്തു. പാസ്റ്ററൽ കോർഡിനേറ്ററും തലശ്ശേരി സന്ദേശഭവൻ ഡയറക്ടറുമായ റവ. ഡോ. ഫിലിപ്പ് കവിയിൽ, കരുവഞ്ചാൽ സെന്റ് ജോസഫ്സ് ഹോസ്പിറ്റൽ ഡയറക്ടർ റവ. ഫാ. തോമസ് വടക്കേമുറി, കരുവഞ്ചാൽ ഇടവക വികാരി റവ. ഫാ. ജോസഫ് ഈനാച്ചേരിൽ തുടങ്ങിയവർ പ്രസ്തുത ഉദ്ഘാടന കർമ്മത്തിൽ സംബന്ധിച്ചു.

## നന്ദിയും കടപ്പാടും

കാരിത്താസ് ഇന്ത്യയുടെയും, മഹാരാഷ്ട്രയിലെ ബെൽ എയർ ആശുപത്രിയുടെയും, ജർമ്മനി, ഓസ്ട്രിയ തുടങ്ങിയ സ്ഥലങ്ങളിൽ സേവനം ചെയ്യുന്ന വൈദികരുടെയും, തലശ്ശേരി അതിരൂപതയിലെ വിവിധയിടങ്ങളിൽ സേവനം ചെയ്യുന്ന വൈദികരുടെയും, ചെറുതും വലുതുമായി സംഭാവനകൾ നൽകിയ TSSS പ്രവർത്തകരുടെയും, മലയോരമേഖലകളിലെ വിവിധ ഉപകാരികളുടെയും അകമഴിഞ്ഞ സഹായസഹകരണങ്ങൾ ലഭിച്ചതുകൊണ്ടാണ് ഈ ട്രീറ്റ്മെന്റ് സെന്റർ ഇവിടെ യാഥാർത്ഥ്യമാക്കാൻ തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിക്ക് സാധിച്ചത്.

## ജൂൺ 5 – ലോക പരിസ്ഥിതിദിനം

ഭൂമിയെ പച്ചപ്പണിയിക്കാനും പുതിയ തലമുറയെ പ്രകൃതിയിലേക്ക് കൂടുതൽ അടുപ്പിക്കാനുമായി ലോകപരിസ്ഥിതിദിനമായി ആചരിക്കുന്ന ജൂൺ അഞ്ചിന് തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ മേഖലകളിലെ അംഗങ്ങളുടെയും, എസ്.എൽ.എഫ്. പദ്ധതിയിലൂടെ കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ നിരവധി ഭിന്നശേഷി വിദ്യാർത്ഥികളുടെയും സഹകരണത്തോടെ ഫലവൃക്ഷത്തൈകളും, ചെടികളും നട്ടു. തുടർന്ന് ചെടികളേയും മരങ്ങളേയും പ്രകൃതിയേയും സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനുമായി പ്രതിജ്ഞയെടുക്കുകയും ചെയ്തു.

## ജൂൺ 21 – അന്തർദേശീയ യോഗാദിനം

മലബാർ കാൻസർകെയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ പ്രശസ്ത സിനിമാതാരങ്ങളുടേയും മറ്റു വിശിഷ്ട വ്യക്തിത്വങ്ങളുടേയും സാന്നിധ്യത്തോടെ അന്തർദേശീയ യോഗാദിനമായ ജൂൺ 21–ന് വൈവിധ്യമാർന്ന പരിപാടികളോടെ ഓൺലൈൻ സൂം മീറ്റിംഗ് വഴി സംഘടിപ്പിച്ചു. കോവിഡിന്റെ പശ്ചാത്തലത്തിൽ നിർബന്ധമായും അറിഞ്ഞിരിക്കേണ്ട ലളിതമായ യോഗപദ്ധതിയുടെ ഡെമോൺസ്ട്രേഷനും മീറ്റിംഗിൽ നൽകി. തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിക്കുവേണ്ടി പ്രോഗ്രാം കോർഡിനേറ്റർ സി. ആഷ മീറ്റിംഗിൽ പങ്കെടുത്തു.

## ഓൺലൈൻ പഠനോപകരണ വിതരണം

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ

വിദ്യാർത്ഥികൾക്ക് കോവിഡ് കാലത്തെ ഓൺലൈൻ പഠനാവശ്യത്തിനായി കണ്ണൂർ ജില്ലാ കളക്ടറുടെ നിർദ്ദേശപ്രകാരം പഠനോപകരണം നൽകി. കണ്ണൂർ ജില്ലയിലെ സാമ്പത്തികപരമായി ബുദ്ധിമുട്ട് അനുഭവിക്കുന്ന തീർത്ഥ എന്ന വിദ്യാർത്ഥിനിക്കാണ് ഒരു മൊബൈൽ ഫോൺ നൽകിയത്.

## ലഹരിക്കെതിരെ വെബിനാറും അനുഭവക്കുറിപ്പ് മത്സരവും

മലബാർ കാൻസർ സെന്റർ, കണ്ണൂർ ഡിസ്ട്രിക്ട് കാൻസർ കൺട്രോൾ കൺസോർഷ്യം എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ വെബിനാർ സംഘടിപ്പിച്ചു. വിവിധ ഡിപ്പാർട്ടുമെന്റുകളിലെ വ്യക്തിത്വങ്ങൾ പങ്കെടുത്ത മീറ്റിംഗിൽ തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിക്കുവേണ്ടി പ്രോഗ്രാം കോർഡിനേറ്റർ സി. ആഷ മീറ്റിംഗിൽ പങ്കെടുത്തു. പ്രസ്തുത മീറ്റിംഗിൽ ലഹരിക്കെതിരെ അനുഭവക്കുറിപ്പ് എന്ന പേരിൽ മത്സരം നടത്തുവാൻ നിശ്ചയിച്ചു. സമൂഹത്തെയാകെ കാർന്നു തിന്നുന്ന മാരകവിപത്തുകളായ പുകയിലയുടേയും ലഹരിയുടേയും ഉപയോഗവുമായി ബന്ധപ്പെട്ട് മത്സരാർത്ഥികൾ കണ്ടതോ, കേട്ടതോ, ശ്രദ്ധയിൽപ്പെട്ടതോ ആയ സംഭവത്തെക്കുറിച്ചാണ് രണ്ടുപേജിൽ കുറയാതെ എഴുതി മത്സരത്തിൽ പങ്കെടുക്കേണ്ടിയിരുന്നത്. ലഹരി ഉപയോഗത്തിന്റെ തിക്തഫലങ്ങളെക്കുറിച്ച് സമൂഹത്തെ ബോധവൽക്കരിക്കാൻ വേണ്ടി പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കുമായി രണ്ടു വിഭാഗത്തിലാണ് മത്സരങ്ങൾ സംഘടിപ്പിച്ചത്. തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ വിവിധ അംഗങ്ങൾ മത്സരത്തിൽ പങ്കെടുത്തു. ലഹരിവിരുദ്ധദിനമായി ആചരിക്കുന്ന ജൂൺ 26-ന് വിജയികളെ പ്രഖ്യാപിച്ചു.

## കപ്പ കർഷകർക്കൊരു കൈത്താങ്ങ്

പുഞ്ചയിലെ കർഷകർക്ക് അവരുടെ അദ്ധ്വാനത്തിലൂടെയും കഷ്ടപ്പാടിലൂടെയും വിളയിച്ചെടുത്ത നാടൻ കപ്പ വിറ്റഴിക്കാൻ സാധിക്കാത്ത ഈ കോവിഡ്കാലത്ത് അവർക്കൊരു കൈത്താങ്ങാവാൻ TSSS-ന്റെ പ്രവർത്തനം. പുഞ്ചയിലെ കർഷകരുടെ കൈകളിൽ നിന്നും 1000 കിലോ വാട്ടുകപ്പ TSSS നേരിട്ട് ഏറ്റെടുത്ത് ഈ പ്രതിസന്ധിഘട്ടത്തിൽ കപ്പ കർഷകർക്കൊപ്പം കരുതലായി നിൽക്കാൻ സാധിച്ചു. പുഞ്ചയിൽ നിന്ന് ശേഖരിച്ച കപ്പ കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ആവശ്യക്കാർക്ക് കുറഞ്ഞ നിരക്കിൽ വിതരണം ചെയ്തു.

## സ്റ്റാഫ് മീറ്റിംഗ്

കോവിഡ് കാലഘട്ടത്തിൽ TSSS സ്റ്റാഫുകൾക്ക് ഓഫീസിൽ നേരിട്ടെത്തി മീറ്റിംഗിൽ സംബന്ധിക്കാൻ സാധിക്കാത്തതിനാൽ ഓൺലൈൻ വഴി സ്റ്റാഫ് മീറ്റിംഗ് നടത്തി. കോവിഡ് കാലഘട്ടത്തിൽ നടത്തിവരുന്ന പ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ചും തുടർ നടപടികളെക്കുറിച്ചും മറ്റു

പ്രവർത്തനങ്ങളെക്കുറിച്ചും മീറ്റിംഗിൽ വിശദീകരിക്കുകയും വിശകലനം ചെയ്യുകയും ചെയ്തു.

## യൂണിറ്റ് വാർഷിക പൊതുയോഗങ്ങൾ

2021 ജൂലൈ - ഓഗസ്റ്റ് മാസങ്ങളിൽ TSSS-ന്റെ യൂണിറ്റ് വാർഷിക പൊതുയോഗങ്ങൾ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. കോവിഡ് കാലഘട്ട മായതിനാൽ ഓൺലൈൻ വഴിയായിരിക്കും പ്രസ്തുത പൊതുയോഗങ്ങൾ സംഘടിപ്പിക്കുക. അതാത് മേഖലാ ഡയറക്ടറച്ചന്മാരുമായി ചേർന്ന് ആലോചിച്ച് സൂം മീറ്റിംഗ് വഴി യൂണിറ്റുകളുടെ വാർഷിക പൊതുയോഗങ്ങൾ നടത്തേണ്ടതും ഓഡിറ്റ് റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

## കർഷക ക്ഷേമനിധി ബോർഡിൽ അപേക്ഷിക്കുന്നതിനുള്ള സഹായം

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കർഷക ക്ഷേമനിധി ബോർഡിലേക്ക് പേരുകൾ ഓൺലൈൻ വഴി രജിസ്റ്റർ ചെയ്യാൻ അറിയാത്തവർക്കും കൂടുതൽ ദൂരം യാത്ര ചെയ്യാൻ ബുദ്ധിമുട്ടുള്ളവർക്കും സാധിക്കാത്തവർക്കും TSSS മേഖലാ ഓഫീസിൽ അറിയിക്കാവുന്നതാണ്. അതാത് മേഖലാ ഡയറക്ടറച്ചന്മാരുമായി ആലോചിച്ച് ആവശ്യമായ നടപടികളും സൗകര്യങ്ങളും ഒരുക്കാവുന്നതാണ്.

## യൂണിറ്റ് തെരഞ്ഞെടുപ്പ് : ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

* TSSS യൂണിറ്റുകളുടെ ഭരണസമിതിയിൽ ആറ് വർഷം പൂർത്തിയാക്കിയ അംഗങ്ങളെ മാറ്റേണ്ടതും പുതിയ ഭരണസമിതി അംഗങ്ങളെ തെരഞ്ഞെടുക്കേണ്ടതുമാണ്.
* തുടർച്ചയായി ആറ് വർഷം ചുമതല വഹിച്ചവരെ ഉചിതമായ കാരണങ്ങളോടെ വീണ്ടും ഭരണസമിതിയിൽ അംഗങ്ങളാക്കണമെങ്കിൽ TSSS ഡയറക്ടറുടെ അനുവാദത്തോടെ മാത്രമേ തെരഞ്ഞെടുക്കാൻ പാടുള്ളൂ.
* TSSS നിയമാവലി അനുസരിച്ച് പ്രവർത്തിക്കാൻ സാധിക്കാത്തവരേയും, നിയമാവലി പ്രകാരം യോഗ്യതയില്ലാത്തവരേയും തെരഞ്ഞെടുക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക.
* മുൻകാലങ്ങളിൽ രാജി വച്ചവരോ, പുറത്താക്കപ്പെട്ടവരോ, സാമ്പത്തിക ക്രമക്കേടുകൾ വരുത്തിയവരോ ആയവർക്ക് TSSS-ന്റെ ഭരണസമിതി അംഗങ്ങളാവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.
* ജാതി-മത-കക്ഷി-രാഷ്ട്രീയ ചിന്താഗതികൾക്കതീതമായി നിഷ്പക്ഷമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവരെ ഭാരവാഹികളാക്കാൻ പ്രത്യേകം ശ്രദ്ധിക്കുക.

* ഭരണസമിതി അംഗങ്ങളെ തെരഞ്ഞെടുക്കുമ്പോൾ എല്ലാ വാർഡിന്റേയും പ്രാധിനിത്യം വരുന്ന രീതിയിൽ തെരഞ്ഞെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

* **എല്ലാ റീജിയണുകളിലും തെരഞ്ഞെടുപ്പുകൾ നടത്താനും തീരുമാനങ്ങൾ എടുക്കുവാനും റീജിയണൽ ഡയറക്ടറച്ചന്മാർക്ക് പൂർണ്ണമായ സ്വാതന്ത്ര്യവും അധികാരവും ഉണ്ടായിരിക്കുന്നതാണ്.**

* ട്രസ്റ്റ് നിയമാവലി അനുസരിച്ച് എല്ലാ ഭാരവാഹികളേയും നിയമിക്കാനുള്ള അധികാരം TSSS ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.

* തെരഞ്ഞെടുപ്പുകളിലൂടെ ഓരോ സ്ഥലങ്ങളിലും ഊർജ്ജസ്വലരും സേവനതൽപരരുമായ നല്ല നേതാക്കളെ തെരഞ്ഞെടുക്കാനും, ഏറ്റവും നല്ല രീതിയിൽ പ്രവർത്തനങ്ങൾ നടത്താനും എല്ലാവരുടേയും സഹകരണം അപേക്ഷിക്കുന്നു

സ്നേഹപൂർവ്വം,

**ഫാ. ബെന്നി നിരപ്പേൽ**
ഡയറക്ടർ

## ACCOMPAINYING DEAF AND AWAKINING MISSION (ADAM)

ജൂൺ 6, 13 തീയതികളിൽ മദർ ഹോം വചനാഗ്നി വിഷനിലൂടെ ആംഗ്യഭാഷയിൽ വിശുദ്ധ കുർബാന അർപ്പിച്ചു.

ജൂൺ 12, 19, 26 തീയതികളിൽ ഇന്ത്യൻ കാത്തലിക് ബധിര പ്രസ്ഥാനവുമായി ചേർന്ന് Zoom ആപ്പ് വഴിയായി ആംഗ്യഭാഷയിൽ വിശുദ്ധ ബലിയർപ്പിച്ചു. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ളവർ വിശുദ്ധ ബലിയിൽ പങ്കുചേർന്നു.

**ഭവനവെഞ്ചിരിപ്പ് :** ജൂൺ 17 ആദം മിനിസ്ട്രി അംഗമായ ആലക്കോട് സ്വദേശി സെബാസ്റ്റ്യന്റെ ഭവന വെഞ്ചിരിപ്പ് കർമ്മത്തിന് ആംഗ്യഭാഷയിൽ നേതൃത്വം നൽകി.

**കുട്ടികൾക്ക് ഓൺലൈൻ കൗൺസിലിംഗ് :** പത്താൻകോട്ട് (പഞ്ചാബ്) ബധിര സ്കൂളിലെ കുട്ടികൾക്ക് ഓൺലൈൻ കൗൺസിലിംഗ് നൽകി. 2018 ൽ നൽകിയ വർക്ക്ഷോപ്പിന്റെ തുടർച്ചയായി എല്ലാവർഷവും കുട്ടികൾക്ക് മാർഗനിർദ്ദേശങ്ങൾ നൽകി വരുന്നു.

### ജൂലൈ പ്രോഗ്രാം

### ദുക്റാന തിരുനാൾ

ജൂലൈ മൂന്നിന് വൈകുന്നേരം ആറുമണിക്ക് സൂം ആപ്പ് വഴി വിശുദ്ധ ബലിയും ക്ലാസും.

10, 17, 24, 31 തീയതികളിൽ വൈകിട്ട് ആറുമണിക്ക് സൂം ആപ്പ് വഴിയായി വിശുദ്ധ ബലി ഉണ്ടായിരിക്കുന്നതാണ്.

4, 11, 18, 25 തീയതികളിൽ മദർഹോം വചനാഗ്നി വിഷനിൽ വിശുദ്ധ ബലി ഉണ്ടായിരിക്കുന്നതാണ്.

**ബൈബിൾ ക്വിസ് :** തലശ്ശേരി ബൈബിൾ അപ്പൊസ്റ്റോലേറ്റിന്റെയും ആദം മിനിസ്ട്രിയുടെയും ആഭിമുഖ്യത്തിൽ ഓൺലൈൻ പ്ലാറ്റ്ഫോമിൽ ബൈബിൾ ക്വിസ് ജൂലൈ 18 ഞായറാഴ്ച ഗൂഗിൾ ഫോമിലൂടെ നടത്തുന്നതാണ്. രജിസ്ട്രേഷൻ ഓൺലൈൻ വഴി ആയിരിക്കും.

സ്നേഹപൂർവം,

**ഫാ. ജോർജ് കളരിമുറിയിൽ**
ഡയറക്ടർ

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോർജ് ഞറളക്കാട്ട്

### മെയ് 2021

26 രാവിലെ 11 മണിക്ക് പൊന്ന്യം പ്രതീക്ഷ ഡീ-അഡിക്ഷൻ സെന്ററിൽ നടന്ന ജോൺസൺ അന്ത്യാംകുളം അച്ചന്റെ യാത്രയപ്പ് യോഗത്തിൽ അധ്യക്ഷത വഹിച്ചു.
വൈകുന്നേരം 5 മണിക്ക് വീഡിയോ കോൺഫറൻസിലൂടെ നടന്ന നേഴ്സസ് ഗിൽഡിന്റെ മീറ്റിംഗിൽ അനുഗ്രഹ പ്രഭാഷണം നടത്തി.

27 പരിയാരം മദർഹോമിൽ നടന്ന സെബാസ്റ്റ്യൻ പുതുപ്പള്ളിലച്ചന്റെ യാത്രയപ്പ് സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു.

28 കെസിവൈഎം ചെമ്പന്തൊട്ടി ഫൊറോന കൺവെൻഷൻ ബഡ് 2021 ഉദ്ഘാടനം ചെയ്തു.

30 രാവിലെ 10 മണിക്ക് തലശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ മതബോധന പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്തു. വൈകുന്നേരം 3 മണിക്ക് നടന്നകോശി കമ്മീഷൻ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

31 രാവിലെ 9 മണിക്ക് ഉദയഗിരി പ്രത്യാശ യുപി സ്കൂളിന്റെ വെഞ്ചരിപ്പ് കർമ്മം നിർവഹിച്ചു. 10.30 ന് വീഡിയോ കോൺഫറൻസിലൂടെ നടന്ന വെള്ളരിക്കുണ്ട് സെന്റ് ജൂഡ് കോളേജ് പ്രിൻസിപ്പാളിന്റെ യാത്രയപ്പ് സമ്മേളനം ഉദ്ഘാടനം ചെയ്തു.
ഉച്ചക്കഴിഞ്ഞ് 3 മണിക്ക് ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാനതല ഉദ്ഘാടനം വീഡിയോ കോൺഫറൻസിലൂടെ നടത്തി.

### ജൂൺ 2021

01 വീഡിയോ കോൺഫറൻസിലൂടെ നടന്ന കെ.സി.ബി.സി സമ്മേളനത്തിൽ പങ്കെടുത്തു.

02 വീഡിയോ കോൺഫറൻസിലൂടെ നടന്ന കെസിബിസി സമ്മേളനത്തിൽ പങ്കെടുത്തു. വൈകുന്നേരം 8.30 ന് വീഡിയോ കോൺഫറൻസിലൂടെ നടന്ന മതബോധന കമ്മീഷന്റെ വെബിനാറിൽ ക്ലാസ്സെടുത്തു.

03 വീഡിയോ കോൺഫറൻസിലൂടെ നടന്ന കെസിബിസി സമ്മേളനത്തിൽ പങ്കെടുത്തു.

04 രാവിലെ 6.30 ന് തലശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽപരേതനായ ബഹു. ജോർജ് വണ്ടർകുന്നേലച്ചന്റെ അനുസ്മരണ ബലിയിൽ പങ്കെടുത്തു. തുടർന്ന് മഞ്ഞളാംപുറം ഇടവകയിൽ നിര്യാതനായ ബഹു. മാത്യു തെക്കേക്കുളം അച്ചന്റെ ഭവനത്തിലെത്തി മൃതസംസ്കാര ശുശ്രൂഷയുടെ ഒന്നാം ഭാഗ പ്രാർത്ഥനയിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് 3 മണിക്ക് ജയഗിരി ഇടവകയിൽ ബഹു. വണ്ടർകുന്നേലച്ചന്റെ മൃതസംസ്ക്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. വൈകുന്നേരം 6 മണിക്ക് മഞ്ഞളാംപുറം ഇടവകയിൽ ബഹു. മാത്യു തെക്കേക്കുളം അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയിലെ അവസാനഭാഗ പ്രാർത്ഥനകൾക്ക് നേതൃത്വം കൊടുത്തു

05 രാവിലെ അരമന ചാപ്പലിൽ ചെറുപുഷ്പ മിഷൻലീഗ് അതിരൂപതാതല ഉദ്ഘാടന കർമ്മം നിർവഹിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപത കേന്ദ്രത്തിൽ നടന്ന കൂരിയമീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

08 വൈകുന്നേരം 3 മണിക്ക് കരുവഞ്ചാൽ സെന്റ് ജോസഫ്സ് ഹോസ്പിറ്റലിൽ ആരംഭിച്ച കോവിഡ് ട്രീറ്റ്മെന്റ് സെന്ററിലെ ഇന്റെൻസീവ് കെയർ യൂണീറ്റിന്റെ പ്രവർത്തനം ഉദ്ഘാടനം ചെയ്തു.

09 വീഡിയോ കോൺഫറൻസിലൂടെ നടന്ന ദീപിക അപ്പെക്സ് ബോഡി മീറ്റിംഗിൽ പങ്കെടുത്തു. ഉച്ചയ്ക്ക് സന്ദേശഭവനിൽ നടന്ന സി. ടെർസിറ്റ എൻ.എസ്സിന്റെ യാത്രയപ്പ് സമ്മേളനത്തിൽ പങ്കെടുത്തു. വൈകുന്നേരം അതിരൂപതാകേന്ദ്രത്തിൽ നടന്ന മാസധ്യാനത്തിൽ പങ്കെടുത്തു. തുടർന്ന് നടന്ന ചർച്ചകൾക്ക് നേതൃത്വം കൊടുത്തു.

10 കരുവഞ്ചാൽ സെന്റ് ജോസഫ്സ് ഹോസ്പിറ്റൽ സന്ദർശിച്ചു. വൈകുന്നേരം 7 മണിക്ക് ശാന്തിഭവനിൽ നടന്ന ജോസഫ് ചാത്ത നാട്ടച്ചന്റെ യാത്രയപ്പ് സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. തുടർന്ന് രാത്രി 8.30 ന് ഓൺലൈനിലൂടെ നടന്ന മതാധ്യാപകരുടെ മീറ്റിംഗിൽ പങ്കെടുത്തു.

11 രാത്രി 8.30 ന് ഓൺലൈനിലൂടെ നടന്ന മതാധ്യാപകരുടെ മീറ്റിംഗിൽ പങ്കെടുത്തു.

12 രാവിലെ സൂം കോൺഫറൻസിലൂടെ നടന്ന മാതൃവേദി ജനറൽ ബോഡി യോഗം ഉദ്ഘാടനം ചെയ്തു. തുടർന്ന് 11.30 ന് വീഡിയോ കോൺഫറൻ സിലൂടെ നടന്ന ജർമ്മനിയിലും ഓസ്ട്രിയയിലും ശുശ്രൂഷ ചെയ്യുന്ന വൈദികരുടെ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. ഉച്ചകഴിഞ്ഞ് 2.30 ന് പേരാവൂർ എസ്.എച്ച് പ്രൊവിൻഷ്യൽ ഹൗസിൽ നടന്ന സി. ജോസഫൈന്റെ മൃതസംസ്കാരശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം

വഹിച്ചു. രാത്രി 8.30 ന് ഓൺലൈനിലൂടെ നടന്ന മതാധ്യാപകരുടെ മീറ്റിംഗിൽ പങ്കെടുത്തു.

13 ഉച്ചകഴിഞ്ഞ് 4 മണിക്ക് അതിരൂപത കേന്ദ്രത്തിൽ തലശ്ശേരി അതിരൂപത കമ്മില്ലസ് സഭയുമായി ചേർന്ന് നടത്തുന്ന കോവിഡ് സഹായവിതരണ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. 6.30 ന് വീഡിയോ കോൺഫറൻസിലൂടെ നടന്ന വിൻസെന്റ് ഡി പോൾ ഭാരവാഹികളുടെ മീറ്റിംഗിൽ അനുഗ്രഹ പ്രഭാഷണം നടത്തി. 7 മണിക്ക്കെ.സി.വൈ.എം പനത്തടി ഫൊറോന കൺവെൻഷൻ *ബഡ് 2021* ഉദ്ഘാടനം ചെയ്തു.

14 രാവിലെ 10 മണിക്ക് വീഡിയോ കോൺഫറൻസിലൂടെ സീറോ മലബാർ മതബോധന കമ്മീഷന്റെ ആഭിമുഖ്യത്തിൽ നടന്ന മതബോധന ഡയറക്ടർമാരുടെ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു.

15 വൈകുന്നേരം 9 മണിക്ക് വീഡിയോ കോൺഫറൻസിലൂടെ നടന്ന എയ്ഞ്ചൽ ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു.

18 ഉച്ചകഴിഞ്ഞ് 3 മണിക്ക് സൂം കോൺഫറൻസിലൂടെ നടന്ന ഫൊറോന വികാരിയച്ചന്മാരുടെ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു.

19 രാവിലെ 10 മണിക്ക് വീഡിയോ കോൺഫറൻസിലൂടെ നടന്ന ചെറുപുഷ്പ മിഷൻലീഗ് വൈസ് ഡയറക്ടേഴ്സിന്റെ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

21 ഉച്ചകഴിഞ്ഞ്ഏറ്റുപാറ ഇടവകയിൽ മടക്കക്കുഴി ജിമ്മിയുടെ ഭവനം സന്ദർശിച്ചു. തുടർന്ന് മാനന്തവാടി ദ്വാരക പാസ്റ്ററൽ സെന്ററിൽ നിര്യാതനായ ജെയിംസ് കുമ്പുക്കലച്ചനുവേണ്ടി ഒപ്പീസ്ചൊല്ലി പ്രാർത്ഥിച്ചു.

22 വൈകുന്നേരം 6.30-ന് തലശ്ശേരി മൈനർ സെമിനാരിയിൽ വി. ബലിയർപ്പിച്ച് പുതിയ അധ്യയനവർഷം ഉദ്ഘാടനം ചെയ്തു.

23 രാവിലെ 6.30-ന് പിതാവിന്റെ പിറന്നാൾ ദിനത്തിൽ അതിരൂപതാകേന്ദ്രത്തിലെ ചാപ്പലിൽ അച്ചന്മാരോടൊപ്പം വി.ബലിയർപ്പിച്ചു. തുടർന്ന് സന്ദർശകരെ സ്വീകരിച്ചു.

24 ഉച്ചകഴിഞ്ഞ് കുന്നോത്ത് ഗുഡ് ഷെപ്പേർഡ് സെമിനാരിയും കിളിയന്തറ ഇടവകയും എസ്.എ.ബി.എസ് പ്രൊവിൻഷ്യൽ ഹൗസും സന്ദർശിച്ചു.

25 രാവിലെ 10.30-ന് വീഡിയോ കോൺഫറൻസിലൂടെ നടന്ന സ്ഥിരം സിനഡിൽ പങ്കെടുത്തു.

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോസഫ് പാംപ്ലാനി

### മെയ് 2021

26 രാവിലെ 11 മണിക്ക് പ്രതീക്ഷയിൽ നടന്ന ബഹു. ജോൺസൺ അന്ത്യാംകുളം അച്ചന്റെ യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്തു.

28 ഉച്ചകഴിഞ്ഞ് 3 മണിക്ക് ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഗവേണിംഗ് ബോഡിയിൽ പങ്കെടുത്തു. വൈകുന്നേരം 8 മണിക്ക് Publlic Affairs Committe Online Meeting ൽ പങ്കെടുത്തു. 10 മണിക്ക് കോശി കമ്മീഷൻ Expert Committe Online Meeting ൽ പങ്കെടുത്തു.

30 ഉച്ചകഴിഞ്ഞ് 2 മണിക്ക് ഹൈക്കോർട്ട് വക്കീലന്മാർ സംഘടിപ്പിച്ച അഡ്വ. ജോസഫ് മേച്ചേരി അനുസ്മരണ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു. 3 മണിക്ക് കോശി കമ്മീഷൻ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

31 രാവിലെ 10 മണിക്ക് വെള്ളരിക്കുണ്ട് സെന്റ് ജൂഡ് കോളേജിന്റെ ഓൺലൈൻ സ്റ്റാഫ് മീറ്റിംഗിൽ പങ്കെടുത്തു.

### ജൂൺ 2021

1–3 KCBC മീറ്റിംഗിൽ ഓൺലൈനായി പങ്കെടുത്തു.

4 രാവിലെ 11 മണിക്ക് ചെറുപുഴ ദൈവാലയത്തിൽ വച്ച് നടന്ന ബഹു. ജോർജ് വണ്ടർകുന്നേൽ അച്ചന്റെ മൃതസംസ്ക്കാര ശുശ്രൂഷയുടെ ഒന്നാം ഭാഗം നടത്തി സന്ദേശം നൽകി. വൈകുന്നേരം 5 മണിക്ക് മഞ്ഞളാംപുറം ഇടവകയിൽ ബഹു. മാത്യു തെക്കേക്കുളം അച്ചന്റെ മൃതസംസ്ക്കാര ശുശ്രൂഷയിൽ പങ്കെടുത്തു സന്ദേശം നൽകി.

5 രാവിലെ 7.30 ന് പരിസ്ഥിതി ദിനത്തോടനുബന്ധിച്ചു നടന്ന Holloway Road Cleaning ഉദ്ഘാടനം ചെയ്തു. 10 മണിക്ക് മിഷൻ ലീഗിന്റെ ഓൺലൈൻ ഉദ്ഘാടനത്തിൽ പങ്കെടുത്തു സന്ദേശം നൽകി.

6 രാവിലെ 11 മണിക്ക് ശാന്തിനഗർ കോവിഡ് കിറ്റ് വിതരണം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.

7 ഉച്ചകഴിഞ്ഞ് 3 മണിക്ക് കോശി കമ്മീഷൻ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

8 ഉച്ചകഴിഞ്ഞ് കരുവഞ്ചാൽ ഹോസ്പിറ്റലിൽ പുതുതായി കൊണ്ടുവന്ന വെന്റിലേറ്റർ വെഞ്ചിരിച്ച് കോവിഡ് ചികിത്സയ്ക്കായി നൽകി. വൈകുന്നേരം 7 മണിക്ക് ഈശോ സഭാ വൈദികർ സംഘടിപ്പിച്ച ഓൺലൈൻ ഉദ്ഘാടനം ചെയ്തു.

9. രാവിലെ 10 മണിക്ക് Media Commission Online Meeting ൽ പങ്കെടുത്തു. 12 മണിക്ക് സന്ദേശഭവൻ മതബോധന ഡിപ്പാർട്ട്മെന്റിൽ നിന്ന് സ്ഥലം മാറിപോകുന്ന Sr. Theresitta യുടെ യാത്രയയപ്പ് മീറ്റിംഗിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് 3 മണിക്ക് ആൽഫാ ഗവേണിംഗ് ബോഡിയിൽ പങ്കെടുത്തു. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽ നടന്ന മാസധ്യാനത്തിൽ പങ്കെടുത്തു.

10. രാവിലെ 6.15 ന് തലശ്ശേരി നസ്രത്ത് കോൺവെന്റിൽ വി. ബലിയർപ്പിച്ചു. വൈകുന്നേരം കരുവഞ്ചാൽ വൈദിക മന്ദിരത്തിൽ നിന്ന് സ്ഥലം മാറിപ്പോകുന്ന ബഹു. ജോസഫ് ചാത്തനാട്ട് അച്ചന്റെ യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്തു. രാത്രി 8 മണിക്ക് കോശി കമ്മീഷൻ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു. രാത്രി 8.45 ന് മതാധ്യാപകരുടെ ഓൺലൈൻ സമ്മേളനത്തിൽ സന്ദേശം നൽകി.

11. രാത്രി 8.45 ന് മതാധ്യാപകരുടെ ഓൺലൈൻ സമ്മേളനത്തിൽ സന്ദേശം നൽകി.

12. രാവിലെ 9 മണിക്ക് വിമൽജ്യോതി എൻജിനിയറിംഗ് കോളേജിന്റെ നേതൃത്വത്തിൽ നടന്ന മാനേജർമാരുടെ ഓൺലൈൻ സമ്മേളനത്തിൽ പങ്കെടുത്തു. 11 മണിക്ക് മാതൃവേദി ഓൺലൈൻ ജനറൽ ബോഡിയിൽ പങ്കെടുത്തു. 11.30 ന് ജർമ്മനിയിൽ ജോലി ചെയ്യുന്ന വൈദികരുടെ ഓൺലൈൻ സമ്മേളനത്തിൽ പങ്കെടുത്തു. രാത്രി 8.45 ന് മതാധ്യാപകരുടെ ഓൺലൈൻ സമ്മേളനത്തിൽ സന്ദേശം നൽകി.

13. വൈകുന്നേരം 4 മണിക്ക് അതിരൂപതാ കേന്ദ്രത്തിൽ നടന്ന കോവിഡ് റിലീഫ് പ്രോഗ്രാമിൽ പങ്കെടുത്തു. 6.30 ന് യുവജനങ്ങൾ സംഘടിപ്പിച്ച് ക്ലബ് ഹൗസ് ഓൺലൈൻ ചർച്ചയിൽ പങ്കെടുത്തു.

14. രാവിലെ 9.30ന് പ്രതീക്ഷയിൽ മദ്യവിരുദ്ധ സമിതിയുടെ നേതൃത്വത്തിൽ നടന്ന രക്തദാന പ്രോഗ്രാം രക്തം ദാനം ചെയ്തുകൊണ്ട് ഉദ്ഘാടനം ചെയ്തു. 9 മണിക്ക് കോശി കമ്മീഷൻ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു. രാത്രി 8.45 ന് മതാധ്യാപകരുടെ ഓൺലൈൻ സമ്മേളനത്തിൽ ക്ലാസ്സെടുത്തു.

15. രാവിലെ 11 മണിക്ക് കോശി കമ്മീഷൻ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് 3 മണിക്ക് KCBC Christian Muslim Dialogue Online Meeting ൽ പങ്കെടുത്തു. രാത്രി 9.30 ന് Angels Trust Meeting ൽ പങ്കെടുത്തു.

16. വൈകുന്നേരം 7 മണിക്ക് Doctrinal Commission Online Meetingൽ പങ്കെടുത്തു.

17. രാവിലെ 10 മണിക്ക് സത്ന സെമിനാരിയിൽ പഠിക്കുന്ന ഡീക്കന്മാരെ കണ്ടു. വൈകുന്നേരം 8 മണിക്ക് കരിസ്മാറ്റിക് അംഗങ്ങൾക്ക് ഓൺ ലൈൻ ക്ലാസ്സെടുത്തു.

18. രാവിലെ 8.30 മുതൽ ഗുഡ് ഷെപ്പേർഡ് മേജർ സെമിനാരി വിദ്യാർത്ഥി കൾക്ക് ഓൺലൈൻ ക്ലാസ്സെടുത്തു. വൈകുന്നേരം 3 മണിക്ക് ഫൊറോന വികാരിമാരുടെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

20. വൈകുന്നേരം 3 മണിക്ക് കോശി കമ്മീഷൻ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

21. വൈകുന്നേരം 8.30 ന് ഓൺലൈൻ AKCC Meetingൽ പങ്കെടുത്തു.

22. വൈകുന്നേരം 4.30 ന് വിമൽജ്യോതി എൻജിനിയറിംഗ് കോളേജിൽ നടന്ന മീറ്റിംഗിൽ പങ്കെടുത്തു.

23. രാവിലെ 6.15 ന് അതിരൂപതാ കേന്ദ്രത്തിൽ അഭിവന്ദ്യ ജോർജ് ഞറളക്കാട്ട് പിതാവിന്റെ ജന്മദിനത്തടനുബന്ധിച്ചു നടന്ന സമൂഹ ബലിയിൽ പങ്കെടുത്തു. വൈകുന്നേരം 3 മണിക്ക് ഇൻഫാം ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽ നടന്ന അഭിവന്ദ്യ ജോർജ് ഞറളക്കാട്ട് പിതാവിന്റെ പിറന്നാൾ ആഘോഷത്തിൽ പങ്കെടത്തു.

24. രാവിലെ 11 മണിക്ക് ഇന്ദിരാഗാന്ധി ഹോസ്പ്പിറ്റലിൽ കഴിയുന്ന ബഹു. ജോജി ചക്കനാനിക്കലച്ചനെ സന്ദർശിച്ചു. വൈകുന്നേരം ബഹു. ജോൺസൺ കോവൂർപുത്തൻപുരയച്ചന്റെ നാമഹേതുക തിരുന്നാൾ ആഘോഷത്തിൽ പങ്കെടുത്തു. 8.30 കുടുംബകൂട്ടായ്മയുടെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

25. രാവിലെ 6.45 തലശ്ശേരി മൈനർ സെമിനാരിയിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

◈◈◈◈◈